# ഇസ്‌ലാമിക പ്രബോധനം

## തത്വങ്ങൾ, നൈതികത, രീതിശാസ്ത്രം



ഹിശാമുത്വാലിബ്

# ഇസ്‌ലാമിക പ്രബോധനം:
## തത്വങ്ങൾ, നൈതികത, രീതിശാസ്ത്രം

ഹിശാമുത്വാലിബ്

വിവ: റഷീദ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്റ്റീവ് സ്റ്റഡീസ്
ന്യൂഡൽഹി

IIIT, P.O. Box 669, Herndon, VA 20172, USA • www.iiit.org
P.O. Box 126, Richmond, Surrey TW9 2UD, UK • www.iiituk.com

This book is in copyright. Subject to statutory exception and to the provisions of relevant collective licensing agreements, no reproduction of any part may take place without the written permission of the publishers.

The views and opinions expressed in this book are those of the author and not necessarily those of the publisher. The publisher is not responsible for the accuracy of URLs for external or third-party internet websites, if cited, and does not guarantee that any content on such websites is, or will remain, accurate or appropriate.

**Islamika Prabhodhanam**
**Thathwangal, Naithikatha, Reethishashthram**
(Malayalam)
**Dr. Hisham Yahya Altalib**

Translation of
Inviting to Islam: Ethics of Engagement-An Islamic Perspective read with its
Arabic updated version: Meezaqusharafida'viyyi

Original title in English was published in 2014 by IIIT and
Arabic version published in 2019 by the author
Copyright: Hisham Altaleb 2019

First published in Malayalam, 2020
Published in India by: Institute of Objective Studies
162, Jogabai Main Road
Jamia Nagar, New Delhi 110025
email: ios.newdelhi@gmail.com | www.iosworld.org

Printed at Printout Villa, Mukkam
Price:  Rs 90.00

# ഉള്ളടക്കം


**ആമുഖം** **5-11**

**ദൗത്യത്തിന്റെ പൊരുൾ** **12-13**

**പ്രബോധനത്തിന്റെ അടിസ്ഥാന തത്വങ്ങൾ** **14-28**

1. തൗഹീദ്: പ്രഥമവും പ്രധാനവും
2. സാർവത്രിക ഇസ്‌ലാം
3. ഇസ്‌ലാം സമഗ്രമാണ്
4. അടിസ്ഥാന പ്രമാണങ്ങളിലേക്ക് മടങ്ങുക
5. വിശ്വാസത്തെയും യാഥാർഥ്യത്തെയും ഉൾക്കൊള്ളുക

**പ്രബോധനത്തിന്റെ നൈതികത** **29-44**

1. പ്രബോധനം ഇസ്‌ലാമിക സേവനമാണ്
2. സ്വയം മാതൃകയാവുക
3. മിതത്വം, സന്തുലിതം, സഹനം
4. നല്ല സമീപനം
5. വിനയവും താഴ്മയും

**പ്രബോധനത്തിന്റെ രീതികൾ** **45-70**

1. ചിന്തയിലെ ഐക്യബോധവും സ്ഫുടതയും
2. രീതിശാസ്ത്രത്തിലെ ഏകസ്വഭാവവും വ്യക്തതയും
3. സർവരെയും ഉൾക്കൊള്ളുന്ന പ്രബോധനം
4. ലക്ഷ്യ നിർണയവും മുൻഗണനാക്രമവും
5. സഹകരണം
6. സുതാര്യത, ആത്മവിശകലനം
7. സുസ്ഥാപിതമായ പ്രവർത്തനം

**ഉപസംഹാരം** **71-72**

ഒന്ന്

# ആമുഖം

**ഇ**ന്നു ലോകത്തെ 200 കോടിയോളം ജനങ്ങൾ തങ്ങളുടെ ജീവിതരീതിയായി തിരഞ്ഞെടുത്ത മതമാണ് ഇസ്‌ലാം. കഴിഞ്ഞ 14 നൂറ്റാണ്ടുകളിലായി ഇസ്‌ലാമിക വിശ്വാസങ്ങളും ആചാരങ്ങളും ലോകത്തിന്റെ എല്ലാ ഇടങ്ങളിലും പ്രചരിച്ചിട്ടുണ്ട്. അതിന്റെ വക്താക്കൾ ഇന്നും സജീവമായി അത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇസ്‌ലാം സാർവലൗകികമായ ആശയമാണ്. നമ്മൾ മുസ്‌ലിംകൾ, ജനങ്ങളെ സത്യമതത്തിലേക്കു ക്ഷണിക്കണമെന്നും ഖുർആനും നബിചര്യയും വ്യക്തമാക്കിത്തന്ന നൈതിക വഴികളിലൂടെ ഇസ്‌ലാമിക പ്രചാരണം നടക്കണമെന്നും വിശ്വസിക്കുന്നവരുമാണ്. ദൈവിക സന്ദേശപ്രചാരണം എല്ലാ മുസ്‌ലിംകളുടെയും ഉത്തരവാദിത്വമാണ്. ചരിത്രത്തിലുടനീളം, എന്നല്ല ഇക്കാലത്തും ഇസ്‌ലാമിക സന്ദേശങ്ങളും ആദർശങ്ങളും അനുഷ്ഠാനങ്ങളും പ്രചരിപ്പിക്കാൻ മുസ്‌ലിംകൾ കഠിനാധ്വാനം ചെയ്തുവരുന്നു.

ദഅ്‌വ എന്ന അറബിപദത്തിനു 'വല്ലതിലേക്കും' ക്ഷണിക്കുക എന്നാണർഥം. ഇസ്‌ലാമിക ജ്ഞാനം പ്രചരിപ്പിക്കുകയും അതിന്റെ പവിത്ര വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും സ്വീകരിക്കാനും അനുവർത്തിക്കാനും ജനങ്ങളെ ആഹ്വാനം ചെയ്യുക എന്നതാണ് മതപരമായ അർഥതലം. ദഅ്‌വഃ പ്രവർത്തനങ്ങൾ മുസ്‌ലിംകളെയും മുസ്‌ലിമേതരരെയും ലക്ഷ്യം വെക്കുന്നുണ്ട്. മുസ്‌ലിംകളിലെ ദഅ്‌വഃ കൊണ്ട് ഉദ്ദേശിക്കുന്നത് അവരുടെ ഇസ്‌ലാമിക ഗ്രാഹ്യങ്ങളും വിശ്വാസങ്ങളും ശരിയും ശക്തവുമാക്കുക

എന്നതാണ്. യഥാർഥ ഇസ്‌ലാമിക ജ്ഞാനം പ്രചരിപ്പിക്കുകയും സ്വാഭീഷ്ടപ്രകാരം ഇസ്‌ലാം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവർക്കെല്ലാം അതിന്റെ സന്ദേശം എത്തിക്കുകയും ചെയ്യുക എന്നതാണ് മുസ്‌ലിമേതരർക്കിടയിലെ ദഅ്‌വ കൊണ്ട് ഉദ്ദേശിക്കുന്നത്.

'ദാഇൗ' എന്നാൽ ഇസ്‌ലാമിക പ്രബോധനത്തിലേർപ്പെട്ടിരിക്കുന്നയാൾ എന്നാണർഥം. ഇസ്‌ലാം വിശ്വസിക്കുകയും അനുഷ്ഠിക്കുകയും തൗഹീദിന്റെ (ഏകദൈവ വിശ്വാസത്തിന്റെ) സന്ദേശങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ പ്രകടിപ്പിക്കുകയും ചെയ്യുന്ന എല്ലാ മുസ്‌ലിംകളും പ്രബോധകരാണ്. അതിനു പുറമേ ദഅ്‌വാ പ്രവർത്തനങ്ങൾക്കായി സ്വയം സമർപ്പിച്ച വ്യക്തികളും സംഘങ്ങളും മുസ്‌ലിംകൾക്കിടയിലുണ്ട്. അവരെയാണ് മുഖ്യമായും ഈ പുസ്തകം അഭിസംബോധന ചെയ്യുന്നത്.

ഇസ്‌ലാമിന്റെ അടിസ്ഥാനപ്രമാണമായ ഖുർആനും സുന്നത്തും വ്യക്തമാക്കിയ മതത്തിന്റെ തത്വങ്ങളും ആശയങ്ങളും പ്രചരിപ്പിക്കുന്നത് ദൗത്യമായി ഏറ്റെടുത്ത് ബുദ്ധിപരമായി എങ്ങനെ നിർവഹിക്കാം എന്നതിനുള്ള ചില മാർഗരേഖകളും തത്വങ്ങളുമാണ് പുസ്തകത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒരു സാമൂഹിക പ്രവർത്തകൻ എന്ന നിലയിൽ എന്റെ നിരീക്ഷണത്തിൽ നിന്നും, കഴിഞ്ഞ അരനൂറ്റാണ്ടുകാലത്തെ പ്രവർത്തനാനുഭവങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ആശയങ്ങളാണവ. നിരവധി സംഘടനകളുമായും ജനവിഭാഗങ്ങളുമായും ബുദ്ധിജീവികളുമായും നിരന്തരം പുലർത്തിപ്പോന്ന വ്യവഹാരങ്ങളിലൂടെയാണ് പ്രസ്തുത ആശയങ്ങൾ രൂപപ്പെടുന്നത്.

പ്രബോധനരംഗം മികച്ചതാക്കാൻ എന്താണ് വഴി എന്ന ആലോചനയിൽ കണ്ണും കാതും ഇക്കാലമത്രയും തുറന്നിരിക്കുകയായിരുന്നു ഞാൻ. പ്രധാന സ്വഭാവഗുണങ്ങളിൽ (ധാർമിക-സാമൂഹിക-രാഷ്ട്രീയ-പെരുമാറ്റസംബന്ധിയായവ) എന്തൊക്കെ മാറ്റങ്ങളാവാം എന്നതിലായിരുന്നു പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. നമ്മെയെല്ലാം ആഴത്തിൽ ചൂഴ്ന്നുനിൽക്കുന്ന വിഷയങ്ങളാണല്ലോ അവ. അവയിൽ സമൂല മാറ്റങ്ങൾ വരുത്തുക വഴി ലക്ഷ്യത്തിലേക്കു ചെന്നെത്താൻ എളുപ്പമായിരിക്കും.

ഇസ്‌ലാമിക പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഹൃദയവിശാലതയോടെ ഈ തത്വങ്ങൾ ഉൾക്കൊള്ളുകയും നിശ്ചയദാർഢ്യത്തോടെ അവ പ്രായോഗികതലത്തിൽ കൊണ്ടുവരുകയും ചെയ്താൽ പ്രബോധനശ്രമങ്ങൾ വിജയത്തിലെത്തുമെന്നു മാത്രമല്ല, ഇസ്‌ലാമിന്റെ യഥാർഥ മൂല്യങ്ങളുടെയും ആശയങ്ങളുടെയും വേഗത്തിലുള്ള വ്യാപനത്തിനു അത് വഴിയൊരുക്കുകയും ചെയ്യും. കാരണം, നീതിയും നന്മയും അനുകമ്പയും സമാധാനവും ദയയും പ്രഘോഷിക്കുന്ന ഖുർആനും സുന്നത്തും ഊന്നിപ്പറഞ്ഞ ഇസ്‌ലാമിന്റെ യഥാർഥ ആശയങ്ങളാണ് ഈ തത്വങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ളത്.

## മൂന്നു വിഭാഗങ്ങൾ

പുസ്തകത്തിലെ വിഷയങ്ങൾ പ്രധാനമായും മൂന്നു വിഭാഗങ്ങളിലായി വർഗീകരിച്ചിരിക്കുന്നു.

പ്രബോധനത്തിന്റെ അടിസ്ഥാന തത്വങ്ങൾ

പ്രബോധനത്തിന്റെ നൈതികത

പ്രബോധനത്തിന്റെ രീതിശാസ്ത്രം

ഏതെങ്കിലും പ്രത്യേക പാർട്ടിയുടെയോ സംഘടനയുടെയോ പ്രബോധന സ്ഥാപനങ്ങളുടെയോ നിയമവ്യാഖ്യാനങ്ങളുടെയോ പരിപാടികൾ ഒളിച്ചുകടത്താനുള്ള ശ്രമങ്ങളോ അവയോടുള്ള പ്രത്യേക താൽപര്യപ്രകടനമോ നമ്മുടെ അജണ്ടയല്ല. പകരം കടപ്പാട് ഖുർആനോടും സുന്നത്തിനോടും മാത്രം.

ദഅ്‌വാ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെല്ലാം അറിഞ്ഞിരിക്കേണ്ടതും സ്വായത്തമാക്കേണ്ടതും പ്രയോഗവൽക്കരിക്കേണ്ടതുമായ അനിവാര്യ തത്വങ്ങളുടെ വിശദീകരണമാണ് പുസ്തകത്തിലുള്ളത്. ഔദ്യോഗികവും ജനകീയവുമായ പ്രബോധന ദൗത്യസംഘങ്ങളെല്ലാം സൗഹൃദത്തിലാവുക വഴി പ്രബോധകർക്കിടയിൽ സ്നേഹവും പരസ്പരധാരണയും സാധ്യമാക്കുകയാണ് പുസ്തകത്തിന്റെ ഒരു ലക്ഷ്യം. ക്രമേണ അവർക്കിടയിൽ ഗാഢമായ സ്നേഹബന്ധവും സഹകരണവും സഹിഷ്ണുതയും ഉണ്ടായിത്തീരുകയും ആരോഗ്യകരമായ വിമർശനങ്ങൾ പൊതുശൈലിയായി മാറുകയും അതുവഴി ഏകീകൃത സ്വഭാവമുള്ള, കാര്യക്ഷമമായ പ്രബോധന രീതിശാസ്ത്രം രൂപപ്പെടുകയും ചെയ്യും.

ആത്യന്തികമായി അമിതാവേശത്തിനും തീവ്രതയ്ക്കും പകരം മിത സമീപനത്തിലേക്കാണ് ഈ മാർഗരേഖകൾ നയിക്കുക. ഉപകാരപ്രദവും നിർമാണാത്മകവുമായ, സംഘടനകളുടെയും സമൂഹത്തിന്റെയും മാനവികതയുടെയും ഔന്നത്യത്തിനുതകുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പ്രബോധകർക്കു പുസ്തകത്തിലെ ആശയങ്ങൾ പ്രേരണയാകും.

പ്രബോധന പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ബൗദ്ധികവും ധാർമികവും വൈജ്ഞാനികവും പ്രായോഗികവുമായ വ്യവസ്ഥാപിത നിയമപിന്തുണ പുസ്തകം ഉറപ്പുവരുത്തുന്നതോടൊപ്പം കൃത്യത, ലക്ഷ്യബോധം, സത്യസന്ധത, വ്യക്തത, വിനയം എന്നിവയ്ക്കു പ്രത്യേക ഊന്നൽ നൽകുകയും ചെയ്യുന്നു. ആത്മാർഥതയുള്ള സാമൂഹിക സേവകർ ഈ ആശയങ്ങളുടെ പ്രയോക്താക്കളാവുമെന്നും വരുംതലമുറയിലെ പിൻഗാമികളെ പ്രചോദിപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു.

പുസ്തകത്തിൽ പരാമർശിക്കുന്ന തത്വങ്ങളത്രയും താഴെ പറയുന്ന ആശയങ്ങളെ ആസ്പദിച്ചുള്ളവയാണ്:

- ഭൗതിക-പാരത്രിക ജീവിതത്തിലെ സന്തോഷത്തിന്റെയും പ്രചോദനത്തിന്റെയും മൂലസ്രോതസ്സ് ഇസ്‌ലാമാണ്.

- ആഗോള മുസ്‌ലിം സമുദായം (ഉമ്മഃ) എന്ന സാകല്യത്തിന്റെ ഭാഗമാണ് നാം.
- പ്രബോധനം പവിത്ര ദൗത്യമാണ്. അല്ലാഹുവിന്റെ പ്രവാചകന്മാർ നിർവഹിച്ച മഹത്തായ ദൗത്യവും അതായിരുന്നു.
- ദഅ്‌വയുടെ അടിസ്ഥാനങ്ങളും നൈതികതയും രീതിയും വേണ്ടവിധം മനസ്സിലാക്കുന്നുവെങ്കിൽ വരുംതലമുറയിലെ പ്രബോധകർക്ക് അബദ്ധം പിണയാനുള്ള സാധ്യതകൾ കുറവാണ്. കരുത്തുറ്റ, മികച്ച തീരുമാനങ്ങൾ എടുക്കാൻ അവർ പ്രാപ്തരായിത്തീരും.

ഇസ്‌ലാമിക ലോകത്ത് ഉത്ഥാനത്തിന്റെ അടയാളങ്ങൾ എങ്ങും കാണാവുന്നതാണ്. സൗകര്യത്തിന് ഇസ്‌ലാമിക ജാഗരണം എന്ന് അതിനെ വിളിക്കാം. തങ്ങളുടെ മൂല്യമെന്തെന്നു തിരിച്ചറിഞ്ഞ് ഐക്യത്തോടെ, വിശ്വാസത്തിൽ ആത്മാഭിമാനം കണ്ടെത്തി, പിന്നാക്കാവസ്ഥയ്ക്ക് അറുതിവരുത്തണമെന്ന നിശ്ചയത്തോടെ സമുദായം ഉണർന്നു പ്രവർത്തിക്കാൻ തുടങ്ങിയെന്നതു സന്തോഷകരമാണ്. ഈ പുസ്തകം മുന്നോട്ടുവെക്കുന്ന പല ആശയങ്ങളും ദശാബ്ദങ്ങളായി മുസ്‌ലിംകൾ അനുഭവിച്ചുവരുന്ന അനീതിയും അടിച്ചമർത്തലും മറികടക്കാൻ സമുദായം ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്.

ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ മനുഷ്യർ കൈവരിച്ച അഭൂതപൂർവമായ വളർച്ച പൊതുജനജീവിതവുമായി ഗാഢമായി ബന്ധപ്പെട്ടിരിക്കുന്ന ഇക്കാലത്ത് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഈ വികസനമത്രയും ഇസ്‌ലാമിക ദഅ്‌വഃക്കായി പ്രയോജനപ്പെടുത്തേണ്ടതാണ്; ഒപ്പം ആഗോള മുസ്‌ലിം മേൽവിലാസം ഉണ്ടാക്കിയെടുക്കാനും.

ദഅ്‌വാരംഗത്തുള്ള എല്ലാ വ്യക്തികളും ഗ്രൂപ്പുകളും ഈ രംഗത്തു സജീവമാകുന്നത് നിലവിലെ സാഹചര്യങ്ങളിൽ പ്രബോധനം ഏറെ അനിവാര്യമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ്.

## അറബികൾക്ക് തിരിച്ചടി

പ്രബോധനത്തിന്റെ ആവശ്യകതയും സാധ്യതയും എനിക്കു ബോധ്യപ്പെട്ടത് ലോകത്തു നടന്ന മറ്റു ചില സംഭവങ്ങൾ കൂടി നിരീക്ഷിച്ചപ്പോഴാണ്. 1967ൽ ഇസ്രയേലി സൈന്യം അറബ് സൈന്യത്തെ കീഴ്പ്പെടുത്തിയതാണ് ഒന്നാമത്തേത്. ബൗദ്ധികം, രാഷ്ട്രീയം, മനഃശാസ്ത്രം, സാമൂഹികം എന്നീ രംഗങ്ങളിലെ നമ്മുടെ പിന്നാക്കാവസ്ഥ കൂടി ബോധ്യപ്പെടുത്തുന്നതായിരുന്നു പ്രസ്തുത പരാജയം. സെക്യുലറിസവും സോഷ്യലിസവും ദേശീയതയുമൊന്നും തങ്ങളുടെ പ്രവർത്തനങ്ങൾക്കു പരിഹാരം നൽകില്ലെന്നു മാത്രമല്ല, ഇവ മുന്നോട്ടുവെക്കുന്ന ആശയങ്ങൾ നാളിതുവരെയായി ആചരിച്ചുപോന്ന വിശ്വാസ-ധാർമിക കാഴ്ചപ്പാടുകളോട് ഒത്തുപോകുന്നതല്ല എന്നുകൂടി ജനങ്ങൾ തിരിച്ചറിഞ്ഞു. ധാരാളം പേർ ഇസ്‌ലാമിൽ

മാത്രമാണ് തങ്ങൾക്കു രക്ഷയെന്ന ബോധ്യത്തിൽ നിലകൊണ്ടു. ഇസ്‌ലാമിന്റെ മഹത്തായ ആശയങ്ങൾ ആഴത്തിൽ പഠിക്കപ്പെടാനുള്ള അവസരമാണ് ഇതുവഴി തുറക്കപ്പെട്ടത്.

1991ലെ സോവിയറ്റ് യൂനിയൻ തകർച്ചയും തൊട്ടുമുമ്പ് അഫ്ഗാനിൽ അതിനേറ്റ പരാജയവുമാണ് പ്രബോധന പ്രവർത്തനങ്ങൾക്ക് എനിക്ക് ഊർജം പകർന്ന മറ്റൊരു സംഭവം. ദശലക്ഷക്കണക്കിനു മുസ്‌ലിം-ക്രൈസ്തവ-ജൂതമതക്കാരെ അടിച്ചമർത്തിയിരുന്ന കമ്മ്യൂണിസത്തിന്റെ തകർച്ചയും സോവിയറ്റ് യൂനിയന്റെ പതനവും ഇസ്‌ലാമിക ജാഗരണത്തിന് ഏറെ ഊർജം പകർന്നിട്ടുണ്ട്. തുടർന്നു മുൻ സോവിയറ്റ് യൂനിയൻ മേഖലകളിലും കമ്മ്യൂണിസം സ്വാധീനിച്ച മുസ്‌ലിം രാജ്യങ്ങളിലും പ്രബോധനത്തിനുള്ള വലിയ അവസരങ്ങൾ തുറന്നു.

2001 സപ്തംബർ 11ലെ തീർത്തും അചിന്ത്യമായ ദുരന്തം പുനരാലോചനകൾക്കും മൂല്യനിർണയത്തിനും സമൂഹത്തെ നിർബന്ധിച്ചു. സപ്തംബർ 11 നെ തുടർന്ന് അഫ്ഗാനിലും പിന്നീട് ഇറാഖിലും നടന്ന കടന്നുകയറ്റവും ആഗോളതലത്തിൽ രൂപപ്പെട്ട 'ഭീകരവിരുദ്ധ യുദ്ധ'വും മുസ്‌ലിംകളും അവരുടെ വിശ്വാസവും നൈതികതയുമെല്ലാം സൂക്ഷ്മമായി വിലയിരുത്തപ്പെടുകയും ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ടാക്കി.

## ഇസ്‌ലാം പേടി

പടിഞ്ഞാറ് മാത്രമല്ല അതിന്റെ ഈറ്റില്ലങ്ങളിൽ പോലും ഇസ്‌ലാം പ്രതിരോധത്തിലായി. ഇസ്‌ലാമോഫോബിയ വ്യാപിക്കുകയും ഇസ്‌ലാമിനും ഖുർആനിനും പ്രവാചകനുമെതിരെ ധാരാളം പേർ സംസാരിക്കാൻ തുടങ്ങുകയും ചെയ്തു. ഇസ്‌ലാമിനെക്കുറിച്ചു പൊതുവിൽ രൂപപ്പെട്ടുവന്ന തെറ്റിദ്ധാരണകൾ മുസ്‌ലിംകളെ കുറച്ചൊന്നുമല്ല പ്രയാസത്തിലാക്കിയത്. അതേസമയം, യഥാർഥ ഇസ്‌ലാമിനെ പൊതുസമൂഹത്തിനു പരിചയപ്പെടുത്താനുള്ള വലിയ അവസരം മേൽസംഭവം തുറന്നുവെക്കുകയും ചെയ്തു.

തുനീസ്യയിൽ 2010 ഡിസംബറിൽ ഒരു സാധാരണക്കാരൻ തുടങ്ങിവെച്ച, മുസ്‌ലിം രാജ്യങ്ങളിൽ ഒരു വിപ്ലവമായി രൂപാന്തരപ്പെട്ട 'അറബ് വസന്ത' മാണ് എടുത്തുപറയേണ്ട മറ്റൊരു കാര്യം. പ്രബോധകർക്കു മുമ്പിൽ അറബ് വസന്തം പുതിയ അവസരം തുറന്നിട്ടു. വിചാരണ ചെയ്യപ്പെടുകയും തടവിലാക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്ന പതിവുരീതിയിൽ നിന്നു മാറി പ്രബോധകർക്കു കൂടുതൽ സ്വാതന്ത്ര്യം ലഭിച്ചു. മതജീവിതം നയിക്കാത്തവർ, ലിബറൽ ചിന്താഗതിക്കാർ, ദേശീയവാദികൾ, ഇസ്‌ലാമിസ്റ്റുകൾ, സോഷ്യലിസ്റ്റുകൾ തുടങ്ങിയവരുമായെല്ലാം സഹകരിച്ച് സാമൂഹിക ഉത്ഥാനത്തിനും സാമ്പത്തിക-രാഷ്ട്രീയ പരിവർ

ത്തനത്തിനുമായി യത്നിക്കാൻ പ്രബോധകർക്ക് അവസരം ലഭിച്ചു. 'അറ ബ് വസന്തം' വിജയിച്ചോ പരാജയപ്പെട്ടോ എന്നു തീരുമാനിക്കുന്നതിലു പരി സമുദായ നവോത്ഥാനത്തിനുള്ള ശക്തമായ വിളിയായിരുന്നു അത്.

സമുദായത്തിനകത്തെ നവജാഗരണത്തിന്റെ കിരണങ്ങൾ ലോകമെ ങ്ങും ദൃശ്യമായി. സാംസ്കാരിക കേന്ദ്രങ്ങൾ, പള്ളികൾ, മുഴുസമയ ഇസ് ലാമിക കലാലയങ്ങൾ, നിരവധി ഇസ്‌ലാമിക നിക്ഷേപ സാമ്പത്തിക സ്ഥാപനങ്ങൾ, പ്രസാധന കേന്ദ്രങ്ങൾ, സാഹിത്യ കൃതികൾ, ഇസ്‌ലാമിക മാഗസിനുകൾ, ദിനപത്രങ്ങൾ തുടങ്ങിയവ പിറവി കൊള്ളുകയും സജീവ മാവുകയും ചെയ്തു.

നവജാഗരണകാലത്തു പ്രബോധനത്തിനും ശ്രദ്ധേയമായ ദൗത്യങ്ങളു ണ്ട്. ഉയർന്നുവരാനിടയുള്ള വെല്ലുവിളികളെ കുറിച്ചു ജാഗ്രത പുലർത്തി യിരിക്കണം. പ്രബോധനം നൈരന്തര്യ സ്വഭാവമുള്ള പ്രവർത്തനമാണ്. ഒരു പര്യവസാനത്തിൽ എത്തുന്ന അവസ്ഥ ഉണ്ടാവില്ല. അതിനു ദൗർബ ല്യത്തിന്റെയും കരുത്തിന്റെയും വെല്ലുവിളികളുടെയും പുനരാലോചനക ളുടെയും പുനഃക്രമീകരണത്തിന്റെയുമെല്ലാം കാലങ്ങളിലൂടെ കടന്നുപോ കേണ്ടിവരും. പക്ഷേ, പുറത്തുനിന്നുള്ള ഭീഷണികളും വെല്ലുവിളികളുമല്ല, പ്രത്യുത സമുദായത്തിനകത്തു നിന്നുയർന്നുവരുന്ന ഭീഷണികളും വെല്ലു വിളികളുമാണ് ഏറെ അപകടകരം എന്ന തിരിച്ചറിവ് അനിവാര്യമാണ്.

അവസാനമായി, പ്രബോധകർ തങ്ങളുടെ സേവനവഴിയിൽ ഓർത്തിരി ക്കേണ്ട, നടപ്പിൽ വരുത്തേണ്ട ആശയങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം:

- യോഗ്യരായ ആത്മാർഥതയുള്ള പ്രവർത്തകർ ഇസ്‌ലാമിനെ തനതായ രീതിയിൽ ആവിഷ്കരിക്കുന്നതിലും പരിചയപ്പെടുത്തുന്നതിലും പരാ ജയപ്പെട്ടാൽ വർത്തമാനകാലത്തു പ്രബോധനത്തിനുള്ള അവസരങ്ങൾ നഷ്ടമാകും.
- തങ്ങൾ ഇസ്‌ലാമിനെ പ്രഘോഷിക്കുന്നു എന്നതുകൊണ്ടു മാത്രം ദൈ വിക നിയമങ്ങൾ മുസ്‌ലിംകൾക്കു വിജയങ്ങൾ വെച്ചുനീട്ടുകയില്ല.
- ദഅ്‌വഃ രംഗത്തു വരുന്ന പോരായ്മകളെ സസൂക്ഷ്മം നിരീക്ഷിച്ചും അവ പരിഹരിച്ചും വേണം ആത്മാർഥതയുള്ള ബുദ്ധിശാലികളായ മുസ് ലിംകൾ കർമനിരതരാവാൻ.
- വെല്ലുവിളികളെയും സങ്കീർണ സാഹചര്യങ്ങളെയും സമർഥമായും കാ ര്യക്ഷമമായും അഭിമുഖീകരിക്കാൻ മുസ്‌ലിംകൾക്കു സാധിക്കണം.
- നൂതനവും മികച്ചതുമായ ദഅ്‌വഃ രീതികൾ കണ്ടെത്തി അവ പ്രയോഗ വൽക്കരിക്കാൻ പ്രബോധകർ നിരന്തരം തയ്യാറാവണം.
- ദഅ്‌വഃ പ്രവർത്തനം എത്രത്തോളം കാര്യക്ഷമമാണെന്ന് ഇടയ്ക്കിടെ പ രിശോധിക്കുകയും മൂല്യനിർണയം നടത്തുകയും വേണം. സന്ദർഭോചി തവും കാലോചിതവുമായ രീതികൾ തുടരുമ്പോഴാണ് ദഅ്‌വഃ വിജയക

രമാവുകയുള്ളൂ.

- പൊതുവായ ലക്ഷ്യങ്ങൾക്കു കൂടുതൽ ഊന്നൽ നൽകണം. ദഅ്‌വഃ പ്രവർത്തകർ പരസ്പരം ശക്തി പകർന്നും അറിവും അനുഭവങ്ങളും കഴിവുകളും പങ്കുവെച്ചുമാണ് പ്രവർത്തിക്കേണ്ടത്. ഇതിനു വിഘാതമാകുന്ന ഭിന്നത പരമാവധി ഒഴിവാക്കാൻ ശ്രമിക്കണം.

ഉമ്മഃയുടെ പുരോഗതിക്കു തടസ്സം നിൽക്കുന്ന ബൗദ്ധിക ആശ്രയം പോലുള്ള എല്ലാവിധ ദൗർബല്യങ്ങളുടെയും അടിമത്തത്തിൽ നിന്നു പുറത്തു കടക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. സ്വാതന്ത്ര്യത്തെക്കുറിച്ചും ആത്മമൂല്യത്തെക്കുറിച്ചുമുള്ള ധാരണകളെല്ലാം നവീകരിക്കപ്പെടേണ്ടിയിരിക്കുന്നു. ഈയൊരു സാഹചര്യത്തിൽ സമകാലിക ഇസ്‌ലാമിക ജാഗരണത്തിന് ആക്കമാവട്ടെ എന്ന ഉദ്ദേശ്യത്തോടെയാണ് ദഅ്‌വഃ തത്വങ്ങൾ ഒരു പാരിതോഷികമായി ഈ കൃതി ഇവിടെ സമർപ്പിക്കുന്നത്. മാത്രവുമല്ല, ലോകത്തുടനീളമുള്ള പ്രബോധന ശ്രമങ്ങൾ ശക്തവും രീതിശാസ്ത്രങ്ങൾ പാലിച്ചുകൊണ്ടുമുള്ളതാവാൻ ആവശ്യമായ ചില മാർഗനിർദേശങ്ങൾ പങ്കുവെക്കുക എന്നതുകൂടിയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

രണ്ട്

# ദൗത്യത്തിന്റെ പൊരുൾ

പ്രബോധന ദൗത്യം മനുഷ്യനെ സ്രഷ്ടാവ് വിശ്വസിച്ച് ഏൽപിച്ചതും ഭൂമിയിലെ മനുഷ്യനിയോഗത്തിന്റെ അടിസ്ഥാന പൊരുളുമാണ്. അല്ലാഹുവുമായുള്ള ഉടമ്പടിയുടെ പൊരുൾ ഉൾക്കൊണ്ടു ഖുർആനിനും തിരുസുന്നത്തിനും അനുസൃതമായി സാധ്യമായ രീതിയിൽ പ്രബോധന പ്രവർത്തനങ്ങൾ നടത്തുമെന്ന് ഉറച്ച തീരുമാനത്തിലെത്തുന്നതുതന്നെ മഹത്തായ നന്മയാണ്. ദഅ്വഃക്ക് അല്ലാഹു ഏറെ വിലകൽപിക്കുന്നുണ്ട്. “അല്ലാഹുവിലേക്ക് ക്ഷണിക്കുകയും സത്കർമങ്ങൾ അനുഷ്ഠിക്കുകയും ഞാൻ മുസ്ലിംകളിൽ പെട്ടവനാണെന്ന് പറയുകയും ചെയ്തവനേക്കാൾ നല്ല വാക്കു പറയുന്നവൻ ആരുണ്ട്?” (41:33).

എല്ലാ വിശ്വാസ സമീപനങ്ങളും ചില തത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയാകും രൂപപ്പെടുന്നത്. ഏതൊരു വ്യക്തിക്കും സംഘത്തിനും സമുദായത്തിനും തങ്ങളുടെ കാഴ്ചപ്പാടുകൾ രൂപപ്പെടുത്താനും കൃത്യമായ പാതയിൽ അവരെ വഴിനടത്താനും മാത്രം പര്യാപ്തവും പൊതുസ്വഭാവമുള്ളതുമായിരിക്കണം ഈ തത്വങ്ങൾ. ഇസ്ലാമിക തത്വങ്ങളുടെ പ്രഥമ അടിസ്ഥാനം പരിശുദ്ധ ഖുർആനാണ്. അത് മുന്നോട്ടുവെക്കുന്ന ആശയങ്ങൾക്ക് അനുസൃതമായാണ് മുസ്ലിംകൾ വിശ്വസിക്കുകയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത്.

മൂല്യാധിഷ്ഠിതവും ഖുർആനിനും തിരുസുന്നത്തിനും ആസ്പദിച്ചുള്ളതുമാണ് ഇസ്ലാമിക പ്രബോധനം. ദഅ്വഃയുടെ ശരിയായ നിർദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാകുമ്പോൾ അബദ്ധം സംഭവിക്കുകയോ പിന്നീട് ഖേദിക്കേണ്ടിവരുകയോ ഇല്ല. എന്നാൽ, തെറ്റായ

കാഴ്ചപ്പാടുകൾ ആസ്പദിച്ചാകുമ്പോൾ പിഴക്കുമെന്നത് തീർച്ചയാണ്. ദഅ്വഃയുടെ അടിസ്ഥാന തത്വങ്ങൾ ശരിയായതുകൊണ്ട് മാത്രമായില്ല, അവ അങ്ങനെത്തന്നെ മനസ്സിലാക്കുക കൂടി ചെയ്യുമ്പോഴാണ് പ്രബോധന വഴിയിലെ പ്രതിസന്ധികളെ പരമാവധി കുറയ്ക്കാനും ലക്ഷ്യം കാണാനും സാധിക്കുന്നത്.

കൂടുതൽ കൃത്യതയോടെ ഫലസിദ്ധി സാധ്യമാംവിധം ശരിയായ രീതിയിൽ പ്രബോധനം നടത്തുന്നതിന് ആവശ്യമായ അനിവാര്യ വിഷയങ്ങളെ അവതരിപ്പിക്കാനാണ് ഈ പുസ്തകത്തിൽ ശ്രമിച്ചത്. ദഅ്വയുടെ അടിസ്ഥാന തത്വങ്ങൾ, പ്രബോധനത്തിന്റെ നൈതികത, ദഅ്വഃയുടെ രീതിശാസ്ത്രം എന്നിവയാണവ. ഇവയെ ചർച്ചയ്ക്കെടുക്കുമ്പോൾ അവയുമായി ചേർന്നുനിൽക്കുന്ന മറ്റു വിഷയങ്ങളെ കൂടി ഇസ്ലാമിക പ രിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് പരാമർശിക്കുന്നുണ്ട്.

മൂന്ന്

# പ്രബോധനത്തിന്റെ അടിസ്ഥാന തത്വങ്ങൾ

**ഇ**സ്ലാമിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയും അവയിൽ സത്യസന്ധമായ വിശ്വാസവും പ്രബോധകർക്ക് ഉണ്ടായിരിക്കേണ്ടതാണ്. പ്രായോഗിക ദഅ്വഃയുടെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചും അവർക്കു ധാരണ വേണം. ഖുർആൻ വ്യക്തമാക്കിയ "നിങ്ങളുടെ ആരാധ്യൻ ഏകനായ ആരാധ്യനാണ്. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. മഹാകാരുണികനും കരുണാനിധിയുമാണവൻ" (ഖുർആൻ 2:163) എന്ന അടിസ്ഥാന ആശയവും ആത്യന്തിക തത്വവുമായ തൗഹീദിലേക്കുള്ള ക്ഷണമാണ് ദഅ്വഃ. പ്രഥമ സത്യമായി തൗഹീദ് ഉൾക്കൊള്ളുന്നതിലൂടെ ഇസ്ലാം സാർവത്രികമാണെന്നും എളുപ്പത്തിൽ ഉൾക്കൊള്ളാൻ സാധിക്കുന്നതാണെന്നും ദഅ്വഃ പ്രവർത്തകർക്ക് ബോധ്യപ്പെടും. മുസ്ലിംകളിൽ മാത്രമല്ല, അമുസ്ലിംകൾ അടക്കമുള്ള സർവരിലേക്കും പ്രഥമമായി ദഅ്വഃ സംഘത്തിൽ തന്നെയും പ്രബോധന പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുണ്ടെന്നും അതു ജീവിതത്തിന്റെ സർവതല സ്പർശിയായ രീതിയിലായിരിക്കണമെന്നും പ്രബോധകർക്കു ധാരണയുണ്ടാവണം. മാത്രമല്ല, വ്യത്യസ്ത രീതിശാസ്ത്രമുള്ള ഇടങ്ങളാണ് പ്രബോധന മണ്ഡലം എന്നതുകൊണ്ടുതന്നെ ഇസ്ലാമിക കർമശാസ്ത്രത്തിൽ വേണ്ടത്ര അറിവു നേടിയവർ കൂടിയായിരിക്കണം പ്രബോധകർ.

വ്യത്യസ്ത സാഹചര്യങ്ങളിലും ഇടങ്ങളിലും അവലംബിക്കേണ്ട യുക്തമായ പ്രബോധനരീതി ഏതെന്നു തിരിച്ചറിയാൻ മാത്രം വർത്തമാന സാഹചര്യങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്നവരും പഠനവിധേയമാ

ക്കുന്നവരുമായിരിക്കണം പ്രബോധകർ. ഇസ്‌ലാമിക ദൃഷ്ട്യാ ഇത് അവരുടെ ഉത്തരവാദിത്വം കൂടിയാണ്. ചിന്തിക്കുന്ന, പര്യാലോചന നടത്തുന്ന, കാര്യങ്ങൾ യഥാവിധി ഗ്രഹിക്കുന്ന എന്നു തുടങ്ങി, വിശ്വാസികളെ സംബന്ധിച്ച് നിരവധി ഇടങ്ങളിൽ അല്ലാഹു ഉപയോഗിച്ച പ്രയോഗങ്ങൾ ഈ ഉത്തരവാദിത്വത്തെ വ്യക്തമാക്കുന്നുണ്ട്. ഇവ്വിധം ഗഹനമായ അന്വേഷണ പഠനങ്ങൾ നടന്നെങ്കിൽ മാത്രമേ പൊതുസമൂഹത്തിനു ഗ്രാഹ്യമാംവിധം മതത്തെ വിശദീകരിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ.

ദഅ്‌വഃയുടെ അടിസ്ഥാന തത്വങ്ങളെ അഞ്ചായി വർഗീകരിക്കാം:

## 1. തൗഹീദ്: പ്രഥമവും പ്രധാനവും

“പറയുക: എന്റെ നമസ്കാരവും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകനാഥനായ അല്ലാഹുവിനു വേണ്ടിയാകുന്നു. അവന് ഒരു പങ്കാളിയുമില്ല. അതാണ് (ഈ വിശ്വാസമാണ്) എന്നോട് കൽപിച്ചിട്ടുള്ളത്. അല്ലാഹുവിനെ അനുസരിക്കുന്നവരിൽ ഒന്നാമനാണ് ഞാൻ” (6:162, 163).

ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും പരിപാലകനുമായ ഏകനായ അല്ലാഹുവിൽ നാം വിശ്വസിക്കുന്നു. അവനു മാത്രമാണ് ആരാധനകൾ അർപ്പിക്കേണ്ടത്. ന്യൂനതയേതുമില്ലാത്ത സമ്പൂർണ മഹത്വവും സൗന്ദര്യവുമുള്ളവനാണവൻ. നാം അവനെ സ്നേഹിക്കുകയും ഏറെ വാഴ്ത്തുകയും ചെയ്യുന്നു. അവന്റെ കാരുണ്യത്തിൽ പ്രതീക്ഷയർപ്പിക്കുന്നവരും ശിക്ഷയെ ഭയക്കുന്നവരുമാണ് നമ്മൾ. അവനോട് ഭക്തി പുലർത്തുന്നവരും സത്യസന്ധരുമായിരിക്കണം നാം. “വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിച്ചു ജീവിക്കുകയും സത്യസന്ധരോടൊപ്പം നിലകൊള്ളുകയും ചെയ്യുവിൻ” (9:119).

മുസ്‌ലിംകൾ വിശിഷ്യാ പ്രബോധകർ ഇസ്‌ലാമിലെ അടിസ്ഥാന വിശ്വാസകാര്യങ്ങളെ എല്ലാവിധ വിചാരങ്ങളുടെയും കർമങ്ങളുടെയും വിശ്വാസങ്ങളുടെയും താത്ത്വികാടിത്തറയായി പരിഗണിക്കേണ്ടതാണ്.

അഖീദ (വിശ്വാസപ്രമാണം)യാണ് മതസംബന്ധിയായ സുപ്രധാനവും നിസ്സാരവുമായ എല്ലാ കാര്യങ്ങളുടെയും അടിസ്ഥാനം. മനുഷ്യസമൂഹത്തിന്റെ ജീവൽപ്രശ്നങ്ങളുടെ ഇസ്‌ലാമിക മാനം രൂപപ്പെടുത്തുന്നതിലും അഖീദ സുപ്രധാനമാണ്.

ഏതെങ്കിലും പുസ്തകത്തിലെ കേവല വായനയ്ക്കുള്ള അധ്യായം പോലെയല്ല അഖീദ. പ്രത്യുത, ജീവിതാധ്യായങ്ങളത്രയും വായിക്കുമ്പോഴെല്ലാം നമ്മിൽ മികച്ചുനിൽക്കേണ്ട പരിശുദ്ധ ആശയമാണത്. സ്രഷ്ടാവായ അല്ലാഹു ഏകനാണെന്ന വിശ്വാസം ജീവിതത്തിലഖിലം ഏതൊരു മുസ്‌ലിമും വെച്ചുപുലർത്തുന്നതും അത് അവന്റെ ജീവിതത്തെ ക്രമപ്പെടുത്തുന്നതുമാണ്. ആയതിനാൽ ഈയൊരു വിശ്വാസത്തെ ബലപ്പെടു

ത്താൻ ആവശ്യമായ കാര്യങ്ങൾ ഗ്രഹിച്ചെടുക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്.

അല്ലാഹു ഏകനാണെന്നും അവൻ മാത്രമാണ് യഥാർഥ ദൈവവും ആരാധ്യനുമെന്നും അവന്റെ താൽപര്യങ്ങൾ മാത്രമാണ് സംഭവിക്കുന്നതെന്നും നമ്മുടെ അഖീദ ഊന്നിപ്പറയുന്നു. ഈയൊരു വിശ്വാസത്തിൽ നിന്നു പൂർണമായോ ഭാഗികമായോ നമ്മെ പുറംതള്ളുന്ന കാര്യങ്ങൾ തിരിച്ചറിഞ്ഞ് അവയെ അവഗണിക്കാൻ നാം ബാധ്യസ്ഥരാണ്. അംഗശുദ്ധിയിൽ വരുന്ന പാളിച്ചകളെ കുറിച്ച് ഏറെ പഠിപ്പിക്കപ്പെടുന്ന വിദ്യാർഥികൾക്കു പക്ഷേ, വിശ്വാസത്തിൽ വരുന്ന വൈകല്യങ്ങളെക്കുറിച്ചു വേണ്ടത്ര പാഠം നൽകുന്നില്ലെന്നതു ഖേദകരമാണ്. രണ്ടു ജ്ഞാനവും അനിവാര്യമാണെങ്കിൽ തന്നെയും മതത്തിന്റെ അടിസ്ഥാന വിജ്ഞാനത്തിനു തീർച്ചയായും കൂടുതൽ പ്രാധാന്യം കൽപിക്കപ്പെടേണ്ടതുണ്ട്.

ഉപരിപ്ലവമായതല്ല, പകരം പവിത്രമായ സമീപനമാണ് തൗഹീദ് വിഷയത്തിൽ പുലർത്തേണ്ടത്. വിശ്വാസകാര്യങ്ങളെ കേവലം ഓർത്തുവെച്ചതുകൊണ്ടു മാത്രമായില്ല. ഖുർആനും പ്രവാചകന്മാരും പഠിപ്പിച്ചതുപോലെ അല്ലാഹുവിലുള്ള വിശ്വാസത്തിൽ ഏറെ ആത്മവിശ്വാസമുണ്ടാകണം. അതു ദൈനംദിന ജീവിതവ്യവഹാരങ്ങളിൽ പ്രകടമാവുകയും വേണം. മറ്റുള്ളവരുമായി സൗഹൃദത്തോടെയും സ്നേഹത്തോടെയുമായിരിക്കണം ഇടപഴകേണ്ടത്. വിദ്വേഷവും തീവ്രതയുമില്ലാതെ പരസ്പരം മനസ്സിലാക്കിയും ഊഷ്മളത കാത്തുകൊണ്ടുമാണ് പെരുമാറേണ്ടത്. ഇങ്ങനെ തൗഹീദിന്റെ സ്വാധീനം നമ്മുടെ ജീവിതത്തിൽ ഉടനീളം ഉണ്ടാകണം. ബോധ-ഉപബോധ മനസ്സുകളിൽ അതു ജ്വലിച്ചുനിൽക്കണം. വ്യവഹാരങ്ങളിൽ അതു പ്രതിഫലിക്കുകയും വേണം.

തൗഹീദ് യാഥാർഥ്യമാവാൻ ഏഴു കാര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. അറിവ്, ഉറപ്പ്, ഉദ്ദേശ്യശുദ്ധി, സത്യസന്ധത, ഉൾക്കൊള്ളുക, പ്രയോഗവത്കരിക്കുക, പ്രിയങ്കരമാവുക എന്നിവയാണവ. അപ്പോൾ അജ്ഞത, സംശയം, പങ്കുകാരെ സങ്കൽപിക്കൽ, കാപട്യം, തിരസ്കരണം, ഉപേക്ഷ വരുത്തുക, അപ്രിയമായി കാണുക എന്നീ അവസ്ഥകൾക്കൊപ്പം തൗഹീദ് യാഥാർഥ്യമാക്കാൻ കഴിയില്ല.

## 2. സാർവത്രിക ഇസ്‌ലാം

എക്കാലത്തും നിലനിൽക്കുന്ന, പൂർണ പരിരക്ഷയുള്ള, മുഴുവൻ മനുഷ്യർക്കും വേണ്ടിയുള്ള അല്ലാഹുവിന്റെ സത്യമതം ഇസ്‌ലാമാണെന്നു നാം വിശ്വസിക്കുന്നു. നമ്മുടെ മേൽവിലാസവും പ്രശ്നങ്ങളുടെ പരിഹാരവുമായ ഇസ്‌ലാം നമുക്ക് എല്ലാമാണ്. ഇഹപരലോകത്തെ സന്തോഷത്തിന്റെ ഹേതു എന്നതു മാത്രമല്ല, സ്രഷ്ടാവായ അല്ലാഹു നമുക്കായി തിരഞ്ഞെടുത്ത ജീവിതരീതി കൂടിയാണത്. അതിൽ വിശ്വസിക്കുകയും

ഇസ്‌ലാമിക മേൽവിലാസത്തിൽ അഭിമാനിക്കുകയും അതിന്റെ ഉന്നമനത്തിനായി കഠിനാധ്വാനം ചെയ്യുകയും അതിനായി സർവം സമർപ്പിക്കാൻ സന്നദ്ധനുമാണ് ഏതൊരു വിശ്വാസിയും.

അല്ലാഹുവിന്റെ ഈ മതം സർവ ജനങ്ങൾക്കും വേണ്ടിയുള്ളതാണ്. അവന്റെ സന്ദേശം മനുഷ്യസമൂഹത്തിന് ആകമാനം കൈമാറാൻ മുഹമ്മദ് നബിയെ അവൻ നിയോഗിക്കുകയും ചെയ്തു. “മുഴുവൻ മനുഷ്യർക്കും സന്തോഷവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നവനുമായിട്ടല്ലാതെ താങ്കളെ നാം അയച്ചിട്ടില്ല. പക്ഷേ, മിക്കയാളുകളും അത് അറിയുന്നില്ല” (34:28).

ഇസ്‌ലാം സാർവത്രികവും മുഴുവൻ മനുഷ്യർക്കും വേണ്ടിയുള്ള അല്ലാഹുവിന്റെ മതമാണെന്നിരിക്കെ, ഈ ദൈവിക സന്ദേശത്തെ സർവ ജനങ്ങളിലേക്കും എത്തിക്കുക എന്നത് എല്ലാ മുസ്‌ലിംകൾക്കും വിശിഷ്യാ പ്രബോധകർക്കു ബാധ്യതയാണ്.

## മനുഷ്യരെല്ലാം ഒരു കുടുംബം

മനുഷ്യരെല്ലാം ഒരു കുടുംബമാണെന്നാണ് ഇസ്‌ലാമിന്റെ സമീപനം. മനുഷ്യത്വം അവരെ കൂട്ടിയിണക്കുന്നു. മനുഷ്യരെല്ലാം അല്ലാഹുവിന്റെ സൃഷ്ടികളാണ്. അവനിലേക്ക് മടങ്ങേണ്ടവരാണ്. എല്ലാവരും പ്രഥമ മാതാപിതാക്കളായ ആദം-ഹവ്വ ദമ്പതികളിൽ ചെന്നെത്തുന്നവരാണെന്നാണ് ഇസ്‌ലാം പറയുന്നത്. ആയതിനാൽ എല്ലാവരുടെയും സൗഖ്യത്തിനായി പരസ്പരം സഹകരിച്ചു നീങ്ങേണ്ടവരാണ് മനുഷ്യർ. സമാധാനവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുക, നീതി നടപ്പാക്കുക, തിന്മകൾക്കെതിരെ സമരം ചെയ്യുക, വിജ്ഞാനവ്യാപനത്തിനു യത്നിക്കുക, ശിശുക്ഷേമം ഉറപ്പാക്കുക, നിരാലംബർക്ക് അത്താണിയാവുക, ഊഷ്മളമായ സൗഹൃദവും അയൽപക്കബന്ധവും കാത്തുപോരുക, പരിസ്ഥിതി സംരക്ഷിക്കുക, കരാറുകളും വ്യവസ്ഥകളും പാലിക്കുക തുടങ്ങിയ സത്‌വഴികളിലെല്ലാം മനുഷ്യർ പരസ്പരം സഹകരിക്കേണ്ടവരാണ്. മാനുഷികതയുടെ ഈയൊരു തലത്തിൽ മനുഷ്യരെല്ലാം ഒരു കുടുംബമാണെന്ന അടിസ്ഥാനത്തിലായിരിക്കണം, സത്യസന്ദേശങ്ങൾ സർവർക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ, ദഅ്‌വഃ പ്രവർത്തനങ്ങൾക്കു പ്രാരംഭം കുറിക്കേണ്ടത്.

## നിഷ്പക്ഷമാണ് ദൈവിക നിയമങ്ങൾ

അല്ലാഹു സംവിധാനിച്ച നീതിയോട് തീർത്തും ആഭിമുഖ്യം പുലർത്തുന്ന സുസ്ഥിരവും നിഷ്പക്ഷവുമായ മതത്തിന്റെ നിയമങ്ങളത്രയും ഏതെങ്കിലും വ്യക്തിയെയോ സംഘത്തെയോ ജനതയെയോ പരിഗണിച്ചോ അവഗണിച്ചോ അല്ല. പൊതുവായ നിയമങ്ങൾക്കു മുന്നിൽ എല്ലാവരും തുല്യരാണ്. അവ അനുസരിക്കുന്നവർ വിജയിക്കും. ലംഘിക്കുന്നവർ പരാജയപ്പെടുകയും ചെയ്യുന്നു. കേവല മുസ്‌ലിംകൾ ആയതു

കൊണ്ടു മാത്രമല്ല, വിജയിക്കാൻ ആവശ്യമായവ കൂടി പ്രവർത്തിക്കുമ്പോഴാണ് സൗഭാഗ്യങ്ങൾ നേടുന്നത്.

### ഒരുമയുടെ മതം

ഏകനായ അല്ലാഹുവിനെ ആരാധിക്കാനാണ് ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്. ഒരുമയെയാണ് അത് പ്രോത്സാഹിപ്പിക്കുന്നത്. അവന്റെ ഏകത്വത്തിൽ വിശ്വസിക്കുന്ന മുസ്‌ലിം സമുദായം തങ്ങൾക്കിടയിലെ പൊതു ഐക്യത്തെ ഏറെ പവിത്രമായി കാണുന്നു. ആയതിനാൽ ബൗദ്ധികവും വൈകാരികവും പ്രായോഗികവുമായ ഐക്യത്തെ കൂടി പരിഗണിച്ചു വേണം ദഅ്‌വഃ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ. അനൈക്യത്തെ അൽപം പോലും പ്രോത്സാഹിപ്പിക്കുന്നതാകരുത്. ഐക്യമാണ് ശക്തി. വലിയ അനുഗ്രഹവും കാരുണ്യവും കൂടിയാണത്.

തങ്ങളുടെ ശ്രമങ്ങൾക്കും ത്യാഗങ്ങൾക്കും അനുസൃതമായി ഹൃദയത്തിന്റെ ഗുണത്തിനായി കാര്യമായ സംഭാവനകൾ അർപ്പിക്കാൻ ദഅ്‌വഃ പ്രവർത്തകർക്കു കഴിയുന്നില്ലെന്നതു ഖേദകരമാണ്. ആവശ്യമായ വിഭവശേഷിയുണ്ടെങ്കിലും, സമുദായത്തിന്റെ ആശങ്കകളും പ്രതീക്ഷകളും പ്രകടിപ്പിക്കാൻ കഴിയുന്ന മാർഗമായി ചിലപ്പോഴൊക്കെ വർത്തിക്കാൻ കഴിയുന്നുണ്ടെങ്കിൽ കൂടി, ദഅ്‌വഃ പ്രവർത്തകരുടെ പല ശ്രമങ്ങളും ലക്ഷ്യത്തോട് അടുക്കുമ്പോഴേക്കും അവതാളത്തിലാകുന്നു. ഇതിനു പല കാരണങ്ങളുമുണ്ടാകും. അതിൽ പ്രധാനം ദഅ്‌വഃ പ്രവർത്തനങ്ങളുടെ ഏകോപനമില്ലായ്മയാണ്. യോജിച്ചുകൊണ്ടുള്ള പൊതുവായ പ്രവർത്തന മണ്ഡലം രൂപപ്പെടുത്താനും ആദർശത്തിലും പ്രയോഗത്തിലും സമവായമുണ്ടാക്കാനും കഴിയാതെപോകുന്നു. ഇത്തരുണത്തിൽ പൊതു മുസ്‌ലിം സമൂഹം, വിശിഷ്യാ പ്രബോധകർ ഈയൊരു ഖുർആൻ ആശയത്തെ എന്നും മനസ്സിൽ കൊണ്ടുനടക്കുന്നത് ഉചിതമായിരിക്കും. “നിങ്ങൾ സംഘടിച്ചുകൊണ്ട് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുവിൻ. ഭിന്നിക്കരുത്. പരസ്പരം ശത്രുക്കളായിരുന്നപ്പോൾ നിങ്ങൾക്ക് അല്ലാഹു ചെയ്തുതന്ന അനുഗ്രഹം ഓർക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങൾക്കിടയിൽ അവൻ ഇണക്കമുണ്ടാക്കി. അങ്ങനെ അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരന്മാരായിത്തീർന്നു. തീക്കുണ്ടിന്റെ വക്കിലായിരുന്നു നിങ്ങൾ സ്ഥിതിചെയ്തിരുന്നത്. അതിൽ നിന്നു നിങ്ങളെ അവൻ രക്ഷിച്ചു. ഇപ്രകാരം നിങ്ങൾക്ക് അല്ലാഹു തന്റെ സന്ദേശങ്ങൾ വിവരിച്ചുതരുന്നു. നിങ്ങൾ സന്മാർഗം പ്രാപിക്കുന്നതിനു വേണ്ടി” (3:103).

## 3. ഇസ്‌ലാം സമഗ്രമാണ്

അല്ലാഹു പറയുന്നു: തീർച്ചയായും അല്ലാഹുവിങ്കൽ (സ്വീകരിക്കപ്പെടുന്ന) മതം ഇസ്‌ലാം മാത്രമാണ്. വേദം നൽകപ്പെട്ടവർ തങ്ങൾക്ക് ജ്ഞാനം വന്നുകിട്ടിയതിനു ശേഷമല്ലാതെ ഭിന്നിച്ചിട്ടില്ല. അവർ തമ്മിലുള്ള സ്പ

ർധ നിമിത്തമായിരുന്നു (ഭിന്നിപ്പ്). അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു അതിവേഗം വിചാരണ നടത്തുന്നവനാണ്" (3:19).

ഇസ്‌ലാമല്ലാത്ത ഒരു മതം ആരെങ്കിലും തേടിയാൽ അതവന്റെ പക്കൽ നിന്നു സ്വീകരിക്കപ്പെടില്ല. പരലോകത്ത് അവൻ നഷ്ടക്കാരിൽ പെടുകയും ചെയ്യും" (3:85).

ഇസ്‌ലാം അല്ലാഹുവിന്റെ മതമാണെന്നും ഇഹ-പരജീവിത വിജയത്തിന്റെ വഴി അതാണെന്നും നാം വിശ്വസിക്കുന്നു. അല്ലാഹു നമുക്കായി ഒരുക്കിത്തന്ന പ്രസ്തുത ജീവിതസരണിയിൽ ആത്മാഭിമാനം കൊള്ളുകയും അതിന്റെ ഔന്നത്യത്തിനു വേണ്ടി യത്നിക്കാൻ നാം സന്നദ്ധരാവുകയും ചെയ്യുന്നു.

മനുഷ്യരുടെ ജീവിതസരണിയായി സ്രഷ്ടാവായ അല്ലാഹു സംവിധാനിച്ച ഇസ്‌ലാം സർവ വിഷയങ്ങളെയും ഉൾക്കൊള്ളുന്ന സമഗ്ര വ്യവസ്ഥിതിയാണ്. വ്യക്തി, സമൂഹം, രാഷ്ട്രം, കുടുംബം, ആരാധന, ബന്ധങ്ങൾ, സ്വഭാവം, നിയമം തുടങ്ങിയ എല്ലാ വിഷയങ്ങളിലും ഇസ്‌ലാമിനു കാഴ്ചപ്പാടുകളുണ്ട്.

## സമഗ്രമായ ആരാധനാ സങ്കൽപം

മുസ്‌ലിംകൾ ജീവിതത്തിലുടനീളം ഇസ്‌ലാം പുലർത്തിപ്പോരുന്നു. അതിന്റെ മൂല്യങ്ങളും നിയമങ്ങളും തത്വങ്ങളും വ്യക്തി-സാമൂഹിക ജീവിതങ്ങളെ നിയന്ത്രിക്കുകയും വേണ്ട ദിശാബോധം നൽകുകയും ചെയ്യുന്നു. ആയതിനാൽ, നമ്മെ സംബന്ധിച്ചിടത്തോളം ഇസ്‌ലാം കേവലമായ ആചാരാനുഷ്ഠാനങ്ങൾ മാത്രമോ ഒരു വ്യക്തിയെ അല്ലാഹുവുമായി ബന്ധപ്പെടുത്തുന്ന ചാലകം മാത്രമോ അല്ല. പകരം ജീവിതത്തെയാകമാനം ഉൾക്കൊള്ളുന്ന സമഗ്ര വ്യവസ്ഥിതിയാണത്.

കേവലാനുഷ്ഠാനങ്ങൾ മാത്രമല്ല ആരാധന. എല്ലാ ഇടപാടുകളും വ്യവഹാരങ്ങളും വൈയക്തിക വികാസങ്ങളും നാഗരിക മാറ്റങ്ങളുമെല്ലാം ആരാധനയുടെ വ്യാപ്തിയിൽ വരും. നമ്മുടെ നിലനിൽപിന്റെ തന്നെ അന്തസ്സത്ത അല്ലാഹുവിനെ ആരാധിക്കുക എന്നതാണ്. ഖുർആൻ ഇത് ഊന്നിപ്പറയുന്നുണ്ട്: "എന്നെ ആരാധിക്കാൻ വേണ്ടി മാത്രമാണ് ജിന്നുകളെയും മനുഷ്യരെയും ഞാൻ സൃഷ്ടിച്ചിട്ടുള്ളത്" (51:56).

ജീവിതത്തിന്റെ അടിസ്ഥാന ലക്ഷ്യം ഇതാകുമ്പോൾ ആരാധനയുടെ ആവശ്യം നമുക്കു ബോധ്യമാവുകയും സർവശക്തനായ അല്ലാഹുവിനെ കൂടുതലായി ആരാധിക്കാനുള്ള ത്വര ദൈനംദിനം ശക്തമായിക്കൊണ്ടിരിക്കുകയും ചെയ്യും. നിരന്തരം അല്ലാഹുവുമായി സമ്പർക്കത്തിലാവുക വഴി എപ്പോഴും സന്തോഷവാനായിരിക്കാൻ കഴിയുമെന്നു മാത്രമല്ല, സമൂഹത്തിൽ ഏറെ ഫലപ്രദമായ രീതിയിൽ ഇടപെടാൻ നാം പ്രചോദിതരാ

വുകയും ചെയ്യും.

പക്ഷേ, ഖേദകരമെന്നു പറയാം, കേവലം ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ഒതുങ്ങുന്നതാണ് ആരാധന എന്നു നല്ലൊരു ശതമാനം മുസ്‌ലിംകൾ ധരിച്ചുവെച്ചിട്ടുണ്ട്. ആരാധനാസംബന്ധിയായത് (ഇബാദത്ത്), വ്യവഹാരസംബന്ധിയായത് (മുആമലാത്), വിശ്വാസപരമായത് (അഖാഇദ്) എന്നിങ്ങനെ ഇസ്‌ലാമിലെ കാര്യങ്ങളെ പകുക്കുകയും ആ രീതിയിൽ പഠിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഇതു കാരണം ഭക്തിയധിഷ്ഠിതമായ ആത്മീയകാര്യങ്ങൾ മാത്രമാണ് ആരാധനാകാര്യങ്ങളിൽ വരുന്നതെന്ന് ചിലർ തെറ്റായി മനസ്സിലാക്കിയിട്ടുണ്ട്. തദ്ഫലമായി വ്യവഹാരസംബന്ധിയായ കാര്യങ്ങളേക്കാൾ ആത്മീയകാര്യങ്ങൾ സമൂഹത്തിൽ മേൽക്കൈ നേടുകയും ചെയ്തു. തൗഹീദിലും ജീവിതത്തിന്റെ പവിത്ര ലക്ഷ്യത്തിലും ആസ്പദിച്ചുള്ള സമഗ്ര ഇസ്‌ലാമിന്റെ പ്രകൃതം മനസ്സിലാക്കാൻ പലർക്കും കഴിയാതെപോയതിന് ഇത് നിമിത്തമായി.

പരിശുദ്ധ പ്രവാചകന്മാരും മുൻഗാമികളും മനസ്സിലാക്കിയതുപോലെ ആരാധനയുടെ വിശാലാർഥത്തെ ഉൾക്കൊള്ളാൻ കഴിയണം. സർവതിനെയും ആരാധനയായി അവർ കണ്ടു. ആചാരാനുഷ്ഠാനങ്ങൾ, വ്യവഹാരങ്ങൾ, വൈയക്തിക വികാസം, നാഗരിക സംസ്ഥാപനം, സന്തുഷ്ട കുടുംബം, നന്മയുടെ കൈമാറ്റം, നൈപുണി കരസ്ഥമാക്കൽ, ക്രിയാത്മക പ്രവർത്തനങ്ങൾ, ഭൂമി പരിപാലനം, പ്രബോധന പ്രവർത്തനം തുടങ്ങിയ ദൈനംദിന സാമൂഹിക ജീവിതത്തിന്റെ ഭാഗമായ കാര്യങ്ങളത്രയും ആരാധനയുടെ ഗണത്തിൽ വരുന്നതാണെന്ന് അവർ തിരിച്ചറിഞ്ഞിരുന്നു.

## അല്ലാഹുവിന്റെ നിയമങ്ങൾ പാലിക്കുക

ഇസ്‌ലാമിനെ വേണ്ടവിധം മനസ്സിലാക്കിയാൽ പിന്നെ, അല്ലാഹുവിന്റെ നിയമവ്യവസ്ഥകളെ ജീവിതത്തിലുടനീളം പാലിക്കാൻ നാം ബാധ്യസ്ഥരാണ്. വ്യക്തി-സമഷ്ടി ജീവിതത്തിൽ ഇത് ഒരുപോലെ പാലിക്കപ്പെടണം. വ്യക്തിതലത്തിൽ ദൈനംദിന ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവന്റെ നിയമങ്ങൾ സൂക്ഷിക്കപ്പെടണം. പൊതുമണ്ഡലത്തിൽ ഇസ്‌ലാമിക -ഇസ്‌ലാമേതര രാജ്യത്തു ജീവിക്കുമ്പോൾ അല്ലാഹുവിന്റെ നിയമങ്ങളത്രയും പാലിക്കാൻ സാധിക്കുമോ എന്ന ചോദ്യത്തിന് എളുപ്പം ഉത്തരം പറയാൻ കഴിയില്ല. എന്നിരുന്നാലും സാഹചര്യം ഏതായാലും ഒരൊറ്റ രീതി മാത്രമേ അവലംബിക്കാവൂ എന്ന ധാരണ തിരുത്തുകയും വ്യത്യസ്തമായ പല രീതികളിൽ നിന്ന് ഏറ്റവും അനുയോജ്യമായവ സ്വീകരിക്കാം എന്ന വസ്തുത ഉൾക്കൊള്ളുകയുമാണ് വേണ്ടത്.

അല്ലാഹുവിന്റെ വ്യവസ്ഥിതി പകർന്നുനൽകുമ്പോഴും പ്രയോഗവൽക്കരിക്കുമ്പോഴും വളരെ സുതാര്യവും സമാധാനപരവും സ്വതന്ത്രവുമായ സമീപനം മാത്രമേ ഇസ്‌ലാമിക പ്രവർത്തകർ സ്വീകരിക്കാവൂ. പൊതുസ

മൂഹത്തെ അവരുടെ അവകാശങ്ങളെക്കുറിച്ചു ബോധവൽക്കരിക്കുകയും ഉത്തരവാദിത്വങ്ങളെ തിരിച്ചറിയാൻ സഹായിക്കുക കൂടി ചെയ്യേണ്ടവരാണ് ഇസ്‌ലാമിക പ്രവർത്തകർ. ഇങ്ങനെ സമാധാനപരമായി പൊതുസമൂഹത്തെ ബോധവൽക്കരിക്കുമ്പോൾ ഭരണകൂടത്തിന് ആശങ്കപ്പെടേണ്ട സാഹചര്യമുണ്ടാവില്ലെന്നു മാത്രമല്ല, ഇസ്‌ലാമിക പ്രവർത്തകർക്കു ഭയമേതുമില്ലാതെ പ്രവർത്തിക്കാനാവുകയും ചെയ്യും.

അല്ലാഹുവിന്റെ നിയമവ്യവസ്ഥിതി പാലിക്കാൻ തങ്ങൾക്കു കഴിയില്ലെന്നു (ദൗർബല്യം, ഭയം, വ്യക്തിപരമായി താൽപര്യമില്ലായ്മ തുടങ്ങിയ പല കാരണത്താലുമാകാം) വിചാരിക്കുന്ന ഭരണകർത്താക്കൾക്കിടയിൽ നല്ല ചിന്തകൾ ഉൽപാദിപ്പിക്കാനെങ്കിലും ഇസ്‌ലാമിക പ്രവർത്തകരുടെ ഈയൊരു സമീപനം വഴിവെക്കും. മാത്രവുമല്ല, തങ്ങളുടെ തന്നെ കഴിവും കഴിവുകേടും മനസ്സിലാക്കാനും പാകപ്പിഴവുകളെ തിരിച്ചറിയാനും തിരുത്താനും ഈയൊരു തുറന്ന സമീപനം പ്രവർത്തകർക്കു സഹായകമാകും.

ഇസ്‌ലാമിക നിയമപാഠങ്ങളിലേക്കു ക്ഷണിക്കുമ്പോൾ അധികാരതൃഷ്ണയെ അതിജയിക്കാൻ മതപ്രവർത്തകർക്കു ശേഷി വേണം. അധികാരം തങ്ങളുടെ ലക്ഷ്യമല്ലെന്നും അല്ലാഹുവിന്റെ നിയമങ്ങളാൽ തങ്ങൾ ഭരിക്കപ്പെടണമെന്നാണ് കൊതിയെന്നും നയം വ്യക്തമാക്കാൻ പ്രബോധകർക്കു കഴിയണം. അബുൽ ഹസൻ അലി നദ്‌വി പറഞ്ഞുവെച്ചത് ശ്രദ്ധേയമാണ്: "അധികാരത്തിലിരിക്കുന്നവരുടെ ഹൃദയത്തിൽ വിശ്വാസമെത്തുക എന്നതാണ് വിശ്വാസിയായ ഒരാൾ അധികാരത്തിലെത്തുന്നതിലും നല്ലത്." ഇസ്‌ലാമിക പ്രവർത്തകർ എന്നും ഓർത്തിരിക്കേണ്ട വാക്കുകളാണിവ.

## 4. അടിസ്ഥാന പ്രമാണങ്ങളിലേക്കു മടങ്ങുക

മുഴുവൻ ദഅ്‌വഃ പ്രവർത്തനങ്ങളും ഇസ്‌ലാമിന്റെ സ്വത്വത്തെ രൂപപ്പെടുത്തുന്ന വിശുദ്ധ ഖുർആനിനെയും ആധികാരിക ഹദീസുകളെയും വേണ്ടവിധം പഠിച്ചും അവയെ സ്വജീവിതത്തിൽ പ്രകാശിപ്പിച്ചുകൊണ്ടുമായിരിക്കണം. ജനങ്ങളെക്കുറിച്ചു ജാഗ്രത പുലർത്തി അവരെ നേർമാർഗത്തിലേക്കു ക്ഷണിക്കാൻ ഹിതം ലഭിച്ചിരിക്കുന്ന പ്രബോധകർ സുപ്രധാന അവലംബമായ ഖുർആനും ഹദീസും മുന്നോട്ടുവെക്കുന്ന ആശയങ്ങളാണ് കൈമാറ്റം ചെയ്യേണ്ടത്. ഇങ്ങനെ ചെയ്യുമ്പോൾ തുറന്ന മനസ്സോടെ തെളിമയാർന്ന ഇസ്‌ലാമിനെ മനസ്സിലാക്കാൻ അനുവാചകർക്കു സാധ്യമാകും. ഇസ്‌ലാമിന്റെ ഈ സുപ്രധാന ഉറവിടങ്ങൾ മുന്നോട്ടുവെക്കുന്ന പാഠങ്ങളും സമാധാനത്തിന്റെയും പ്രശാന്തതയുടെയും ആശയങ്ങളും പ്രായോഗികമായി കാണിച്ചുകൊടുക്കാനായാൽ ശരിയായ ജീവിതനിർദേശങ്ങൾക്കു നേരെ പിന്നെ ആർക്കും കണ്ണടയ്ക്കാനാകില്ല. കാലക്രമേണ തങ്ങളുടെ പ്രശ്നങ്ങൾക്ക് ഇസ്‌ലാമിക ദർശനത്തിൽ പരിഹാരമുണ്ടെന്ന

തിരിച്ചറിവിലേക്ക് അവർ എത്തിച്ചേരുകയും ചെയ്യും.

തീർച്ചയായും ഖുർആൻ തന്നെയാണ് മുസ്‌ലിംകളുടെ പ്രഥമ പ്രമാണവും ആധികാരിക മാർഗനിർദേശങ്ങളുടെ ഉറവിടവും പ്രചോദനവും. അതാകട്ടെ, ഒരു അനുഗ്രഹമായി അവർക്കു ലഭിച്ചതാണുതാനും.

“വിശ്വസിക്കുന്ന ജനതയ്ക്ക് മാർഗദർശനവും കാരുണ്യവുമായിരിക്കത്തക്കവിധം നാം അവർക്ക് ഒരു ഗ്രന്ഥം നൽകുകയും ശരിയായ അറിവോടുകൂടി നാം അതിനെ വിശദമാക്കുകയും ചെയ്തിരിക്കുന്നു” (7:52).

പ്രവാചകൻ മുഹമ്മദ് നബിയിൽ നിന്നു മാർഗനിർദേശങ്ങൾ സ്വീകരിക്കാനും പ്രചോദനം ഉൾക്കൊള്ളാനും അവ പ്രയോഗവൽക്കരിക്കാനും ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്: “അല്ലാഹുവിന്റെ ദൂതരിൽ നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്. അതായത്, അല്ലാഹുവിനെയും അന്ത്യനാളിനെയും ഭയപ്പെടുകയും അല്ലാഹുവിനെ ധാരാളമായി ഓർക്കുകയും ചെയ്യുന്നവർക്ക്” (33:21).

“അവരുടെ പക്കൽ സമാധാനത്തിന്റെയോ ഭയത്തിന്റെയോ വാർത്ത എത്തിയാൽ അവരത് പറഞ്ഞുപരത്തും. അത് അവർ ദൂതനിലേക്കും അവരിൽ നിന്നു കാര്യബോധമുള്ളവരിലേക്കും മടക്കിയിരുന്നെങ്കിൽ അവരിൽ നിന്ന് അതിന്റെ സൂക്ഷ്മാവസ്ഥ കണ്ടുപിടിക്കാൻ കഴിയുന്നവർ അത് മനസ്സിലാക്കുമായിരുന്നു. അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും നിങ്ങൾക്ക് ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും ചുരുക്കം പേരൊഴിച്ച് പിശാചിനെ പിന്തുടരുമായിരുന്നു” (4:83).

## ഖുർആൻ ഭാഷയുടെ പ്രാധാന്യം

മുഴുവൻ ഇസ്‌ലാമിക അറിവുകളുടെയും പ്രഥമവും പ്രധാനവുമായ ഉറവിടം ഖുർആൻ ആണെന്നിരിക്കെ, അതിലെ ഇതിവൃത്തങ്ങളും അതിന്റെ ഭാഷയും പ്രാധാന്യമർഹിക്കുന്നുണ്ട്. ഖുർആൻ പാരായണം ചെയ്യുന്നതിന്റെ പ്രാധാന്യവും ആശയങ്ങൾ ഗ്രഹിക്കുകയും പ്രയോഗവൽക്കരിക്കുകയും ചെയ്യുന്നതിന്റെ അനിവാര്യതയും ചർച്ചയ്ക്കെടുക്കേണ്ടതാണ്.

സംസ്കാരങ്ങളുടെയും അറിവിന്റെയും കലവറകളാണ് ഭാഷകൾ. ആശയവിനിമയത്തിന്റെ മാർഗവും സ്വത്വരൂപീകരണത്തിലെ സുപ്രധാന ഘടകവുമാണത്. മനുഷ്യജീവിതത്തിൽ ഭാഷയ്ക്കു സുപ്രധാന സ്ഥാനം തന്നെയുണ്ട്. അറബി ഭാഷയും ഇതിൽ നിന്നു ഭിന്നമല്ല. എന്നല്ല, ഭാഷയിൽ അത് അതുല്യം കൂടിയാണ്. കാരണം, അല്ലാഹു അവന്റെ അവസാന സന്ദേശവ്യവഹാരങ്ങൾക്കു തിരഞ്ഞെടുത്തത് അറബിഭാഷയാണ്. എവിടെ എപ്പോൾ ആർക്ക് ഏതു ഭാഷയിലൂടെ സന്ദേശങ്ങൾ കൈമാറണമെന്നു വ്യക്തമായി അറിയുന്നവനാണല്ലോ അവൻ. അല്ലാഹു പറയുന്നു: “തീർച്ചയായും നാം ഇത് അറബിയിലുള്ള ഖുർആനായി അവതരിപ്പിച്ചു; നിങ്ങൾ ചിന്തിക്കാൻ വേണ്ടി” (12:2).

ഹിബ്രുവാണ് തൗറാത്തിന്റെ ഭാഷ. ബൈബിളിന്റെ ഭാഷ അരമയയും. വിശുദ്ധ ഖുർആനിന്റെയും പ്രവാചകന്റെ തിരുഹദീസുകളുടെയും മിക്ക ഇസ്‌ലാമിക പാരമ്പര്യത്തിന്റെയും ഭാഷയാണ് അറബി. ഖുർആൻ എന്നത് അറബിഭാഷയിൽ തന്റെ പ്രവാചകന് അല്ലാഹു കൈമാറിയ ദിവ്യസന്ദേശങ്ങളാണ്. ആയതിനാൽ ഖുർആനിന്റെ ആശയവും അർഥഗാംഭീര്യവും മനസ്സിലാക്കാൻ അതിന്റെ ഭാഷയായ അറബി പഠിക്കാൻ മുസ്‌ലിംകൾക്കു ബാധ്യതയാണ്.

അറബിയേതര ഭാഷ ഉപയോഗിക്കുന്ന രാജ്യങ്ങളിൽ കഴിവിന്റെ പരമാവധി അറബി ഭാഷയുടെ വ്യാപനത്തിനായി യത്നിക്കണം. അറബി സംസാരിക്കുന്ന മുസ്‌ലിംകൾക്കിടയിൽ പ്രസ്തുത ഭാഷയിലെ പ്രാവീണ്യത്തിന് ആവശ്യമായ പ്രചോദനങ്ങൾ നൽകിപ്പോരുകയും വേണം.

## ഇസ്‌ലാമിക ചിന്താധാരകൾ (മദ്ഹബുകൾ)

ഇസ്‌ലാമിനെ അതിന്റെ അടിസ്ഥാനവും സുപ്രധാനവുമായ പ്രമാണങ്ങളിൽ നിന്നുതന്നെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും പ്രചരിപ്പിക്കാനും മുസ്‌ലിം സമൂഹം പലപ്പോഴും ശ്രമം നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് വിഭിന്നങ്ങളായ ഇസ്‌ലാമിക ചിന്താധാരകൾ (മദ്ഹബുകൾ) വികസിച്ചുവരുകയും ഖുർആൻ, സുന്നഃ എന്നിവയിൽ നിന്ന് നേരിട്ടു മതം ഗ്രഹിക്കുന്നതിനു പകരം മദ്ഹബുകളെ ആശ്രയിച്ച് മതകാര്യങ്ങൾ ഗ്രഹിച്ചെടുക്കുന്ന രീതി പിന്തുടർന്നുപോരുകയും ചെയ്തത്. അടിസ്ഥാന മൂല്യങ്ങളെ നന്നായി മനസ്സിലാക്കാൻ സഹായിക്കുകയാണ് മദ്ഹബുകൾ ചെയ്യുന്നത്. മതത്തിന്റെ അടിസ്ഥാന ആശയങ്ങളോട് പൂർണാർഥത്തിൽ യോജിക്കുകയും അവയെ ഉൾക്കൊള്ളുന്നവയുമാണ് മദ്ഹബുകൾ. ദഅ്വഃ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം അടിസ്ഥാന പ്രമാണങ്ങളെ ഗഹനമായി മനസ്സിലാക്കാൻ സഹായിക്കുന്ന, അവ്വിധം ഉപയോഗപ്പെടുത്താൻ കഴിയുന്ന ശക്തമായ മാർഗമായിട്ടാണ് മദ്ഹബുകളെ കാണേണ്ടത്.

ഇസ്‌ലാമിക നിയമശാസ്ത്രത്തിലെ ഈ വ്യത്യസ്ത വഴികൾ ഉന്നതരായ പണ്ഡിതശ്രേഷ്ഠർ കൈമാറിയ മഹത്തായ പൈതൃകമാണ്. പിൽക്കാല തലമുറയിലെ നിപുണർ അവയെ കൂടുതൽ നവീകരിക്കുകയുണ്ടായി. മുസ്‌ലിംകൾക്ക് ഇവയിൽ ഏതും പിന്തുടരാം. എന്നിരുന്നാലും പണ്ഡിതന്മാർ വിശദീകരിച്ച തെളിവുകളെ കൂടുതലായി മനസ്സിലാക്കാൻ തയ്യാറാവണം. മറ്റുള്ളവരുടെ തിരഞ്ഞെടുപ്പുകളെ ബഹുമാനിക്കാനും ആവശ്യമാകുമ്പോൾ സൗഹൃദത്തോടെയും സത്യം ഗ്രഹിക്കുക എന്ന ആത്മാർഥ ലക്ഷ്യത്തോടെയും സംവാദങ്ങൾ നടത്താനും ഒരുക്കമായിരിക്കണം.

ഈ ചിന്താധാരകൾക്ക് അപ്രമാദിത്വമില്ല. അവയിൽ തെറ്റും ശരിയും

ഏറിയും കുറഞ്ഞുമുണ്ട്. പണ്ഡിതന്മാർ തന്നെയാണ് അവയെ വിമർശന വിധേയമാക്കിയത്. അതിനാൽതന്നെ ഏതെങ്കിലുമൊരു മദ്ഹബ് മാത്രമാണ് ശരി എന്ന് വാദിച്ചുകൂടാ. അതേയവസരം, ഏതെങ്കിലുമൊരു ചിന്താസരണിയെ വിലയിടിച്ചു കാണിക്കുകയോ അതിനെ നിരൂപിക്കുകയോ ചെയ്യുന്നതും മദ്ഹബ് വഴിത്താരയെ ഒഴിവാക്കി ഖുർആൻ, സുന്നത്ത് എന്നിവയിൽ നിന്നു പണ്ഡിതന്മാരുടെ വിശദീകരണങ്ങളെ അവലംബിക്കാതെ നിയമങ്ങൾ കണ്ടെത്താൻ ജനങ്ങളെ ആഹ്വാനം ചെയ്യുന്നതും സമുദായത്തെ സംബന്ധിച്ചിടത്തോളം ഏറെ ദോഷകരമായി ഭവിക്കുന്നതാണ്. എല്ലാ മദ്ഹബുകളും യഥാർഥ മൂലങ്ങളായ ഖുർആനുമായും ആധികാരിക ഹദീസുമായും ഗാഢമായി ബന്ധപ്പെട്ടുകിടക്കുന്നതാണെന്നു മാത്രമല്ല, അവയുടെ സ്ഥാപക പണ്ഡിതന്മാരെല്ലാം തങ്ങളുടെ അനുക്രമ മാർഗത്തെ ഖുർആനിലും സുന്നത്തിലും ആസ്പദിച്ചാണ് വികസിപ്പിച്ചെടുത്തതും.

മദ്ഹബുകൾ തിരസ്കരിക്കുക എന്നതു സാധ്യമല്ലെന്നു മാത്രമല്ല പ്രായോഗികവുമല്ല. നിലവിലെ ചിന്താസരണികൾക്കു പകരം മറ്റൊരു വഴി അവലംബിക്കുന്നവർ അറിഞ്ഞോ അറിയാതെയോ പുതിയൊരു നിയമശാസ്ത്രത്തിന് അടിത്തറ പാകുകയാണ് ചെയ്യുന്നത്. അപ്പോൾ മറ്റുള്ളവരെ ഏതു വിഷയത്തിലാണോ വിമർശിച്ചിരുന്നത് പ്രസ്തുത കാര്യം അവരും ചെയ്യുകയാണെന്നു വരും.

## 5. വിശ്വാസത്തെയും യാഥാർഥ്യത്തെയും ഉൾക്കൊള്ളുക

പവിത്രവും സാർവത്രികവും സമഗ്രവുമാണ് ഇസ്‌ലാമെന്നും, ഖുർആനിലും തിരുസുന്നത്തിലും ആസ്പദിച്ചാണ് അതു നിലകൊള്ളുന്നതെന്നും മനസ്സിലാക്കിയതിൽ പിന്നെ, ഇസ്‌ലാമിനെ എത്രത്തോളം പവിത്രമായി വർത്തമാന ജീവിതത്തിൽ പ്രകാശിപ്പിക്കുന്നുണ്ടെന്നു മുസ്‌ലിംകൾ പൊതുവിലും ദഅ്‌വഃ പ്രവർത്തകർ വിശേഷിച്ചും ആലോചിക്കേണ്ടതാണ്.

സാർവകാലികവും സാർവജനീനവുമായ ഇസ്‌ലാം എല്ലാ ദേശത്തേക്കും കൂടിയുള്ളതാണ്. ഇസ്‌ലാമിക വിശ്വാസവും വർത്തമാനകാല യാഥാർഥ്യങ്ങളും എത്രത്തോളം പൊരുത്തപ്പെടുന്നുവെന്നു മനസ്സിലാക്കാൻ കർമശാസ്ത്രത്തിന്റെ (ഫിഖ്ഹ്) വ്യത്യസ്ത മേഖലകളെ ആഴത്തിൽ പഠനവിധേയമാക്കണം. ഇസ്‌ലാമിക നിയമങ്ങളുടെ ഉന്നത ലക്ഷ്യങ്ങൾ (ഫിഖ്ഹ് മഖാസിദുശ്ശരീഅഃ), യാഥാർഥ്യങ്ങളെ കുറിച്ചുള്ള വിജ്ഞാനശാസ്ത്രം (ഫിഖ്ഹുൽ വാഖിഅ്), അനന്തര ഫലങ്ങളെ കുറിച്ചുള്ള നിയമങ്ങൾ (ഫിഖ്ഹുൽ മആലാത്ത്) എന്നിവയാണ് മേൽപറഞ്ഞ മേഖലകളിൽ സുപ്രധാനമായവ.

## ശരീഅഃയുടെ സമുന്നത ലക്ഷ്യങ്ങൾ (ഫിഖ്ഹ് മഖാസിദുശ്ശരീഅഃ)

ഇസ്‌ലാമിക പ്രവർത്തകർ ശരീഅഃ മുന്നോട്ടുവെക്കുന്ന ഉന്നത ലക്ഷ്യങ്ങൾ (മഖാസിദുശ്ശരീഅഃ) കൃത്യമായി മനസ്സിലാക്കേണ്ടതാണ്. മതഗ്രന്ഥങ്ങളെ അംഗീകരിക്കുന്നതോടൊപ്പം മതനിയമങ്ങൾക്കു പിന്നിലെ ഉന്നത ലക്ഷ്യങ്ങളെ അവഗണിക്കാവതല്ല. മതഗ്രന്ഥങ്ങളുടെ ശ്രേഷ്ഠപ്രാധാന്യത്തെ ഉൾക്കൊണ്ടാൽ മാത്രം പോരാ, പ്രസ്തുത ഗ്രന്ഥങ്ങളുടെ ഉദ്ദേശ്യതാൽപര്യങ്ങളെ കൂടി മനസ്സിലാക്കിയിരിക്കണമെന്നു സാരം. ഇസ്‌ലാമിക നിയമങ്ങളുടെ പൊതുവായ ലക്ഷ്യങ്ങളെ കുറിച്ചുള്ള ധാരണയുണ്ടായിരിക്കണം. സാമാന്യ തത്വപ്രകാരം കാര്യങ്ങൾ ഗ്രഹിക്കേണ്ടത് അവയുടെ താൽപര്യങ്ങളും അന്തഃസത്തയും മനസ്സിലാക്കിയായിരിക്കണം. അല്ലാതെ കേവല ഗ്രാഹ്യത പോരാ. അപ്പോൾ ഇവ്വിധം കാര്യങ്ങൾ വിശദീകരിക്കാൻ പ്രാപ്തരായവരെ ആശ്രയിക്കൽ അനിവാര്യമായിത്തീരും.

ഇസ്‌ലാമിക നിയമങ്ങളുടെ പരമ ലക്ഷ്യങ്ങൾ കർമശാസ്ത്ര പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. വിശ്വാസം, മനസ്സ്, ശരീരം, സന്താനം, സ്വത്ത് എന്നിവയുടെ സംരക്ഷണമാണത്. നീതി, സമത്വം, സ്വാതന്ത്ര്യം എന്നിവ കൂടി ഇസ്‌ലാമിക നിയമങ്ങൾക്കു പിന്നിലെ താൽപര്യങ്ങളാണെന്ന് മറ്റു ചില പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. ഈയൊരു ലക്ഷ്യാടിസ്ഥാനത്തിൽ മതമെന്ന രീതിയിൽ ഇസ്‌ലാമിനെയും ഇസ്‌ലാമിക നിയമങ്ങളെയും മനസ്സിലാക്കുന്നത് ദഅ്‌വഃ പ്രവർത്തനരംഗത്ത് വഴിതെറ്റാതിരിക്കാനും എന്തിനു മുൻഗണന നൽകണമെന്നു നിശ്ചയിക്കാനും സഹായിക്കും.

## വർത്തമാനകാല യാഥാർഥ്യങ്ങൾ (ഫിഖ്ഹുൽ വാഖിഅ്)

സമകാലിക സാഹചര്യങ്ങളെയും സങ്കീർണതകളെയും ഇസ്‌ലാമിക പ്രവർത്തകർ അപഗ്രഥിച്ചിരിക്കണം. സമൂഹത്തിന്റെ പൊതുവായ രീതികളെക്കുറിച്ചും ആഗോള സാഹചര്യങ്ങളെക്കുറിച്ചും അവബോധമുണ്ടായിരിക്കണം. നിലവിൽ ലഭ്യമായ വിഭവങ്ങളുടെ പരിമിതികളെക്കുറിച്ചും അവ ഉപയോഗപ്പെടുത്തി സാധിച്ചെടുക്കേണ്ട കാര്യങ്ങളെക്കുറിച്ചും നല്ല ധാരണയുണ്ടായിരിക്കണം. ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാൻ ഇതെല്ലാം അനിവാര്യമാണ്.

ശ്രദ്ധാപൂർവം തിരഞ്ഞെടുത്ത വളരെ വ്യക്തത പുലർത്തുന്ന വിഷയങ്ങളിലേക്ക് പൊതുജന മനസ്സ് ആകർഷിക്കാനാകണം. വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതിൽ മുൻഗണനാക്രമം പാലിക്കുകയും അവ നടപ്പാക്കുന്നതിൽ എന്തുമാത്രം പുരോഗതി കൈവരിക്കുന്നുണ്ടെന്ന് കൃത്യമായി നിരീക്ഷിക്കുകയും വേണം.

സാമൂഹിക ശാസ്ത്രം, മനഃശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, സാ

മൂഹിക പ്രവർത്തനം, രാഷ്ട്രമീമാംസ തുടങ്ങിയവയിൽ അവഗാഹം നേടിയവരുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നത്, വർത്തമാനകാല യാഥാർഥ്യങ്ങളെ വേണ്ട വിധം മനസ്സിലാക്കി പ്രബോധന ശ്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സഹായകമാകും. പ്രബോധിത സമൂഹത്തിന്റെ ജീവിതചുറ്റുപാടുകളെ സ്വാധീനിക്കുന്ന സുപ്രധാന സംഭവവികാസങ്ങളെ പ്രബോധകർ അറിഞ്ഞിരിക്കണം. എങ്കിൽ മാത്രമേ ഏറ്റവും പ്രഥമമായും അനിവാര്യമായും അഭിമുഖീകരിക്കപ്പെടേണ്ട, പരിഹരിക്കപ്പെടേണ്ട വിഷയമേതെന്ന തിരിച്ചറിവ് പ്രബോധകർക്കുണ്ടാവുകയും തദനുസൃതമായി ക്രിയാത്മക ഇടപെടലുകൾ നടത്താനും കഴിയുകയുള്ളൂ.

## അനന്തര ഫലങ്ങളെക്കുറിച്ചുള്ള ജ്ഞാനം (ഫിഖ്ഹുൽ മആലാത്ത്)

തങ്ങളുടെ, അല്ലെങ്കിൽ ചുറ്റുപാടുകളിൽ എടുക്കപ്പെടുന്ന തീരുമാനങ്ങളുടെ അനന്തരഫലം എന്തായിരിക്കുമെന്ന് ദീർഘവീക്ഷണം ചെയ്യാൻ പ്രബോധകർ പ്രാപ്തരായിരിക്കണം. ഇതിന് അല്ലാഹുവിന്റെ വിധിനിർണയങ്ങളെക്കുറിച്ച് ആഴത്തിലുള്ള അറിവ് ആവശ്യമാണ്. അതുപോലെ പൊതു സാമൂഹിക ചുറ്റുപാടുകളെ കുറിച്ചും പ്രാദേശിക-ദേശീയ-അന്തർദേശീയ സാഹചര്യങ്ങളെക്കുറിച്ചും നല്ല അറിവുണ്ടായിരിക്കണം. വല്ല തീരുമാനവും എടുക്കുന്നതിനു മുമ്പ് പ്രസ്തുത തീരുമാനം തങ്ങളെയും ചുറ്റുമുള്ളവരെയും എങ്ങനെയൊക്കെ ബാധിക്കുമെന്ന് പ്രബോധകർ ആലോചിക്കണം. ഏകദേശ ധാരണയുടെയല്ല, കൃത്യമായ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ ധൃതിപിടിക്കാതെ യാഥാർഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് തങ്ങളുടെ കഴിവ് എത്രയെന്നു മനസ്സിലാക്കി വ്യക്തതയുള്ള തീരുമാനങ്ങളെടുക്കുകയാണ് വേണ്ടത്.

ധൃതിപിടിച്ചെടുത്ത പല തീരുമാനങ്ങളും വിപരീത ഫലങ്ങൾ സൃഷ്ടിച്ചിട്ടുള്ളതായി ദഅ്വഃ ചരിത്രത്തിൽ എമ്പാടുമുണ്ട്. അവ മഹാ അബദ്ധങ്ങളായിരുന്നുവെന്ന് പിന്നീട് വ്യക്തമായിട്ടുണ്ട്.

## ഒഴിഞ്ഞുമാറുന്നതിന്റെ വ്യത്യസ്ത രൂപങ്ങൾ

ഇസ്‌ലാമിലെ മഹോന്നത ലക്ഷ്യങ്ങൾ ഉൾക്കൊള്ളുക, വർത്തമാനകാല യാഥാർഥ്യങ്ങളെ തിരിച്ചറിയുക, അനന്തര ഫലങ്ങളെക്കുറിച്ചു ധാരണയുണ്ടാവുക എന്നിവയാണ് ഇതുവരെ പരാമർശിച്ചത്. പാതിവഴിക്ക് പരാജയപ്പെട്ടുപോയ പല ദഅ്വഃ ശ്രമങ്ങളും ഇസ്‌ലാമിക ചരിത്രത്തിൽ കാണേണ്ടിവന്നത് ഈ വക കാര്യങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെടാതെ പോയതിനാലാണ്.

ചരിത്രത്തിൽ ആശ്വാസം കണ്ടെത്താനാണ് ഇന്നു പലരും ശ്രമിക്കുന്നത്. ഇസ്‌ലാമിന്റെ പുഷ്കല കാലത്തെക്കുറിച്ച് ഏറെ അഭിമാനം പ്രകടിപ്പിക്കുമെങ്കിലും കൈമോശം വന്ന ചരിത്രത്തെ തിരിച്ചുപിടിക്കാൻ യാതൊരു

ശ്രമവും നടക്കുന്നില്ലെന്നതാണ് ഖേദകരം.

മറ്റു ചിലരാകട്ടെ, വർത്തമാനകാലത്ത് ജീവിക്കുന്നവരാണ്. പക്ഷേ, മുസ്‌ലിം സമുദായത്തിന്റെ ദുരിതങ്ങളിൽ മാത്രമാണ് അവർ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. സമുദായത്തിന്റെ ഇന്നത്തെ അവസ്ഥയിൽ ഏറെ വിലപിച്ചുകൊണ്ടിരിക്കുന്ന അവർ മറ്റു പലരിലേക്കും വിരൽ ചൂണ്ടി പ്രസ്തുത ദുരവസ്ഥയ്ക്കു കാരണം അവരാണെന്നു പറഞ്ഞ് ആക്ഷേപങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ഈ പരിതഃസ്ഥിതി മറികടക്കാൻ തങ്ങൾക്ക് ആവുന്നത്രയും ചെയ്യുന്നുണ്ടെന്ന് സമാശ്വസിച്ച് അവർ ആത്മസംതൃപ്തരാവുകയും ചെയ്യുന്നു.

ഭാവിയിൽ അഭിരമിച്ചു കഴിയുന്നവരാണ് മറ്റു ചിലർ. ഉമ്മഃയുടെ പുരോഗതിക്കായി കാര്യമായൊന്നും ചെയ്യാൻ അവർ ഒരുക്കമല്ല. കാലങ്ങളായി കാത്തിരിക്കുന്ന ഇമാം മഹ്ദിയുടെ ആഗമനത്തിനായി, അല്ലെങ്കിൽ ഇനിയും പിറന്നിട്ടില്ലാത്ത 'നവോത്ഥാന നായകനി'ൽ പ്രതീക്ഷയർപ്പിച്ചു കാത്തിരിക്കുകയാണവർ. വരാനിരിക്കുന്ന അത്യുന്നത വ്യക്തിത്വം തങ്ങളുടെ പ്രശ്നങ്ങൾക്കത്രയും പരിഹാരം നിർദേശിക്കുമെന്നാണ് അവരുടെ പ്രതീക്ഷ.

മുസ്‌ലിംകൾ തങ്ങളുടെ ദൗത്യത്തെക്കുറിച്ച് ഏറെ പഠിക്കേണ്ടിയിരിക്കുന്നു. ജീവിക്കുന്ന കാലത്തെക്കുറിച്ചു കൃത്യമായി മനസ്സിലാക്കി ആ പരിതഃസ്ഥിതിയിൽ നിന്നു കരകയറി പരമാവധി പുരോഗതി കൈവരിക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് ആലോചിക്കേണ്ടതാണ്. ഇത്തരമൊരു ആലോചനയും ശ്രമവുമുണ്ടാകുമ്പോൾ സ്രഷ്ടാവിന്റെ ഭാഗത്തുനിന്നുള്ള സഹായവും പ്രതിഫലവും പ്രതീക്ഷിക്കാം.

## കാലം തേടുന്ന നവീകരണം (തജ്ദീദ്)

പൗരാണിക നിയമങ്ങൾ അവഗണിക്കാതെയുള്ള നവീകരണ പ്രക്രിയയിലാണ് നാം ഊന്നൽ കൊടുക്കേണ്ടത്. പഴയ കാലത്തിന്റെ നന്മയും പുതിയ കാലത്തിന്റെ മേന്മയും സംയോജിപ്പിക്കപ്പെടേണ്ടതുണ്ട്. ഇതുവഴി പ്രവർത്തനരംഗത്തെ സ്തംഭനാവസ്ഥയെ അല്ലെങ്കിൽ സാമൂഹിക രംഗത്തെ ഒറ്റപ്പെടലുകളെ മറികടക്കാൻ കഴിയും. മതത്തിന്റെ അടിസ്ഥാനങ്ങളിൽ ഉറച്ചുനിൽക്കുന്നതോടൊപ്പം ആധുനികതയെ സ്വീകരിക്കാനും തയ്യാറാകണം. ഇസ്‌ലാമിക സന്ദേശങ്ങൾ പരിഗണിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യണമെങ്കിൽ കാലാനുസൃതമായ നവീകരണങ്ങൾ സമീപനത്തിലും അവതരണത്തിലും വരുത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്. ഇസ് ലാമിക ചിന്താശാസ്ത്രങ്ങളിൽ വെറും അനുകരണ(തഖ്‌ലീദ്)ത്തിന് അമിതമായ ഊന്നൽ നൽകിയത് മുസ്‌ലിം സമൂഹത്തിനു ബൗദ്ധികവും മതപരവുമായ വലിയ ആഘാതമായി. ചരിത്രം രചിച്ച ഇസ്‌ലാമിക പണ്ഡിതന്മാരുടെ ചിന്തകളെയും ഇസ്‌ലാമിക ചിന്താധാരകൾ രൂപപ്പെടുത്തിയ

പണ്ഡിതന്മാരെയും പരിഗണിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നത് ധിഷണാപരമായ പ്രവർത്തനങ്ങൾക്കും ഗവേഷണ (ഇജ്തിഹാദ്)ത്തിനും തടസ്സമാവരുത്. ഇസ്‌ലാമിക ചിന്തകളിലെ ബൗദ്ധിക മുന്നേറ്റങ്ങൾക്കും പുതിയ കാലത്തെ സമൂഹത്തിനു ഗ്രാഹ്യമാംവിധം മതത്തെ നൂതനമായി അവതരിപ്പിക്കുന്നതിനും അത് ആവശ്യമാണ്.

നാല്

# പ്രബോധനത്തിന്റെ നൈതികത

**മു**സ്‌ലിംകളുടെ വൈയക്തിക-സാമൂഹിക സ്വഭാവ രൂപീകരണത്തിൽ സദാചാരബോധം ഏറെ പ്രധാനമാണ്. മനുഷ്യകുലത്തെ ഏറ്റവും മനോഹരമായാണ് സ്രഷ്ടാവ് പടച്ചത്. "മനുഷ്യനെ നാം ഏറ്റവും സുന്ദരമായ രൂപത്തിൽ സൃഷ്ടിച്ചിരിക്കുന്നു" (95:4). ആയതിനാൽ ധർമബോധത്തിലും ശരീരസൗന്ദര്യത്തിലും ഏറ്റവും മികവാർന്ന രീതിയിൽ അല്ലാഹു പടച്ചിരിക്കുന്ന മനുഷ്യർക്കു പ്രസ്തുത മികവ് എന്നും കാത്തുപോരുകയെന്നത് ഒരു ഉത്തരവാദിത്വവും ബാധ്യതയുമാണ്. പ്രവാചകൻ മുഹമ്മദ് നബിയായിരിക്കണം നമ്മുടെ പ്രചോദനവും മാതൃകയും. ഖുർആൻ ഈ കാര്യം ഊന്നിപ്പറയുന്നുണ്ട്: "താങ്കൾ മഹത്തായ സ്വഭാവത്തിനുടമയാണ്" (68:4). സൽസ്വഭാവത്തിന്റെയും നല്ല പെരുമാറ്റത്തിന്റെയും പ്രാധാന്യം പ്രവാചകന്റെ ഹദീസ് വ്യക്തമാക്കുന്നുണ്ട്. പ്രവാചകൻ പറഞ്ഞതായി അബ്ദുല്ലാഹിബ്നു ഉമർ (റ) ഉദ്ധരിക്കുന്നു: "ഏറ്റവും നല്ല സ്വഭാവവും പെരുമാറ്റ ശൈലിയും ഉള്ളയാളാണ് നിങ്ങളിൽ ഏറ്റവും ഉത്തമൻ" (ബുഖാരി 56:759).

ദഅ്‌വഃ പ്രവർത്തനത്തിന്റെ ആത്യന്തികമായ ലക്ഷ്യം ഇസ്‌ലാമിക സേവനമാണ്. അല്ലാഹുവിന്റെ പ്രീതിയും മതസേവനവും മാനുഷിക പരിരക്ഷയുമായിരിക്കണം പ്രബോധകന്റെ അന്തഃരംഗത്തെ ത്രസിപ്പിക്കുന്നത്. വൈയക്തികമായ താൽപര്യങ്ങൾക്കുമപ്പുറം തന്നിൽ അർപ്പിതമായ അമാനത്തിന്റെയും രിസാലത്തിന്റെയും ദൗത്യബോധങ്ങൾ ആയിരിക്കണം അവനെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കേണ്ടത്. യഥാർഥ ഇസ്‌ലാമിനെയാണ് തങ്ങൾ പ്രചരിപ്പിക്കുന്നതെന്ന് ഉറപ്പുവരുത്താൻ സ്വജീവിതത്തിൽ ഇസ്‌ലാമിക മൂല്യങ്ങൾ എത്രത്തോളം ജ്വലിച്ചുനിൽക്കുന്നുണ്ടെന്നു ദഅ്‌വഃ പ്രവർ

ത്തകർ ഇടയ്ക്കിടെ ആത്മവിചിന്തനം നടത്തണം. വിശുദ്ധ ഖുർആനും തിരുസുന്നത്തും പഠിപ്പിക്കുന്ന ക്ഷമയും ധീരതയും കരുത്തും സത്യസന്ധതയും സഹനവും മിതത്വവും താഴ്മയുമെല്ലാം പ്രബോധകന്റെ ജീവിതത്തിൽ എന്നുമുണ്ടായിരിക്കണം. മതഭ്രാന്തോ അമിതാവേശമോ ഉണ്ടാവരുത്. എല്ലാറ്റിനുമുപരി പരിപാലകനായ അല്ലാഹുവിന്റെ സഹായവും മാർഗനിർദേശവും എപ്പോഴും ലഭിച്ചുകൊണ്ടിരിക്കുമെന്ന ഉറച്ച വിശ്വാസത്തിലായിരിക്കണം ദഅ്വഃ പ്രവർത്തകർ.

## 1. പ്രബോധനം ഇസ്‌ലാമിക സേവനമാണ്

ദഅ്വയുടെ ധാർമിക വശം കൂടുതൽ വ്യക്തമാകാൻ മതമെന്ന രീതിയിൽ ഇസ്‌ലാമും പ്രസ്തുത മതത്തിലേക്കു ക്ഷണിക്കുകയും അതിന്റെ സന്ദേശങ്ങൾ വിശദീകരിക്കുകയും ചെയ്യുന്ന ദൗത്യമായ ദഅ്വഃയും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയേണ്ടതുണ്ട്.

മനുഷ്യർക്കാകമാനം അല്ലാഹു സംവിധാനിച്ച സത്യവും ശാശ്വതവുമായ മതമാണ് ഇസ്‌ലാം. തന്റെ പ്രവാചകനിലൂടെ അല്ലാഹു കൈമാറിത്തന്ന ഇസ്‌ലാമിൽ സ്ഖലിതമായോ തെറ്റായോ ഒന്നുമില്ല. അതേസമയം, ദഅ്വഃ പ്രവർത്തനം എന്നത് മനുഷ്യരുടെ ശ്രമമാണ്. പ്രസ്തുത ശ്രമങ്ങളിൽ ചിലപ്പോൾ അബദ്ധങ്ങൾ സംഭവിച്ചേക്കാം. അല്ലാഹുവിന്റെ മതം പവിത്രമാണ്. ഇസ്‌ലാം പവിത്രമാണെങ്കിൽ കൂടി ദഅ്വഃ പ്രവർത്തനങ്ങൾ തീർത്തും കുറ്റമുക്തമായിക്കൊള്ളണമെന്നില്ല. അഥവാ, ദഅ്വഃ പ്രവർത്തനങ്ങളിൽ സംഭവിച്ചേക്കാവുന്ന അബദ്ധങ്ങളുടെ പേരിൽ ഇസ്‌ലാമിനെ കുറ്റപ്പെടുത്തുന്നത് സംഗതമല്ല.

### പ്രശസ്തിക്കോ പദവിക്കോ വേണ്ടിയാകരുത്

ജീവിതത്തിലെ ഏറ്റവും വലിയ ദൗത്യമായിട്ടാണ് ദഅ്വഃ പ്രവർത്തനത്തെ ഇസ്‌ലാം കാണുന്നത്. അല്ലാഹുവിന്റെ പ്രവാചകരുടെ ദൗത്യം പുതിയ കാലത്തും ഏറ്റെടുത്തു നിർവഹിക്കുന്നവരാണ് ദാഇകൾ. ആയതിനാലാണ് പ്രബോധന ശ്രമങ്ങൾക്ക് ഇത്രമേൽ ശ്രേഷ്ഠത നൽകിപ്പോരുന്നതും ദഅ്വഃ പ്രവർത്തകർ സമുദായത്തിനകത്ത് ഏറെ ആദരിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്യുന്നതും. അപ്പോൾ ദഅ്വഃ പ്രവർത്തകരുടെ ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്നതു മാത്രമായിരിക്കണം. പദവികളോ ജനങ്ങളുടെ അംഗീകാരമോ ഒരിക്കലും ലക്ഷ്യമാകരുത്.

എന്നാൽ, ആഗ്രഹിക്കാതെ വന്നുചേരുന്ന സ്ഥാനമാനങ്ങളിൽ അഹങ്കരിക്കാതെ അല്ലാഹുവിനെ സ്തുതിച്ച് പ്രസ്തുത പദവികളെ ഗുണകരമായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതാണ്. ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന്, അവർക്ക് കാതു കൊടുത്ത്, സ്നേഹം കൈമാറി, തിരിച്ചൊന്നും പ്രതീക്ഷിക്കാതെ അവരുടെ സേവകനായി വർത്തിക്കണം. ഇതിനിടയിൽ വന്നു

ചേരുന്ന പദവികൾ തങ്ങളുടെ അവകാശമാണെന്നു ധരിക്കാതെ, വലിയ ഉത്തരവാദിത്വവും ഭാരവുമായി കാണണം. അഥവാ, അല്ലാഹുവിലേക്കു ജനങ്ങളെ ക്ഷണിക്കലും അവന്റെ സന്ദേശം പ്രചരിപ്പിക്കലും മാത്രമായിരിക്കണം പ്രബോധകന്റെ പ്രേരണകൾ.

### പ്രബോധനം ദൗത്യമാണ്

ദഅ്‌വഃ പ്രവർത്തനം ഒരു ദൗത്യമാണെന്ന കാഴ്ചപ്പാടിൽ നിന്നു മാറി വ്യക്തിതാൽപര്യങ്ങളുടെ പൂരണമാർഗമാകുമ്പോഴാണ് ഇത് കളങ്കിതമാകുന്നത്. ആശയത്തിനു മേൽ പ്രകടനപരതയും കാര്യക്ഷമതയ്ക്കു മേൽ അലസതയും ത്യാഗത്തിനു മേൽ സ്വാർഥ താൽപര്യവും ആത്മാർഥതയ്ക്കു മേൽ കാപട്യവും മേൽക്കോയ്മ നേടുന്നതിനെതിരെ പ്രബോധകർ ജാഗ്രത്തായിരിക്കണം. പ്രബോധന പ്രവർത്തനങ്ങൾ സങ്കുചിതമാകുമ്പോൾ പൊതുജനത്തിന്റെ അതൃപ്തിക്ക് അതു കാരണമാകും. തീർത്തും സുതാര്യവും തുറന്ന സമീപനമുള്ളതും സർവരെയും നന്മയിലേക്കു നയിക്കുന്നതുമായ മഹത്തായ ദൗത്യമാണ് പ്രബോധനം.

## 2. സ്വയം മാതൃകയാവുക

ദഅ്‌വഃ പ്രവർത്തകനാകുന്നതിന് ഇസ്‌ലാമിക സ്വഭാവമൂല്യങ്ങൾ ഏറ്റവും നല്ല രീതിയിൽ വാക്കിലും പ്രവൃത്തിയിലും പ്രകാശിപ്പിക്കാൻ കഠിന യത്നം നടത്തേണ്ടതാണ്. തങ്ങളുടെ വാക്കും പ്രവൃത്തിയും പെരുമാറ്റവുമെല്ലാം പ്രചരിപ്പിക്കുന്ന സന്ദേശത്തിന്റെ വെളിച്ചത്തിൽ സമൂഹം നോക്കിക്കാണുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ടെന്നു ദഅ്‌വഃ പ്രവർത്തകർ തിരിച്ചറിയണം. ആയതിനാൽ പ്രചരിപ്പിക്കുന്ന ആശയങ്ങളുടെ പ്രകാശിത രൂപം സ്വജീവിതത്തിലൂടെ വരച്ചുകാണിക്കാൻ പ്രബോധകർക്കാകണം. അതിനായി യത്നിക്കണം.

### സമർപ്പിത ജീവിതം ധന്യം

രക്തസാക്ഷിത്വം മഹത്തായ സ്ഥാനമാണ്. വിശ്വാസികളിൽ വളരെ കുറച്ചു പേർക്കു മാത്രം ലഭിക്കുന്ന, എന്നാൽ സത്യസന്ധരായ വിശ്വാസികൾ അതിയായി ആഗ്രഹിക്കുന്നതാണത്. ജീവൻ അല്ലാഹുവിന്റെ മാർഗത്തിൽ സമർപ്പിക്കുന്നതു പോലെത്തന്നെ ജീവിതം മുഴുക്കെ അല്ലാഹുവിനായി സമർപ്പിക്കുന്നതും ഏറെ മഹത്വമുള്ളതാണ്. കാരണം, ഇരു സമർപ്പണവും സത്യത്തിനും നീതിക്കും വേണ്ടിയുള്ള ത്യാഗമാണ്. എന്നല്ല, അല്ലാഹുവിന്റെ മാർഗത്തിൽ മൃത്യു വരിക്കുന്നതിനേക്കാൾ ലോകത്തിന് ഒന്നുകൂടി ഉപകാരപ്രദമാകുന്നത് ജീവിതം അല്ലാഹുവിനു സമർപ്പിക്കുമ്പോഴാണ്. എല്ലായിടങ്ങളിലും തങ്ങളുടെ ഇസ്‌ലാമിക പ്രവർത്തനം വ്യാപിപ്പിച്ച്, ലോകത്തിന്റെ വിഭവശേഷിയെ കൂടുതൽ പരിപോഷിപ്പിച്ച്, മനുഷ്യവൈഭവങ്ങളെ സമൂഹത്തിന് അനുഗുണമായി വഴിതിരിച്ചുവിട്ടു മറ്റുള്ളവർ മാ

തൃകയാക്കുമാറ് മുസ്‌ലിം സമുദായത്തെ സമുദ്ധരിച്ചു മതസേവനത്തിനു അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം സമർപ്പിക്കുന്ന പ്രബോധകർ മനുഷ്യത്വത്തിനു തന്നെ മഹത്തായ ധർമമാണ് നിർവഹിക്കുന്നത്.

മരണത്തിനു ശേഷമുള്ള ജീവിതമാണ് മുസ്‌ലിംകൾക്കു പ്രധാനം. ജീവിതം തന്നെ അപ്രധാനമെന്നു പ്രചരിപ്പിക്കുന്ന പ്രതിപുരുഷന്മാരെയും സംഘങ്ങളെയും മുസ്‌ലിംകൾ തീർത്തും തിരസ്കരിക്കുന്നു. ഏറ്റവും ഉത്തമ മാതൃകാ ജീവിതം നയിക്കുക എന്നതുതന്നെയാണ് ജീവിതത്തിന്റെ ഏറ്റവും വലിയ മൂല്യം. ഈ മൂല്യം തിരിച്ചറിയുന്നതാണ് അനുകരണീയനായിത്തീരുന്നതിന്റെ പ്രഥമ ഘട്ടം.

## രണ്ടു രീതിയിലുള്ള മതബോധം

പ്രലോഭനങ്ങൾക്കു വഴങ്ങാത്ത ഹൃദയവും ജാഗ്രത്തായ മനസ്സുമുള്ളവരാണ് യഥാർഥ മതബോധമുള്ളവർ. സമൂഹത്തിനു മാതൃകയായി ജീവിക്കുന്ന ഇത്തരം ആളുകളെ സന്തോഷത്തോടെ പ്രശംസിക്കാനും അനുസരിക്കാനും സമൂഹം ഔത്സുക്യം കാണിക്കും.

ഇത്തരം വിശ്വാസമേന്മയെ പ്രശംസിക്കുമ്പോൾ തന്നെ, രോഗാതുര ഹൃദയമുള്ള അസന്തുഷ്ടരായ തെറ്റായ മതബോധമുള്ളവരെ കുറിച്ചു മുന്നറിയിപ്പു നൽകലും അനിവാര്യമാണ്. വിവേചനശേഷിയും പക്വതയുമില്ലാത്ത ആളുകൾ അനുചിതമായിട്ടായിരിക്കും പ്രവർത്തിക്കുക. ജനങ്ങൾക്ക് ഇത്തരം ആളുകളോട് പുച്ഛമായിരിക്കും. മാത്രമല്ല, അവർ തെറ്റായ മാതൃകകളാണ്. ഇത്തരം മതാത്മകത വിശിഷ്യാ ദഅ്‌വഃ പ്രവർത്തകരിൽ കാണുമ്പോൾ ജനങ്ങൾ മതത്തിൽ നിന്ന് അകലാൻ നിമിത്തമാകും. മതത്തിലേക്കു വരവുവെക്കപ്പെടുന്ന ഇവരുടെ അരുതായ്മകൾ കേവല വ്യക്തിയുടെ അപാകതകളേക്കാളും സമൂഹത്തെ ദോഷകരമായി ബാധിക്കും.

തെറ്റായ മതാത്മകതയുടെ മറ്റൊരു ഘടകം അതിരുകടന്ന പ്രകടനപരതയാണ്. അപ്പോൾ ആന്തരിക ധർമബോധത്തിനു വേണ്ടത്ര പരിഗണന നൽകപ്പെടുകയില്ല. നിർബന്ധ കർമങ്ങളേക്കാൾ ഐച്ഛികമായ ആരാധനാമ മുറകൾക്കാണ് അക്കൂട്ടർ പ്രാധാന്യം നൽകുക. സാമൂഹിക നന്മയേക്കാളും വ്യക്തിതാൽപര്യങ്ങൾക്കായിരിക്കും കൂടുതൽ പരിഗണന. അവർ തങ്ങളുടെ തെറ്റായ സ്വഭാവങ്ങൾക്കും വൈകല്യങ്ങൾക്കും മതത്തിന്റെ ആധികാരികത ചാർത്തി നൽകും. അർഹിക്കാത്ത പദവികൾക്കായി ഇത്തരക്കാർ യത്നിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

യഥാർഥ മതബോധമുള്ളവർ തീർത്തും ഇതിനു വിപരീതമായിരിക്കും. അല്ലാഹുവിന്റെ പ്രീതിക്കായി താൻ ഏറ്റെടുത്ത ദൗത്യം പൂർത്തീകരിക്കുക എന്നതു മാത്രമായിരിക്കും അവരുടെ പ്രചോദനം. “പറയുക: എന്റെ നമസ്കാരവും ആരാധനാകർമങ്ങളും എന്റെ ജീവിതവും മരണവും ലോ

കനാഥനായ അല്ലാഹുവിനു വേണ്ടിയാകുന്നു" (6:162).

## ധീരത രണ്ടുവിധം

പ്രബോധന യത്നത്തിൽ കൈമുതലായിരിക്കേണ്ട സുപ്രധാന സ്വഭാവമാണ് ധൈര്യം. പ്രബോധകർക്ക് എത്രത്തോളം ആത്മധൈര്യമുണ്ടോ അത്രത്തോളം ഉദ്ദേശിക്കുന്ന സന്ദേശങ്ങൾ പ്രചരിപ്പിക്കാനുള്ള അവസരം ലഭിക്കും.

മറ്റൊരു തരത്തിലുള്ള ധീരതയുണ്ട്. അവസരത്തിനായി കാത്തിരിക്കുക എന്നതാണത്. വിശിഷ്യാ, ക്ഷമയോടെയുള്ള കാത്തിരിപ്പ് പുനരാലോചനയ്ക്കു തയ്യാറാകേണ്ട ഘട്ടങ്ങളിൽ വിശേഷിച്ചും ഈയൊരു ആത്മനിയന്ത്രണവും മനക്കരുത്തും സന്തോഷകരമായ വിജയം സമ്മാനിക്കുമെന്നതു തീർച്ചയാണ്. ക്ഷമയും യുക്തിബോധവും ആയുധമാക്കിയുള്ള ശ്രമങ്ങൾ നിസ്സാരവൽക്കരിക്കപ്പെടുകയോ വിമർശിക്കപ്പെടുകയോ ഇല്ല. കുശാഗ്രബുദ്ധിയുള്ള, ധൈര്യം കൈമുതലായിട്ടുള്ളവർക്കു വിശാലമായ കാഴ്ചപ്പാടുണ്ടാകും. ദീർഘവീക്ഷണത്തോടെയുള്ള കണക്കുകൂട്ടലുകൾക്കു ശേഷമായിരിക്കും അവർ ഇടപെടുക.

ക്ഷമയാണ് ധീരതയുടെ പ്രത്യക്ഷാവിഷ്കാരം. പ്രവാചകൻ മുഹമ്മദ് നബിയുടെയും മറ്റു പ്രവാചകന്മാരുടെയും ഏറ്റവും വിശിഷ്ടമായ ഗുണങ്ങളിൽ ഒന്നാണത്. പ്രബോധനവഴിയിൽ ക്ഷമയോടെ മുന്നേറാൻ പ്രവാചകനെ ഖുർആൻ ഓർമപ്പെടുത്തുന്നതു കാണാം. "അതുകൊണ്ട് ദൃഢചിത്തരായ ദൂതന്മാർ ക്ഷമിച്ചതുപോലെ താങ്കളും ക്ഷമിക്കുക. അവർക്കു വേണ്ടി താങ്കൾ തിരക്കുകൂട്ടരുത്..." (46:35).

## അചഞ്ചല വിശ്വാസി

പ്രബോധകർ ആന്തരികമായും ബാഹ്യമായും ആവിഷ്കരിക്കേണ്ട മൂല്യവിശേഷങ്ങളിൽ പ്രധാനമാണ് അചഞ്ചല വിശ്വാസിയാവുക എന്നത്. പ്രവാചകൻ പറഞ്ഞു: "ദൃഢവിശ്വാസിയാണ് ദുർബലവിശ്വാസിയേക്കാളും അല്ലാഹുവിങ്കൽ പ്രിയങ്കരൻ; ഇരുവരും നല്ലവരാണെങ്കിൽ തന്നെയും" (സ്വഹീഹ് മുസ്‌ലിം).

വിശ്വാസപ്രമാണത്തിന്റെ ദൃഢത അതിന്റെ ആധികാരികതയിലാണ്. വിശ്വാസത്തിന്റെ ദൃഢത കണക്കാക്കുന്നത് അതിന്റെ തീവ്രത കൊണ്ടാണ്. സരണി കരുത്തുറ്റതാകുന്നത് അത് ഋജുവാകുമ്പോഴാണ്. ബുദ്ധി മികച്ചതാവുന്നത് വേണ്ടത്ര ശ്രദ്ധയും ബോധവുമുണ്ടാകുമ്പോഴാണ്. ശരീരത്തിന്റെ ദൃഢത ഉണ്ടാകുന്നത് അതിന്റെ കായിക കരുത്തു കൊണ്ടുമാണ്.

ദൃഢവിശ്വാസികൾ ശരീരത്തിന്റെ ആരോഗ്യത്തെ കൂടി ഗൗനിക്കാൻ നമ്മെ ഓർമപ്പെടുത്തുന്നു. വൃത്തി ശീലിച്ച്, വ്യായാമങ്ങൾ ചെയ്ത്, നല്ല ഭക്ഷണം കഴിച്ച് ആരോഗ്യകരമായ ജീവിതം നയിക്കാൻ ശീലിക്കണമെന്നു സാരം. ശരീരത്തിന് ഉപദ്രവകരമായ ലഹരിമരുന്നുകൾ, പുകയില

ഉൽപന്നങ്ങൾ, മദ്യം തുടങ്ങിയവ മതപരമായും ആരോഗ്യപരമായും നിർബന്ധമായും ഒഴിവാക്കേണ്ടതാണ്. അപ്പോൾ മാത്രമേ പ്രബോധന പ്രവർത്തനങ്ങൾ ഏറെ ഊർജസ്വലമായും കാര്യക്ഷമമായും അതിന്റെ പൂർണ താൽപര്യങ്ങൾ ഉൾക്കൊണ്ടും മുമ്പോട്ടുപോകാൻ സാധിക്കുകയുള്ളൂ.

ശാരീരികവും വൈകാരികവും മാനസികവുമായ ആരോഗ്യഗുണങ്ങൾ സമ്മിശ്രമാകുമ്പോഴാണ് ജനങ്ങൾക്കു മാതൃകയാവാൻ കഴിയുക. ഖുർആനിക മൂല്യങ്ങൾ പൂർണാർഥത്തിൽ ഉൾക്കൊള്ളുക കൂടി ചെയ്യുമ്പോൾ വിശ്വാസത്തിനു മാറ്റുകൂടുകയും ചെയ്യും. മൂസാ പ്രവാചകന്റെ സ്വഭാവവിശേഷങ്ങളെ വർണിച്ചുകൊണ്ട് ഖുർആൻ പറഞ്ഞത് ശ്രദ്ധേയമാണ്: "ആ രണ്ടു പെൺകുട്ടികളിൽ ഒരുത്തി പറഞ്ഞു: എന്റെ പിതാവേ, നമുക്ക് ഇദ്ദേഹത്തെ ഒരു കൂലിക്കാരനായി വെക്കാം. നിങ്ങൾ കൂലിക്കു വെക്കുന്നവരിൽ ഉത്തമൻ ഇദ്ദേഹത്തെപ്പോലെ ശക്തനും വിശ്വസ്തനും തന്നെയാണ്" (28:26).

## 3. മിതത്വം, സന്തുലിതം, സഹനം

മിതത്വവും സന്തുലിതത്വവും പരിശീലിക്കേണ്ടതാണ്. എല്ലാ കാര്യത്തിലും പാരമ്യതക്കും അപര്യാപ്തതക്കുമിടയിലെ മിതത്വം ഉയർത്തിപ്പിടിക്കുന്ന മതമാണ് ഇസ്‌ലാം. മുസ്‌ലിംകളോട് അല്ലാഹു പറയുന്നത് ഇങ്ങനെയാണ്: "അപ്രകാരം നാം നിങ്ങളെ ഒരുത്തമ (മധ്യമ) സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്കു സാക്ഷികളായിരിക്കാനും ദൈവദൂതൻ നിങ്ങൾക്കു സാക്ഷിയായിരിക്കാനും വേണ്ടി" (2:143).

ഇസ്‌ലാം പരാമർശിക്കുന്ന മിതത്വം ജീവിതത്തിന്റെ എല്ലാ തുറകളിലും വ്യാപിച്ചുനിൽക്കുന്നതാണ്. നാഗരിക സൃഷ്ടിപ്പിൽ വിമുഖത പുലർത്തുന്നതോ ലക്ഷ്യങ്ങളെയും ഉത്തരവാദിത്വങ്ങളെയും അവഗണിക്കുന്നതോ ആയ കുത്തഴിഞ്ഞ ജീവിതമായിരിക്കരുത് മുസ്‌ലിമിന്റേത്. ജീവിതത്തിന്റെ മുഴുവൻ ആസ്വാദ്യതകളെയും അനുഭവിക്കുന്നതുമാകരുത്. പകരം മതനിയമങ്ങൾക്കു വിധേയപ്പെട്ട്, അതിർവരമ്പുകളെ മാനിച്ചുകൊണ്ടുള്ള മിതവും സന്തുലിതവുമായ ജീവിതമായിരിക്കണമത്. പണം ചെലവഴിക്കുന്നതിൽ, മറ്റുള്ളവരുമായി ഇടപെടുന്നതിൽ, ഭക്ഷണത്തിൽ, വസ്ത്രത്തിൽ, സമ്പാദ്യത്തിൽ തുടങ്ങിയവയിൽ മാത്രമല്ല, നാഗരിക ഔന്നത്യങ്ങളെ പ്രകാശിപ്പിക്കുന്നതിലും ആരാധനാകർമങ്ങളിൽ പോലും മിതത്വം കാത്തുപോരേണ്ടതുണ്ട്. അവകാശങ്ങൾ, ബാധ്യതകൾ, ശരീരം-ആത്മാവ്, ബുദ്ധി-ഹൃദയം, വ്യക്തിജീവിതം-സാമൂഹിക ജീവിതം എന്നിവയ്ക്കിടയിൽ സന്തുലിതത്വം ഏറ്റവും നല്ല രീതിയിൽ ആവിഷ്കരിക്കാൻ ബാധ്യതപ്പെട്ടവരാണ് പ്രബോധകർ.

മേൽവിഷയങ്ങളെ പൂർണമായും അവഗണിക്കുന്നത് വ്യക്തികളുടെയും സമൂഹത്തിന്റെയും താൽപര്യങ്ങളെയും അവകാശങ്ങളെയും നിഷേ

ധിക്കലാണ്. സമാനമായി ഈ വിഷയങ്ങളിൽ തീവ്രത കാണിക്കുന്നതും അപകടകരമാണ്. കാരണം, മനുഷ്യപ്രകൃത(ഫിത്വ്റത്ത്)ത്തെ തിരസ്കരിക്കലായിരിക്കും അത്. അമിത വ്യവഹാരങ്ങളെ നിർദാക്ഷിണ്യം അല്ലാഹു തിരസ്കരിക്കുന്നുണ്ട്: "ആദം സന്തതികളേ, നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുവിൻ. അമിതമാകരുത്. അമിതമാക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല" (7:31).

ഇസ്‌ലാമിന്റെ മുഖച്ഛായയിൽ പ്രധാനമായിട്ടാണ് മിതത്വത്തെ അല്ലാഹു കാണുന്നത്. മനുഷ്യപ്രകൃതിയും കഴിവുകളും കഴിവുകേടുകളുമെല്ലാം അറിയുന്ന അവനാണല്ലോ നമ്മുടെ സ്രഷ്ടാവ്. അവനറിയാം നമുക്ക് ഏറ്റവും അനുഗുണമായത് എന്താണെന്ന്.

## ആത്മവിശ്വാസം പ്രകടിപ്പിക്കുക

എന്നെന്നും നിലനിൽക്കുന്ന മതമാണ് ഇസ്‌ലാം. ആരൊക്കെ അനിഷ്ടം പ്രകടിപ്പിച്ചാലും അല്ലാഹുവിന്റെ അധികാരം നിലനിൽക്കുക തന്നെ ചെയ്യും. വിശുദ്ധ ഖുർആനും ഹദീസും ഈ കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. പ്രബോധകർക്ക് ഈ വിഷയങ്ങളിൽ ആത്മവിശ്വാസമുണ്ടാകണം. എങ്കിൽ ആവശ്യമായ പിന്തുണയും അംഗീകാരവും വന്നുചേരും. പക്ഷേ, ഇത് ആക്രമണോത്സുകതക്കോ ബലാൽക്കാരത്തിനോ ഹേതുവാകരുത്. ഇസ്‌ലാം എപ്പോൾ പ്രചുരപ്രചാരം നേടുന്നുവെങ്കിലും അത് സമാധാനത്തോടെയും അക്രമരഹിതവുമായിരിക്കണം. അധികാരശക്തി കൊണ്ടല്ല, പകരം പ്രബോധന പ്രവർത്തനങ്ങൾ കൊണ്ടാകണം സത്യമതത്തിലേക്കുള്ള മാറ്റം. ആത്മവിശ്വാസത്തോടെയും സമാധാനത്തോടെയുമുള്ള പ്രബോധനത്തെ പരാമർശിച്ചുകൊണ്ട് ഖുർആൻ പറഞ്ഞു: "മതത്തിൽ ബലപ്രയോഗമില്ല. സന്മാർഗം ദുർമാർഗത്തിൽ നിന്നു വ്യക്തമായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് പിശാചിനെ തള്ളിക്കളയുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ബലമുള്ള കയറിലാണ് പിടിച്ചിരിക്കുന്നത്. അതിനു തകർച്ചയില്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്" (2:256).

## ശാന്തത പരിശീലിക്കുക, അമിത പ്രതികരണങ്ങൾ ഒഴിവാക്കുക

വൈകാരിക ആവേശങ്ങൾക്കു പകരം യുക്തിസഹമായി വിഷയങ്ങളെ സമീപിക്കാൻ ശീലിക്കണം. പ്രകോപനങ്ങളല്ല, അവധാനപൂർവമുള്ള ചർച്ചാശൈലിയാണ് പിന്തുടരേണ്ടത്. നവോത്ഥാന ശ്രമങ്ങളിൽ സൗമ്യത ഏറെ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. മുസ്‌ലിംകളും അല്ലാത്തവരും അനുവർത്തിച്ചുവരുന്ന തെറ്റായ ആചാരങ്ങൾക്കെതിരെ ചില പരിഷ്കർത്താക്കൾ അമിതമായി പ്രതികരിച്ചതുപോലെ പ്രതികരിക്കാൻ പാടില്ല. ചിലയാളുകൾ സമൂഹത്തെ പരിഷ്കരിക്കാൻ ലക്ഷ്യംവെച്ച് ഒന്നുകിൽ

തീവ്രനിലപാടുകൾ സ്വീകരിക്കുകയോ അല്ലെങ്കിൽ ഇസ്‌ലാമിൽ നിയമവിധേയമായ കാര്യങ്ങളിൽ പോലും തങ്ങളുടേതായ ചില അതിർവരമ്പുകൾ നിശ്ചയിക്കുകയോ ചെയ്യുന്നു. ഇതു തീർത്തും വിപരീത ഫലമാണ് സൃഷ്ടിക്കുക.

മതാനുഷ്ഠാനത്തിന്റെ ഭാഗമെന്നോണം അനുചിതമായത് പലതും കടന്നുകൂടിയത് കാണുമ്പോൾ ചില പ്രബോധകർ ബിദ്അത്ത് (നൂതനാശയം) ആരോപണം വല്ലാതെ ഉപയോഗിക്കുന്നതു കാണാം. മതത്തിനകത്തെ ചില നവോത്ഥാന നേതാക്കൾ, സമുദായത്തിലെ വലിയൊരു വിഭാഗം മദ് ഹബുകളെ പിൻതുടരുന്നതു കാണുമ്പോൾ അവ പറ്റെ തിരസ്കരിക്കണമെന്ന് ശഠിക്കുന്നു.

ചിലയിടങ്ങളിൽ കാണുന്ന അമിത ആഡംബരത്തോട് വിമ്മിഷ്ടം തോന്നിയ മറ്റു ചിലർ അല്ലെങ്കിൽ സംഘങ്ങൾ പൂർണമായ ഐഹിക വിരക്തി ആഹ്വാനം ചെയ്യുന്നു. ഈ വക ആഹ്വാനങ്ങളെയൊന്നും പൊതു മുസ്‌ലിം സമൂഹം പിന്തുടർന്നേക്കരുത്. കാരണം, അവയൊന്നും മധ്യനിലപാടുകളെയല്ല പ്രതിനിധാനം ചെയ്യുന്നത്. ദഅ്‌വഃ പ്രവർത്തകർ ഒരിക്കലും ഇത്തരം തീവ്രനിലപാടുകാരാകാൻ പാടില്ല.

## മതഭ്രാന്ത് ഒഴിവാക്കുക

ദൈവഭക്തിയോടെ മതനിഷ്ഠ പുലർത്തി സത്കർമങ്ങൾ അനുഷ്ഠിക്കുന്നതും ഇസ്‌ലാം പൂർണമായും നിരാകരിച്ച മതഭ്രാന്തും തമ്മിലുള്ള അന്തരം മനസ്സിലാക്കിയവരാകണം ദഅ്‌വഃ പ്രവർത്തകർ.

കാലങ്ങളായി തങ്ങൾ അനുവർത്തിച്ചുപോന്ന പ്രബോധനശൈലിയിൽ ചിലയാളുകൾ ആവേശം പ്രകടിപ്പിക്കുകയും ഊറ്റം കൊള്ളുകയും ചെയ്യുന്നതായി കാണാം. ഏറ്റവും ഗുണപ്രദവും നല്ലതും തങ്ങളുടെ ശൈലിയാണെന്നായിരിക്കും അവരുടെ വിശ്വാസം. ഈയൊരു നിലപാടിനെ നിയമവിരുദ്ധമെന്നോ അസ്വീകാര്യമെന്നോ പറഞ്ഞു തള്ളാൻ കഴിയില്ല.

എന്നാൽ, മറ്റു ചിലർ ഒരുപടി കൂടി കടന്ന് തീവ്രനിലപാട് സ്വീകരിക്കാറുണ്ട്. ഇസ്‌ലാം അത് അറിവില്ലായ്മയുടെ ലക്ഷണമായി കണക്കാക്കുന്നു. ഭക്തിയും സൽകർമവും ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നു. മതഭ്രാന്തിൽനിന്ന് വ്യത്യസ്തമാണത്.

പ്രത്യേക ദേശക്കാരോടോ വർഗക്കാരോടോ ഏതെങ്കിലും പാർട്ടിക്കാരോടോ സംഘങ്ങളോടോ കാട്ടുന്ന കടുത്ത കൂറ് അജ്ഞതയാണ്. മതത്തിൽ അതിരുവിടരുത്. മതഭ്രാന്തിന്റെ അത്തരം രൂപങ്ങളെ നിർമാർജനം ചെയ്യാൻ ചുക്കാൻ പിടിക്കേണ്ടവരാണ് പ്രബോധകർ. മുസ്‌ലിംകൾക്കു വലിയൊരു പാഠമായി ഖുർആൻ ഇങ്ങനെ പറയുന്നു: “പറയുക: വേദക്കാരേ, സ്വന്തം മതത്തിൽ സത്യമല്ലാത്തത് നിങ്ങൾ കടത്തിക്കൂട്ടരുത്. മുമ്പു തന്നെ വഴിതെറ്റിപ്പോയ ഒരു ജനതയുടെ ഇച്ഛകളെ നിങ്ങൾ പിന്തുടരുക

യുമരുത്. അവർ അനേകം പേരെ വഴിതെറ്റിക്കുകയും നേർമാർഗത്തിൽ നിന്നു സ്വയം വ്യതിചലിക്കുകയും ചെയ്തിരിക്കുന്നു” (5:77).

## 4. നല്ല സമീപനം

ദഅ്‌വഃ പ്രവർത്തകർ ഗുണാത്മക സമീപനവും ശുഭാപ്തിവിശ്വാസവുമുള്ളവരായിരിക്കണം. കൃത്യനിർവഹണത്തിനും വിജയത്തിനും മുൻകരുതലായി വേണ്ടത് ശുഭപ്രതീക്ഷയാണ്. ജനങ്ങളെ വിശ്വാസത്തിലെടുക്കാനും ലളിതമായി സന്ദേശങ്ങൾ കൈമാറാനും പ്രബോധകർക്ക് കഴിയണം. നിരാശ, വിശ്വാസമില്ലായ്മ തുടങ്ങിയ അനുചിത പ്രവണതകൾ വെച്ചുപുലർത്തുന്നവരോ സങ്കീർണത സൃഷ്ടിക്കുന്നവരോ ആകരുത് പ്രബോധകർ. സങ്കീർണമാക്കുന്നതിനെയല്ല, ലളിതമാക്കുന്നതിനെയാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്.

### ദുരിതപരീക്ഷണങ്ങളെ കുറിച്ചുള്ള സന്ദേഹങ്ങൾ

സത്യത്തിന് എന്നും വിജയമുണ്ടാകുമെന്ന സന്ദേശമാണ് ഖുർആനും സുന്നഃയും നൽകുന്നത്. എന്നാൽ, നിലവിലെ പതിതാവസ്ഥയെ ചൂണ്ടിക്കാട്ടി കാലം കഴിയുന്തോറും നാം ഏറെ പരിതാവസ്ഥയിലേക്കു നീങ്ങുമെന്ന് പ്രചരിപ്പിച്ച് ഉമ്മഃയുടെ ആത്മധൈര്യം കെടുത്തിക്കളയുന്നത് ഉചിതമല്ല. പരീക്ഷണങ്ങളെ പറ്റിയുള്ള പ്രവാചക വചനങ്ങൾ ഏറെയും ദുർബലമാണ്.

ഇങ്ങനെ തെറ്റായൊരു ധാരണ വെച്ചുപുലർത്തുന്നത് പ്രാപഞ്ചിക ദൈവിക നിയമത്തോടും ഭൂത-വർത്തമാനകാല സംഭവങ്ങളോടും ഒത്തുപോകുന്നതല്ല. എന്നല്ല, അല്ലാഹുവിന്റെ പരമനീതിയെപ്പറ്റിയുള്ള അജ്ഞതയുമാണത്. കാരണം, പരാജയപ്പെടുമെന്ന് നിനച്ചിരിക്കുന്നവരോട് അല്ലാഹു മതപ്രബോധനത്തിനായി കഠിനാധ്വാനം ചെയ്യാൻ കൽപിക്കുകയും അവർക്കു വിജയവാഗ്ദാനം നൽകുകയും ചെയ്യുകയുമില്ല. ആയതിനാൽ സ്രഷ്ടാവ് അവന്റെ മതത്തിനു വിജയം നൽകുമെന്ന ഉറച്ച വിശ്വാസത്തിലും ശുഭപ്രതീക്ഷയിലുമായിരിക്കണം പ്രബോധകർ. അപ്പോൾ മാത്രമാണ് അല്ലാഹുവിലും അവന്റെ സന്ദേശത്തിലും ഭൂമിയിൽ അതു പ്രചരിപ്പിക്കാൻ വേണ്ട നമ്മുടെ ശേഷിയിലുമുള്ള ആത്മവിശ്വാസത്തെയും ആത്മധൈര്യത്തെയും വേണ്ടവിധം ആവിഷ്കരിക്കാൻ പ്രബോധകരെന്ന നിലയിൽ സാധിക്കുകയുള്ളൂ.

### വിജയപരാജയങ്ങളുടെ പാരമ്പര്യം

മുസ്‌ലിംകൾക്ക് ആത്മാഭിമാനം നൽകുന്ന ഏറെ വീരകഥകൾ ഇസ്‌ലാമിക ചരിത്രത്തിൽ ധാരാളമുണ്ട്. ഈ മുൻകാല നേട്ടങ്ങൾ വർത്തമാന മുസ്‌ലിംകൾക്ക് അനുഗുണമാകുന്നത് സമാന വിജയഗാഥകൾ രചിക്കാൻ അവ പ്രചോദിപ്പിക്കുമ്പോഴാണ്. എന്നാൽ, ചരിത്രത്തിലെ ഔന്നത്യങ്ങ

ളിൽ ഊറ്റം കൊണ്ട് സമൂഹത്തിൽ നിഷ്ക്രിയരായി ചടഞ്ഞിരിക്കുന്നുവെങ്കിൽ പ്രസ്തുത ചരിത്രനേട്ടങ്ങളെ കുറിച്ചുള്ള മേന്മ നടിക്കൽ വികാസവഴിയിലെ തടസ്സങ്ങൾ മാത്രമാണ്.

ചരിത്രത്തിലെ അബദ്ധങ്ങളെക്കുറിച്ചും സമാന രീതിയിൽ പറയാൻ കഴിയും. ഭാവിക്കു വേണ്ടിയുള്ള ആസൂത്രണങ്ങളിൽ, കഴിഞ്ഞകാല അബദ്ധങ്ങളിൽ നിന്നുൾക്കൊണ്ട് പാഠങ്ങൾ ഉപയോഗപ്പെടുത്താനായാൽ ചരിത്രബോധം ഗുണകരമാണ്. അതേസമയം, ക്രിയാത്മകമായി ഒന്നും ചെയ്യാതെ സംഭവിച്ചുപോയ അബദ്ധങ്ങളുടെ പേരിൽ കണ്ണീർ പൊഴിച്ചു പരസ്പരം പഴിചാരി സങ്കടങ്ങൾ പങ്കുവെച്ചു നിഷ്ക്രിയരാവുന്നുവെങ്കിൽ അവരുടെ വർത്തമാനം മാത്രമല്ല ഭാവിയും ഇരുളടഞ്ഞതാവും.

## പ്രധാന കുറവുകളെ മറികടക്കുക

മതപരവും ഭൗതികവുമായ പല വിഷയങ്ങളിലും മുസ്‌ലിംകളുടെയെന്നല്ല പ്രബോധകരുടെ തന്നെ പ്രകടനം ഏറെ കുറവുകൾ ഉള്ളതായി അനുഭവപ്പെടാറുണ്ട്. ധാരാളം കഴിവുകളും അനുഗ്രഹങ്ങളും അല്ലാഹു നൽകിയിട്ടുണ്ടെങ്കിലും 'ഇത്രയൊക്കെ മതി' എന്ന ഉഴപ്പൻ നിലപാടാണ് ദൗർഭാഗ്യകരമായ ഇത്തരം അവസ്ഥകൾ സൃഷ്ടിക്കുന്നത്. വേണ്ടത്ര വിഭവശേഷിയും ഇടങ്ങളും ആളുകളും ആശയങ്ങളും ഉള്ളവരാണ് നല്ലൊരു ശതമാനം പ്രബോധകരും. സമൂഹത്തെ മുന്നോട്ടു നയിക്കാനും ഉന്നതമായ നാഗരികത പടുത്തുയർത്താനും ശേഷിയുള്ളവരാണവർ. എന്നിട്ടും ലക്ഷ്യത്തിലെത്താതെ പാതിവഴിയിൽ അവർക്കു കാലിടറുന്നു.

പരാജയത്തിൽ നിന്നു കരകയറി കാര്യക്ഷമതാ തലത്തിലേക്ക്, സങ്കടകരമായ അവസ്ഥയിൽ നിന്നു പുരോഗതിയിലേക്ക് എങ്ങനെ എത്താൻ കഴിയുമെന്നു ഗൗരവമായി ആലോചിക്കേണ്ടതുണ്ട്. ആത്മവിചാരണ, സർഗവൈഭവങ്ങളുടെ വികാസം, വിഷയങ്ങളെ ഗൗരവത്തിലെടുക്കുന്ന സ്വഭാവം, ആരോഗ്യകരമായ മത്സരസ്വഭാവം, നല്ലതു ചെയ്യുന്നവരെ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക, പ്രശ്നക്കാരെ കണക്കിലെടുക്കുക, കഠിനാധ്വാനത്തെ പ്രണയിക്കുക തുടങ്ങിയ സുപ്രധാന ഘടകങ്ങൾ ഒത്തുചേരുമ്പോഴേ മേൽ ലക്ഷ്യം സാധ്യമാവൂ.

## ഗൂഢാലോചനാ സിദ്ധാന്തങ്ങൾ

ചില ദഅ്‌വഃ പ്രവർത്തകർ എപ്പോഴും മറ്റുള്ളവർ ഇസ്‌ലാമിനെതിരായി നടത്തുന്ന ഗൂഢാലോചനകളെ കുറിച്ചു സംസാരിക്കുമ്പോൾ മറ്റു ചിലർ അതിനെ പാടേ നിരാകരിക്കുന്നു. മനുഷ്യകുലത്തിന്റെ തുടക്കം മുതൽക്കേ ഉപജാപങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതെന്നും ഉണ്ടാവുകയും ചെയ്യും. പക്ഷേ, എല്ലാറ്റിനെയും ഗൂഢാലോചനയാണെന്ന ധാരണയോടെ നോക്കിക്കാണുന്നത് യുക്തിയല്ലെന്നു മാത്രമല്ല, മതം അതംഗീകരിക്കുന്നുമില്ല. ശത്രുക്കൾ ഇസ്‌ലാമിനെതിരെ വല്ല ഗൂഢാലോചനയും നടത്തിയി

ട്ടുണ്ടെങ്കിൽ തന്നെയും അത് എല്ലായ്പോഴും വിജയിച്ചിട്ടില്ല. ചിലപ്പോൾ അതിന്റെ വക്താക്കൾക്കു തന്നെ അതു ദോഷകരമായി ഭവിക്കുകയും ചെയ്തു.

'ഗൂഢാലോചനകളെ' കൈകാര്യം ചെയ്യേണ്ടത് അവയെ വിലകുറച്ചു കണ്ടുകൊണ്ടോ ഊതിവീർപ്പിച്ചുകൊണ്ടുമോ അല്ല. അങ്ങനെ ചെയ്യുന്നതാണ് യഥാർഥ ഗൂഢാലോചനയെക്കാളും അപകടകരം. പകരം അമിത പ്രാധാന്യം നൽകുയോ തീരെ അവഗണിക്കുകയോ ചെയ്യാതെ അവയെ മനസ്സിലാക്കുകയും വിലയിരുത്തുകയുമാണ് വേണ്ടത്. ഗൂഢാലോചനകൾക്കെതിരെ നിഷ്ക്രിയമായിരിക്കുകയോ അവയ്ക്കു കാരണം നമ്മുടെ തന്നെ അബദ്ധങ്ങളാണെന്നു പറഞ്ഞ് പരിതപിക്കുകയോ ചെയ്യരുത്. യഥാർഥ കാരണങ്ങളെന്തെന്നും സ്വാധീനം എത്രത്തോളമായിരിക്കുമെന്നും തിരിച്ചറിയാനുള്ള അവധാനത ഉണ്ടായിരിക്കുകയാണ് വേണ്ടത്.

## ഇസ്‌ലാമിന്റെ സംരക്ഷണം സ്രഷ്ടാവ് ഏറ്റെടുത്തത്

ഇസ്‌ലാം മതത്തെ സംരക്ഷിക്കുന്ന കാര്യം അല്ലാഹു ഏറ്റെടുത്തതാണ്. നമുക്ക് അതിൽ ആശങ്ക വേണ്ട. പക്ഷേ, ഈ സത്യമതം അവന്റെ തീർപ്പുകളാണെങ്കിൽ കൂടി അത് ആവിഷ്കരിക്കപ്പെടുന്നത് മനുഷ്യശ്രമങ്ങളിലൂടെയാണ്. മതത്തിന്റെ നിലനിൽപിനായി മഹത്തുക്കളായ പ്രവാചകന്മാരും അനുയായികളും പിന്മുറക്കാരും ഏറെ ത്യാഗം സഹിച്ചിട്ടുണ്ടെന്ന് ചരിത്രം പറയുന്നു. അവരെ അനുധാവനം ചെയ്തു മതസംരക്ഷണത്തിന്റെ വഴിയിൽ നമ്മുടേതായ ധർമം നിർവഹിക്കണം. സ്രഷ്ടാവിന്റെ പ്രീതി ലക്ഷ്യം വെച്ച് പ്രബോധനത്തിനിറങ്ങുന്നവർക്ക് അവന്റെ പൂർണ പിന്തുണയും സഹായവുമുണ്ടാകുമെന്ന ഉറച്ച വിശ്വാസമുണ്ടാകണം. "വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനെ സഹായിക്കുകയാണെങ്കിൽ അവൻ നിങ്ങളെയും സഹായിക്കുകയും നിങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തുകയും ചെയ്യും" (47:7).

## നിയന്ത്രിതാവേശം ഗുണകരമാണ്

ആവേശം അനുഗ്രഹമാണ്. ദൃഢനിശ്ചയത്തിന്റെയും സമർപ്പണത്തിന്റെയും മാത്സര്യത്തിന്റെയും നൂതനത്വത്തിന്റെയും താൽപര്യങ്ങളെ അത് ജ്വലിപ്പിച്ചുനിർത്തും. ഇവയോടൊപ്പം മറ്റു സവിശേഷതകൾ കൂടിയുണ്ടാകുമ്പോൾ പ്രവർത്തനങ്ങൾ കൂടുതൽ സമ്പന്നവും മാറ്റങ്ങൾ സൃഷ്ടിക്കുന്നതുമാകും. അതേസമയം, വേണ്ടത്ര ആവേശമില്ലെങ്കിൽ പ്രബോധനത്തിന്റെ ഫലവും അത്ര ആശാവഹമായിരിക്കില്ല.

ആവേശം ജ്വലിപ്പിച്ചു നിർത്തുമ്പോൾ തന്നെ അതിന്റെ തീവ്രത എത്രയെന്നു ശ്രദ്ധിക്കേണ്ടതുണ്ട്. ആവേശം കൂടുതൽ തീവ്രമാകുന്നത്, വിശിഷ്യാ യുവാക്കളിൽ ഒരുപക്ഷേ അപകടം ചെയ്യും. തീവ്രാഭിനിവേശം കാരണം അവർ തെറ്റായ വഴിയിൽ സഞ്ചരിക്കാൻ സാധ്യതയുണ്ട്. ബുദ്ധി

മാന്മാരായ ഇസ്‌ലാമിക പ്രവർത്തകർ ചെയ്യേണ്ടത് യുവസമൂഹത്തെ ചേർത്തുപിടിച്ച് അവരുടെ ആവേശം ഗുണകരമായ രീതിയിൽ ഉപയോഗപ്പെടുത്തുകയാണ്. തങ്ങൾ സമൂഹത്തിനു വേണ്ടവരാണെന്ന വിചാരം യുവാക്കളിൽ സൃഷ്ടിക്കാനും ഇതുവഴി കഴിയും.

യുവസമൂഹം കഴിയുന്നത്ര സേവനങ്ങൾ അർപ്പിക്കുന്നുണ്ടെന്നു തിരിച്ചറിഞ്ഞ് അവർക്ക് ആവശ്യമായ പിന്തുണയും അർഹിക്കുന്ന അംഗീകാരവും അഭിനന്ദനവും നൽകാൻ പ്രബോധകർ തയ്യാറാവണം. ഇങ്ങനെ ചെയ്യുമ്പോൾ അവർ അപഥസഞ്ചാരത്തിലാകുന്നതിനെ പ്രതിരോധിക്കാൻ കഴിയും. മാത്രമല്ല, അവരിൽ ആത്മാഭിമാനം സൃഷ്ടിക്കാനും സാധിക്കും. ദഅ്‌വഃ പ്രവർത്തകർ ഏറെ ശ്രദ്ധിക്കേണ്ട മേഖലയാണിത്.

## 5. വിനയവും താഴ്മയും

ദഅ്‌വഃ പ്രവർത്തകർക്ക് ഉണ്ടാകേണ്ട അടിസ്ഥാന മൂല്യങ്ങളിൽ പ്രധാനമാണ് വിനയവും താഴ്മയും. അവരുടെ സ്വഭാവം ഖുർആൻ ഇങ്ങനെ വർണിക്കുന്നു: "മഹാകാരുണികന്റെ ദാസന്മാർ ഭൂമിയിൽ വിനയത്തോടെ നടക്കുന്നവരും വിവരമില്ലാത്തവർ തങ്ങളോട് സംസാരിക്കുന്നുവെങ്കിൽ സമാധാനം ആശംസിക്കുന്നവരുമാണ്..." (25:63).

### ആത്മാർഥത, പിഴവില്ലായ്മ

ഉദ്ദേശ്യശുദ്ധി (ഹുസ്നുന്നിയ്യഃ)ക്ക് ഇസ്‌ലാം മതത്തിൽ പവിത്ര സ്ഥാനമുണ്ട്. എല്ലാ കർമങ്ങളുടെയും അന്തഃസത്ത അതാണെന്നു മാത്രമല്ല, എന്തും അല്ലാഹു സ്വീകരിക്കണമെങ്കിൽ ഉദ്ദേശ്യശുദ്ധി കൂടിയേ തീരൂ. ആത്മാർഥത (ഇഖ്‌ലാസും)യും ഏറെ അനിവാര്യമായ മറ്റൊന്നാണ്. ആത്മാർഥതയില്ലാത്ത കർമങ്ങളത്രയും നിഷ്ഫലമാണ്. കേവല ആത്മാർഥത കൊണ്ടു മാത്രമായില്ല; ശരിയായ രീതിയിൽ കർമങ്ങൾ അനുഷ്ഠിക്കാനുള്ള വിജ്ഞാനം വേണം; അതു പ്രകാരം അവ നിർവഹിക്കുകയും വേണം. ഇതെല്ലാം മേളിക്കുമ്പോഴാണ് വിജയത്തിലെത്തുന്നത്.

ആത്മാർഥതയും നിഷ്കളങ്കതയുമുള്ളവരെ എളുപ്പം വഴിതെറ്റിക്കാൻ കഴിയും. യഥാർഥത്തിൽ ഇവ രണ്ടും ഉണ്ടാകുമ്പോൾ വിരോധികൾ മനസ്സുവെച്ചാൽ ദോഷകരമായ പരിണതിയാണ് ഉണ്ടാവുക. താൽപര്യങ്ങളിൽ ആത്മാർഥതയും കാഴ്ചപ്പാടുകളിൽ പരിഹാസ്യമായ നിഷ്കളങ്കതയും പുലർത്തുന്നവരെ പ്രതിയോഗികൾക്ക് എളുപ്പം വഞ്ചിക്കാൻ കഴിയും. അതു കാരണം അബദ്ധങ്ങളും യുക്തിസഹമല്ലാത്ത തീരുമാനങ്ങളും അവരിൽ നിന്നുണ്ടാകാൻ സാധ്യതയേറെയാണ്. ചിലപ്പോൾ അത്ര ഉപകാരപ്രദമല്ലാത്ത ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഇത്തരക്കാർ കഠിനാധ്വാനം ചെയ്യുന്നതായി കാണാം. വലിയ പൊതുതാൽപര്യമില്ലാത്ത വിഷയങ്ങൾക്കു വേണ്ടി ചിലപ്പോൾ ഇത്തരക്കാർ എല്ലാം സമർപ്പിക്കുകയും ചെയ്യും. ഇവ്വിധം അജണ്ടകൾ എതിരാളികൾ ഹൈജാക്ക് ചെയ്യുന്നതിനെക്കുറിച്ചു

ജാഗ്രത പുലർത്തേണ്ടത് അനിവാര്യമാണ്.

## മേൽക്കോയ്മയുണ്ടാകും, പക്ഷേ

അസത്യത്തിനു മേൽ സത്യത്തിന് എന്നും മേൽക്കോയ്മയുണ്ടാകും. പക്ഷേ, പ്രബോധകർക്ക് തങ്ങൾ മറ്റുള്ളവരേക്കാൾ വിശുദ്ധരാണെന്ന് അവകാശപ്പെടാനാവില്ല. സംബോധിതരുടെ മേൽ അധികാരവും മേൽക്കോയ്മയുമുണ്ടെന്ന് പ്രബോധകർ നിനച്ചുവെക്കുന്നത് തികഞ്ഞ അബദ്ധമാണ്. യഥാർഥത്തിൽ സ്രഷ്ടാവിനോട് താഴ്മയും ജനങ്ങളോട് എളിമയുമാണ് പ്രബോധകർ കാത്തുപോരേണ്ടത്. താൻ മറ്റുള്ളവരേക്കാൾ ഏറെ യോഗ്യനാണെന്ന വികല ചിന്തയാണ് മേൽക്കോയ്മാ ഭാവത്തിലൂടെ പ്രകടമാകുന്നത്. ഇത്തരമൊരു ചിന്തയുള്ളവർ അഭിസംബോധന ചെയ്യപ്പെടേണ്ടവരിൽ നിന്ന് അറിയാതെ അകലം പാലിക്കാൻ പ്രേരിതരാകും. അവർക്കു പ്രബോധനപ്രവർത്തനങ്ങൾ ശരിയായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനാവില്ല. മേൽപറഞ്ഞ സ്വഭാവദൂഷ്യക്കാരെ ഗുണദോഷിച്ചുകൊണ്ട് ഖുർആൻ ഇങ്ങനെ പറഞ്ഞു: “ജനങ്ങളിൽ നിന്നു മുഖം തിരിച്ചുകളയരുത്. ഭൂമിയിൽ അഹന്ത നടിച്ചു നടക്കരുത്. അഹങ്കാരിയും ദുരഭിമാനിയുമായ ആരെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല” (31:18).

തെറ്റായ ആശയങ്ങളുടെ മേൽ തങ്ങളുടെ ശരിയായ ആശയങ്ങൾക്കുള്ള മെച്ചമാണ് പ്രബോധകർ പ്രകടിപ്പിക്കേണ്ടത്; അല്ലാതെ വ്യക്തിപരമായ വൈശിഷ്ട്യങ്ങളെയല്ല. ജനങ്ങൾക്കിടയിൽ സേവകനായി വർത്തിക്കാനുള്ള അവസരം നൽകിയതിന് അല്ലാഹുവിനു നന്ദി പ്രകാശിപ്പിക്കുന്ന മനസ്സുണ്ടാകണം. ദൗത്യങ്ങളെ പ്രണയിച്ചും സഹനവും ക്ഷമയും കൈമുതലാക്കി ജനങ്ങളെ സേവിച്ചും ശരിയായ ദിശയിലേക്കു സമൂഹത്തെ നയിക്കുന്നതിനും കഠിനശ്രമം നടത്തിയുമായിരിക്കണം പ്രബോധകർ സജീവമാകേണ്ടത്. ഇവ്വിധമാകുമ്പോൾ മനഃശാസ്ത്രപരമായ വൈകല്യങ്ങൾക്കപ്പുറം പ്രബോധകർ യഥാർഥ ഔന്നത്യമുള്ളവരാകും. സത്യമായ ആശയതത്വങ്ങളുടെ മേൽക്കോയ്മ എല്ലാ വിധത്തിലും ശ്ലാഘിക്കപ്പെടേണ്ടതു തന്നെയാണല്ലോ.

## ആഡംബരം ഒഴിവാക്കുക

ആഡംബരം എന്നതിനെ സമ്പത്ത് ദുരുപയോഗം ചെയ്യുക എന്നുകൂടി വിശദീകരിക്കാം. ഇസ്‌ലാം ഇതിനെ ശക്തമായി വിലക്കുന്നുണ്ടെന്നു മാത്രമല്ല, ഏതെങ്കിലും രാജ്യത്ത് ഇതു സർവസാധാരണമാകുന്നുവെങ്കിൽ അത് നാശത്തിന്റെ സൂചനയാണ് എന്നുകൂടി ഓർമപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് എല്ലാ രീതിയിലും ധൂർത്തിനെ ഉപരോധിക്കണം.

ദഅ്‌വഃ പ്രവർത്തകരെന്നു സ്വയം പരിചയപ്പെടുത്തുന്ന ചിലയാളുകൾ ധൂർത്ത് ശീലമാക്കിയിട്ടുണ്ട്. ആവശ്യമില്ലാതെ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ തങ്ങുക, ഫസ്റ്റ്ക്ലാസിൽ മാത്രം യാത്ര ചെയ്യുക, വില കൂടിയ വാഹ

നങ്ങൾ മാത്രം ഉപയോഗിക്കുക എന്നതെല്ലാം ആഡംബരത്തിന്റെ ഗണത്തിൽ പെടുന്നതാണ്.

ബുദ്ധിജീവികളെന്നു സ്വയം പരിചയപ്പെടുത്തുന്ന ചില പ്രബോധകർ, തങ്ങൾ വൈജ്ഞാനിക വ്യാപനത്തിനു യത്നിക്കുന്നവരാണെന്നും അതിനു വിലയിടാനാകില്ലെന്നുകൂടി പറഞ്ഞുവെക്കുന്നു. ഇതുവഴി പൊതുജനത്തെ വഞ്ചിക്കുകയാണ് അവർ ചെയ്യുന്നത്. സത്യത്തിൽ ബുദ്ധിജീവി പരിവേഷത്തിനു പ്രബോധനത്തിൽ എന്തു ഭാഗധേയമാണുള്ളത്? കാരണം ദഅ്‌വയുടെ ഉദ്ദേശ്യം, എളിമയോടെ ജനങ്ങളെ സേവിക്കുകയും അവരെ സഹായിക്കുകയുമാണല്ലോ.

ജനസേവനത്തിനു താൽപര്യമില്ലാത്ത ഈ അഭിനവ ബുദ്ധിജീവികൾ ഭൗതിക ആഡംബരങ്ങൾ പോലെ ബൗദ്ധിക ആഡംബരത്തെയുമാണ് പ്രതിനിധീകരിക്കുന്നത്. അതുകൊണ്ട് വിവേകശാലികളായ ഇസ്‌ലാമിക പ്രബോധകർ, ജനങ്ങളുടെ സമയവും സമ്പത്തും അധ്വാനവും ദുർവ്യയം ചെയ്യുകയും യഥാർഥ ദഅ്‌വഃ അജണ്ടയിൽ നിന്നു തെന്നിമാറുകയും ചെയ്യുന്ന വിദ്വാൻപട്ടം ചമഞ്ഞ ഇത്തരക്കാരിൽ നിന്നു തീർത്തും വ്യതിരിക്തത പുലർത്തണം. ഇത്തരം സ്വഭാവദൂഷ്യങ്ങളിൽ നിന്നു മുക്തമായി അല്ലാഹുവിന്റെ പ്രീതി മാത്രം കാംക്ഷിച്ചു കർമനിരതരാവുന്നതിനെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഖുർആൻ ഇങ്ങനെ പറയുന്നു: “താങ്കളുടെ നാഥന്റെ പ്രീതി ആഗ്രഹിച്ചുകൊണ്ട് രാവിലെയും വൈകുന്നേരവും അവനെ ആരാധിക്കുന്നവരുടെ കൂടെ താങ്കൾ ക്ഷമിച്ചുനിൽക്കുക. ഐഹിക ജീവിതത്തിന്റെ അലങ്കാരം ഉദ്ദേശിച്ചുകൊണ്ട് അവരിൽ നിന്നു താങ്കളുടെ ദൃഷ്ടികൾ തെന്നിമാറരുത്. നമ്മെ സ്മരിക്കുന്നവരിൽ നിന്ന് ആരുടെ ഹൃദയത്തെ നാം അശ്രദ്ധമാക്കുകയും തന്നിഷ്ടത്തെ പിന്തുടരുകയും തന്റെ കാര്യം അതിരുവിട്ടതാവുകയും ചെയ്തിട്ടുണ്ടോ അവനെ താങ്കൾ അനുസരിക്കരുത്” (18:28).

## മതനേതാക്കളെ അഭിനന്ദിക്കാം, പക്ഷേ പവിത്രവത്കരിക്കരുത്

ദഅ്‌വഃ സംഘത്തിന്റെ നേതാവ്, മതപണ്ഡിതൻ, പ്രാദേശിക ഇമാം തുടങ്ങിയവരോട് പ്രത്യേക ഇഷ്ടവും താൽപര്യവും തോന്നുന്നത് സ്വഭാവികമാണ്. പക്ഷേ, അതൊരിക്കലും അതിരുകടന്നതാവരുത്. മുൻകാല പ്രവാചകന്മാരുടെ ചില അനുയായികൾ തങ്ങളുടെ പ്രവാചകന്മാർക്കും ഋഷിതുല്യരായ അനുയായികൾക്കും ഏറെ പവിത്രത കൽപിക്കുകയും ദൈവത്തിനു സമാനമായവരാണെന്ന് വിശ്വസിച്ചു മഹാപാതകമായ ശിർക്ക് ചെയ്യുന്നവരും തൗഹീദിൽ നിന്ന് അകന്നുപോകുന്നവരുമായിട്ടുണ്ട്.

ഇസ്‌ലാമിക പ്രവർത്തകരിൽ പൊതുവായി കാണുന്ന അപാകത തങ്ങൾ ഇഷ്ടപ്പെടുന്ന നേതാക്കളുമായി ആത്മബന്ധം സ്ഥാപിക്കുകയും

തെറ്റും ശരിയും സത്യവും അസത്യവും വേർതിരിച്ചു മനസ്സിലാക്കാനുള്ള മാനദണ്ഡമായി ഈ നേതാക്കളെ പരിഗണിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. നേതാക്കളുടെ അപ്രമാദിത്വത്തിൽ ഇങ്ങനെ വിശ്വാസമർപ്പിക്കുമ്പോൾ 'ജനങ്ങളെ വിലയിരുത്തുമ്പോൾ സത്യത്തെ മാനദണ്ഡമാക്കുക. അല്ലാതെ ജനങ്ങളുടെ സ്വഭാവത്തെ മാനദണ്ഡമാക്കി സത്യത്തെ വിലയിരുത്തരുത്' എന്ന പൊതുതത്വം നിരാകരിക്കപ്പെടുന്നു.

ദഅ്‌വഃ പ്രവർത്തകർക്കിടയിലെ അനൈക്യത്തിനും ശത്രുതയ്ക്കുമുള്ള മുഖ്യഹേതു മേൽപറഞ്ഞ അനഭിമതമായ പവിത്രവത്കരണമാണ്. നേതാക്കളോടുള്ള ആഭിമുഖ്യത്തിലും മിതത്വം പാലിക്കണം. മാത്രവുമല്ല, അവരിൽ അപാകതകൾ വന്നേക്കാമെന്നുള്ള ധാരണയുണ്ടാവുകയും വേണം.

നേതാക്കളെ സ്നേഹിക്കുകയും അഭിനന്ദിക്കുകയും അവരോട് കൂറു പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ പരിഗണിക്കപ്പെടേണ്ടത് അവരുടെ നേട്ടങ്ങളുടെ മേന്മയും പ്രചരിപ്പിക്കുന്ന മൂല്യങ്ങളുടെ മഹത്വവുമാണ്. നേതാക്കളല്ല ശാശ്വതം; സത്യമാണ് സ്ഥിരമായത്. ദഅ്‌വഃ പ്രവർത്തകർ വിശിഷ്യാ നേതാക്കൾ വിനയവും എളിമയും ആവിഷ്കരിക്കുന്നവരാകണം. അനുമോദനവും ആദരവും ആർജിച്ചെടുക്കുന്നതാണെന്നും എന്നാൽ അപ്രമാദിത്വം മതത്തിന് അവകാശപ്പെട്ടതാണെന്ന തിരിച്ചറിവുമുണ്ടാകണം.

## ശരി നമ്മുടെ മാത്രം കുത്തകയല്ല

തങ്ങളുടെ നിലപാടുകൾ മാത്രമാണ് ശരി എന്ന ധാരണ ഏതെങ്കിലും പ്രബോധക സംഘങ്ങൾ വെച്ചുപുലർത്തുന്നത് ഉചിതമല്ല. അവരവരുടെ ലക്ഷ്യത്തെക്കുറിച്ചും വഴികളെക്കുറിച്ചും ആത്മവിശ്വാസം ഉള്ളതോടൊപ്പം അവ മാത്രമാണ് കുറ്റമറ്റത് എന്ന ധാരണ ഉണ്ടാവരുത്. പ്രവർത്തനങ്ങളിൽ സുതാര്യത പുലർത്തുകയും ലക്ഷ്യങ്ങളിലോ ശൈലികളിലോ വല്ല അബദ്ധവും പിണഞ്ഞാൽ തിരുത്തണമെന്ന ബോധം പുലർത്തുകയും വേണം.

പ്രബോധനവഴിയിൽ മറ്റുള്ളവരുടെ വഴികളെ മാനിക്കുകയും ബഹുമാനത്തോടെ അവരെ നോക്കിക്കാണുകയും വേണം. പ്രധാനമായും നാലു കാര്യങ്ങൾ ശ്രദ്ധിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്: 1. സ്രഷ്ടാവിന്റെ പ്രീതി മാത്രമാണോ തങ്ങളുടെ ലക്ഷ്യമെന്ന് ആത്മവിചിന്തനം നടത്തുക. 2. ഏറ്റവും മികച്ച രീതിയിൽ നന്മയ്ക്കായി യത്നിക്കുക. 3. അബദ്ധങ്ങൾ തുറന്ന മനസ്സോടെ അംഗീകരിക്കുക. 4. മറ്റുള്ളവർ ശരികൾ ചെയ്യുമ്പോൾ സന്തോഷിക്കുകയും അവ അംഗീകരിക്കുകയും ചെയ്യുക.

അങ്ങനെയെങ്കിൽ ഒരേ ലക്ഷ്യത്തിനായി യത്നിക്കുന്നവരോടെല്ലാം നിഷ്കളങ്കമായി സഹവസിക്കാൻ നമുക്കു കഴിയുമെന്ന് മാത്രമല്ല, അവരുമായി നമ്മുടെ അനുഭവങ്ങളും പാടവങ്ങളും പങ്കുവെക്കാൻ നാം സന്നദ്ധ

മാവുകയും ചെയ്യും.

ഉപദേശ നിർദേശങ്ങൾ ആവശ്യമില്ലാത്തവരാണെന്ന് ആർക്കും വാദിക്കാൻ കഴിയില്ല. തങ്ങളുടെ ചെയ്തികളെല്ലാം ശരി മാത്രമാണെന്നും മറ്റുള്ളവരുടേതെല്ലാം അബദ്ധങ്ങളാണെന്നും ഏതെങ്കിലും സംഘത്തിനു പറയാൻ കഴിയില്ല. ഇവ്വിഷയകമായി വിനയാന്വിതരാവുകയും കൂടുതൽ ഗുണകരമായതിന് നിരന്തരം യത്നിച്ചുകൊണ്ടിരിക്കലുമാണ് പക്വമായ രീതി. വൈജാത്യം പുലർത്തുന്ന പ്രബോധകർ പരസ്പരം സഹകരിക്കുകയും നന്മയിലും സത്കർമങ്ങളിലും മൽസരിക്കുകയും ചെയ്യുന്നു. നന്മ വർധിപ്പിക്കലിലൂടെ മാത്രമാണല്ലോ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ കഴിയുക. “മനുഷ്യരേ, ഒരു പുരുഷനിൽ നിന്നും ഒരു സ്ത്രീയിൽ നിന്നും നിങ്ങളെ നാം സൃഷ്ടിച്ചു. നിങ്ങളെ നാം ശാഖകളും ഗോത്രങ്ങളുമാക്കിയത് നിങ്ങൾ അന്യോന്യം അറിയാൻ വേണ്ടിയാണ്. നിങ്ങളിൽ ഏറ്റവും ഭക്തിയുള്ളവനാണ് അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയൻ. അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനും തന്നെയാണ്” (49:13).

അഞ്ച്

# പ്രബോധന രീതികൾ

**പ്ര**ബോധനത്തിന്റെ ലക്ഷ്യങ്ങൾക്ക് മാറ്റം വരാറില്ല. എന്നാൽ, അതിന്റെ വഴികൾ ദേശത്തിനും കാലത്തിനുമനുസരിച്ച് സാഹചര്യ വികാസങ്ങൾക്ക് അനുസൃതമായി മാറിക്കൊണ്ടിരിക്കും. ദഅ്വഃയുടെ ഏറ്റവും ഉന്നത ലക്ഷ്യം സ്രഷ്ടാവായ അല്ലാഹുവിന്റെ സന്ദേശങ്ങളിലേക്ക്, അവയെ വേണ്ടവിധം മനസ്സിലാക്കുകയും പ്രയോഗവത്കരിക്കുകയും ചെയ്യുന്നതിലേക്ക് ജനങ്ങളെ ക്ഷണിക്കുക എന്നതാണ്. തങ്ങളുടെ കർക്കശ രീതികൾക്കപ്പുറം ജനങ്ങളുടെ അനുഭവങ്ങളിൽ നിന്നുകൂടി പ്രബോധകർ പാഠം ഉൾക്കൊള്ളേണ്ടതുണ്ട്; നടപ്പുരീതികളിലൂടെ ലക്ഷ്യസാക്ഷാത്കാരം അസാധ്യമാകുമ്പോൾ വിശേഷിച്ചും. ഇസ്‌ലാമിക നിലപാടുകളോട് പൊരുത്തപ്പെടുന്ന പ്രബോധനത്തിന്റെ പുതിയ രീതികൾ അന്വേഷിക്കുകയും ഉപയോഗപ്പെടുത്തുകയും വേണം. പ്രബോധിതരുടെ പരിതഃസ്ഥിതിയും സാഹചര്യങ്ങളും മനസ്സിലാക്കിക്കൊണ്ട് ഏറ്റവും അനുയോജ്യമായ വഴിയായിരിക്കണം അവലംബിക്കേണ്ടത്. എങ്ങനെയായിരുന്നാലും ദഅ്വ സംബന്ധിയായ ചില അടിസ്ഥാന അനിവാര്യ തത്വങ്ങൾ പാലിച്ചെങ്കിലേ പ്രബോധന പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്തുകയുള്ളൂ. “നന്മയിലേക്ക് ക്ഷണിക്കുകയും നല്ലതു കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽ നിന്നുണ്ടായിത്തീരട്ടെ. അവരായിരിക്കും വിജയം വരിച്ചവർ” (3:104).

ഇങ്ങനെയേ ചെയ്യാവൂ എന്ന മട്ടിൽ പ്രബോധന ശൈലിയുടെ കൃത്യതയാർന്ന രീതികൾ ഖുർആനോ സുന്നത്തോ മുന്നോട്ടുവെക്കുന്നില്ല. എന്നിരുന്നാലും ശരിയായ പ്രബോധന പ്രവർത്തനങ്ങൾ എങ്ങനെയാ

യിരിക്കണം എന്നതിനുള്ള കൃത്യമായ തത്വങ്ങളും മാർഗനിർദേശങ്ങളും ഈ അടിസ്ഥാന മൂല്യങ്ങൾ പറഞ്ഞുതരുന്നുണ്ട്. ഇസ്ലാം വിഭാവനം ചെയ്യുന്ന ഐക്യം, ചിന്തകളിലെ കൃത്യത, ദൈവിക സന്ദേശങ്ങൾ പ്രചരിപ്പിക്കുമ്പോൾ പൊതുശൈലിയിലെ താളപ്പൊരുത്തം എന്നിവയെല്ലാം മനസ്സിലാക്കിയിട്ടായിരിക്കണം ഏതൊരു പ്രബോധകനും ദഅ്വഃ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കേണ്ടത്.

മറ്റു കാര്യങ്ങൾക്കു പുറമേ ഇസ്ലാമിക പ്രബോധകർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. യോജിക്കാനും വിയോജിക്കാനുമുള്ള അവകാശം വകവെച്ചുനൽകണം. ശുദ്ധഭാഷയായിരിക്കണം ഉപയോഗിക്കുന്നത്. മാർഗങ്ങൾ നിഗൂഢതയില്ലാത്തതും തീർത്തും സുതാര്യമായതുമായിരിക്കണം. ലക്ഷ്യം വെച്ചിരിക്കുന്ന പ്രബോധിത സമൂഹം വളരെ ശ്രദ്ധയോടെ പരിഗണിക്കപ്പെട്ടിരിക്കണം. വ്യക്തി, കുടുംബം, ജന്മദേശം എന്നിവയൊക്കെ പരിഗണിക്കപ്പെടണം.

പ്രബോധകനു കൃത്യമായ ലക്ഷ്യങ്ങളുണ്ടാവണം. മുൻഗണനാക്രമത്തിൽ അവയെ ക്രമീകരിക്കുകയും വേണം. പ്രവർത്തനങ്ങളും പുരോഗതിയും വിലയിരുത്തപ്പെടണം. പരസ്പര സഹകരണം ഉറപ്പുവരുത്തണം. ഇടപെടലുകളിൽ സുതാര്യത പുലർത്തുകയും പ്രവർത്തനങ്ങളെ മൂല്യനിർണയം നടത്തുകയും വേണം.

## 1. ചിന്തയിലെ ഐക്യബോധവും സ്ഫുടതയും

ഇസ്ലാമിക പ്രവർത്തകർക്കിടയിൽ ഭിന്നത ഉടലെടുക്കുന്നത് അവർക്കിടയിൽ കാഴ്ചപ്പാടുകളുടെ പങ്കുവെപ്പു നടക്കാത്തതിനാലാണ്. ഇത് വ്യത്യസ്ത വഴികളിലൂടെ വിഭിന്നങ്ങളായ ലക്ഷ്യസാക്ഷാത്കാരത്തിന്, അതുതന്നെ വൈജാത്യം പുലർത്തുന്ന മുൻഗണനാക്രമത്തോടെ പ്രവർത്തിക്കാനും ഹേതുവാകുന്നു. ചിലപ്പോൾ ഇസ്ലാമിക പ്രവർത്തകർക്കിടയിൽ വെറുപ്പും വിദ്വേഷവും ഉണ്ടായിത്തീരാനും ഈ ചിന്താവൈജാത്യങ്ങൾ വഴിവെക്കുന്നുണ്ട്. ആശാസ്യമല്ലാത്ത അനന്തര ഫലങ്ങൾ ഒഴിവാക്കുന്നതിന് ഇസ്ലാമിക പ്രവർത്തകർക്കിടയിൽ വിശിഷ്യാ യുവാക്കൾക്കിടയിൽ ചിന്താപ്പൊരുത്തവും ബൗദ്ധിക ഐക്യവും കാര്യമായി ഉണ്ടാക്കിയെടുക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളുണ്ടാകണം.

ഖുർആനിലും സുന്നത്തിലും ഊന്നിക്കൊണ്ടുള്ള, പരസ്പര സഹകരണവും സഹനവും സൗഹൃദവും വ്യക്തിശുദ്ധിയും പ്രോത്സാഹിപ്പിക്കുന്ന സാഹിത്യങ്ങൾ സമൂഹത്തിൽ വ്യാപകമായി പ്രചരിപ്പിക്കുകയാണ് ഇതിനുള്ള നല്ലൊരു മാർഗം. ലക്ഷ്യങ്ങളുടെ മുൻഗണനാക്രമം രൂപപ്പെടുത്തുന്നതിലും ആശയസംവാദങ്ങൾ എങ്ങനെ സാധ്യമാക്കാം എന്നതിലും കൃത്യമായ നിരീക്ഷണം ഉണ്ടാവുകയും വേണ്ട പരിശീലനം നൽകുകയും വേണം. സമഗ്രമായ മതമാണ് ഇസ്ലാം. എല്ലാ കാലത്തും എല്ലായിടത്തും

അത് അനുയോജ്യമാണെന്നു പ്രവർത്തകരെ ബോധ്യപ്പെടുത്തുക കൂടി ചെയ്യേണ്ടതുണ്ട്.

ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനും പ്രവർത്തകർക്കിടയിൽ ഊഷ്മളത ഊട്ടിയുറപ്പിക്കുന്നതിനുമായി പ്രചരിപ്പിക്കേണ്ട കൃതികൾ തിരഞ്ഞെടുക്കുന്നതിൽ നല്ല ജാഗ്രത പുലർത്തണം. പാഠപുസ്തകങ്ങൾ എത്രമേൽ സൂക്ഷ്മതയോടെയും മനസ്സിരുത്തിയും വായിക്കുന്നുവോ, അപ്രകാരം ഇവയും വായിക്കേണ്ടതാണെന്ന് പ്രബോധകരെ ബോധ്യപ്പെടുത്തുകയും പ്രചോദിപ്പിക്കുകയും ചെയ്യണം. ഇവ്വിധം പ്രവർത്തകർക്കിടയിൽ പ്രബോധനസംബന്ധിയായ ചിന്താരീതിശാസ്ത്രം രൂപപ്പെടുത്താവുന്നതാണ്.

ദഅ്‌വഃ പ്രവർത്തകർ തങ്ങളുടെ യത്നങ്ങൾ തുടങ്ങേണ്ടത് തെളിഞ്ഞ ചിന്തയുടെയും അഗാധ ജ്ഞാനത്തിന്റെയും പ്രാധാന്യം തിരിച്ചറിഞ്ഞതുകൊണ്ടാകണം. ഇസ്‌ലാമിക അധ്യാപനങ്ങൾ വ്യത്യസ്ത രീതിയിൽ വിശദീകരിക്കപ്പെടുകയും പഠിപ്പിക്കുകയും ചെയ്യുന്നതിനെ ഇസ്‌ലാമിക ജ്ഞാനതത്വങ്ങൾ എന്ന പൊതുസാകല്യത്തിന്റെ ഭാഗമെന്ന വിധം മനസ്സിലാക്കാൻ വിശാലതയും പക്വതയും കാണിക്കണം. ഖുർആനിലെ ഈയൊരു വചനം പ്രബോധകർ എന്നും ഓർത്തുവെക്കേണ്ടതാണ്: “നബിയേ പറയുക: ഇതാണെന്റെ മാർഗം. ഞാനും എന്നെ പിന്തുടരുന്നവരും അല്ലാഹുവിലേക്ക് ക്ഷണിക്കുന്നത് വ്യക്തമായ കാഴ്ചപ്പാടോടു കൂടിയാണ്. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ ബഹുദൈവാരാധകരിൽ പെട്ടവനല്ല” (12:108).

## പൊതുസ്വഭാവം

ദഅ്‌വഃ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരുടെയും ലക്ഷ്യങ്ങളും രീതികളും മുൻഗണനാ ക്രമവും ഒരേപോലെയാവുക എന്നത് അസാധ്യമാണ്. ചില അനിവാര്യ വൈജാത്യങ്ങൾ അവർക്കിടയിലുണ്ടാകും. പക്ഷേ, സൂക്ഷ്മ നിരീക്ഷണത്തിൽ അവരെ ഏകോപിപ്പിക്കുന്ന നിരവധി ഘടകങ്ങൾ കാണാം (വിശിഷ്യാ വിശ്വാസകാര്യങ്ങൾ, ആചാരങ്ങൾ, ധാർമിക ബോധം തുടങ്ങിയവ). തെറ്റിദ്ധാരണയും ദുർവാശിയും സ്വാർഥതാൽപര്യങ്ങളും അസ്വാരസ്യങ്ങളും ഈ പൊതുസ്വഭാവത്തെ പ്രായോഗിക തലത്തിൽ നിരാകരിക്കുകയാണ്. മേൽ യാഥാർഥ്യം ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്തുകൊണ്ടുതന്നെ ക്ഷമയോടെയും സ്ഥിരോത്സാഹത്തോടെയും വിശാല വീക്ഷണം പുലർത്തിയും മറ്റു പ്രബോധകരെ വിശ്വാസത്തിലെടുത്തും കഠിനാധ്വാനം ചെയ്യുന്നവരാകണം പ്രബോധകർ.

## ഭിന്നാഭിപ്രായങ്ങൾ വിഘടിച്ചു നിൽക്കാനല്ല

ഐക്യബോധത്തെ ഏറെ പ്രാധാന്യത്തോടെ കാണുന്ന മതമായ ഇസ്‌ലാം അതിന്റെ വക്താക്കളോട് ഐക്യത്തിന് ആഹ്വാനം ചെയ്യുകയും

അനൈക്യത്തിന്റെ ദൂഷ്യങ്ങളെക്കുറിച്ച് ഓർമപ്പെടുത്തുകയും ചെയ്യുന്നുണ്ട്. മനുഷ്യരിലെ വൈജാത്യത്തെ ഇസ്‌ലാം അംഗീകരിക്കുന്നു. എന്നല്ല, അല്ലാഹുവിന്റെ സൃഷ്ടിനിയമത്തിന്റെ ഭാഗം കൂടിയാണതെന്നു വിശദീകരിക്കുന്നുമുണ്ട്. ഇത് ഉൾക്കൊള്ളുന്ന പ്രബോധകർ ഈ വൈജാത്യങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യങ്ങളെ തിരിച്ചറിയുകയും അവയെ ഗുണപരമായി ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയുമാണ് വേണ്ടത്.

മനുഷ്യർക്കിടയിലെ അഭിപ്രായ ഭിന്നതകൾ ഗുണകരമോ ദോഷകരമോ ആയി ഭവിക്കും. വ്യത്യസ്ത കാഴ്ചപ്പാടുകൾ ഉണ്ടാകുന്നത് മനുഷ്യാനുഭവങ്ങളെ കൂടുതൽ സമ്പന്നമാക്കാനും ദൈവിക വെളിച്ചം കണ്ടെത്തി അവയെ അനുധാവനം ചെയ്യാനും അവരെ സഹായിക്കും. നിറത്തിലും വലുപ്പത്തിലും ലിംഗത്തിലും വ്യത്യാസം പുലർത്തുന്ന മനുഷ്യരെ മനനത്തിലും ചിന്താരീതിയിലും ഗ്രാഹ്യത്തിലുമെല്ലാം വൈജാത്യമുള്ളവരായിത്തന്നെയാണ് അല്ലാഹു പടച്ചത്. ഈ വ്യത്യസ്തതയെ ബഹുമാനിക്കേണ്ടതാണ്. അപ്പോൾ ഗുണകരമായ വൈജാത്യമെന്നാൽ നിരവധി വിളക്കുകൾ കത്തിച്ചുവെക്കുന്നതു പോലെയാണ്. എത്രമേൽ വിളക്കുകൾ കത്തിച്ചുവെക്കുന്നുവോ അത്രയും വെളിച്ചം ലഭിച്ചുകൊണ്ടിരിക്കുമെന്നു സാരം. ഈ വിളക്കുകളാകട്ടെ, പരസ്പരം ഊതിക്കെടുത്താൻ ശ്രമിക്കുകയില്ല താനും.

ഉപദ്രവകരമായ വൈജാത്യം കൊണ്ടുദ്ദേശിക്കുന്നത് കലഹത്തിനു നിമിത്തമാവുന്ന ഭിന്നതകളാണ്. വെറുപ്പിന്റെ തത്വശാസ്ത്രത്തെ ഖുർആനിലെ നിരവധി വചനങ്ങളിലൂടെയും ഹദീസ് വാക്യങ്ങളിലൂടെയും ഇസ്‌ലാം നഖശിഖാന്തം എതിർക്കുന്നുണ്ട്. ഖുർആൻ പറയുന്നു: “നിങ്ങൾ സംഘടിച്ചുകൊണ്ട് അല്ലാഹുവിന്റെ പാശം മുറുകെപ്പിടിക്കുവിൻ. ഭിന്നിക്കരുത്” (3:103).

വിദ്വേഷം ചിലപ്പോൾ തർക്കങ്ങളിലേക്കും സംഘട്ടനത്തിലേക്കും നയിക്കും. വിദ്വേഷത്തിൽ നിന്നു മുക്തമായ പവിത്രമായ അധ്യാപനമാണ് പ്രബോധനം. ഇസ്‌ലാമിന്റെ അടിസ്ഥാന ആശയങ്ങളെയാണ് അത് കൈമാറ്റം ചെയ്യുന്നത്. സമുദായത്തിന്റെ മേൽവിലാസവും താൽപര്യവും ദൗത്യവും ഒരു വിഭാഗമെന്ന നിലയിലുള്ള ഐക്യവും കാത്തുപോരുന്ന വിധത്തിലാണ് ദഅ്‌വഃ നടക്കേണ്ടത്. ഇതിനു മറ്റുള്ളവർക്ക് നമ്മോട് വിയോജിക്കാനുള്ള സ്വാതന്ത്ര്യം വകവെച്ചു നൽകുന്നതിനു പുറമേ വിയോജിപ്പിലെ ഉപചാരങ്ങൾ പാലിക്കാനും ഇസ്‌ലാമിക നിയമശാസ്ത്രം കൂടുതലായി പഠിക്കാനും പ്രബോധകർ തയ്യാറാവണം.

## മതം എല്ലാ ആചാരങ്ങളോടും ഒത്തുപോകില്ല

ഒരു കൂട്ടർ ചില ആചാരാനുഷ്ഠാനങ്ങൾക്ക് ഏറെ പ്രാധാന്യം കൽപിക്കപ്പെടുകയും അവ മതത്തിന്റെ ഭാഗമാണെന്നു പ്രചരിപ്പിക്കുകയും ചെയ്യാറുണ്ട്. സന്തോഷ-ദുഃഖപ്രകടനങ്ങളിലും സാമൂഹിക ബന്ധങ്ങളിലും

ഇത് ഏറെ കാണാറുണ്ട്. ന്യൂനപക്ഷങ്ങളോടുള്ള അല്ലെങ്കിൽ സ്ത്രീക ളോടുള്ള ഇസ്‌ലാമിക സമീപനം പോലുള്ള വിഷയങ്ങളിൽ വിവാദങ്ങൾ ഉടലെടുക്കുകയും ഇസ്‌ലാം തെറ്റിദ്ധരിക്കപ്പെടുകയും ചെയ്യുന്ന വേളയി ലും ഇതു ദർശിക്കാം.

മതത്തിനും ആചാരങ്ങൾക്കുമിടയിൽ കൃത്യമായ അതിർവരമ്പുകൾ രേഖപ്പെടുത്താനും മതത്തിന്റെ മാനദണ്ഡങ്ങളുമായി മാറ്റുരച്ചു മതവിരു ദ്ധമായ സാംസ്കാരിക പാരമ്പര്യങ്ങളെ സമർഥമായി നിരാകരിക്കാനും നമുക്കു കഴിയണം. ദഅ്‌വഃ പ്രവർത്തകരുടെ ഏകീകൃത ചിന്താരീതി രൂപ പ്പെടണമെങ്കിൽ മതത്തിന്റെയും ആചാരങ്ങളുടെയും വ്യത്യാസം ഉൾക്കൊ ള്ളാനും മതനിയമങ്ങളുമായി ഒത്തുപോകുന്ന ആചാരങ്ങൾ മാത്രം പുലർ ത്താനുമുള്ള ആത്മധൈര്യമുള്ളവരായിരിക്കണം പ്രബോധകർ.

## 2. രീതിശാസ്ത്രത്തിലെ ഏകസ്വഭാവവും വ്യക്തതയും

ഇസ്‌ലാമിക നിയമങ്ങളും സത്യങ്ങളും ഏറ്റവും ഗ്രാഹ്യവും ആകർ ഷകവും വ്യക്തവുമായ രീതിയിലാണ് പ്രബോധകർ അവതരിപ്പിക്കേണ്ട ത്. എങ്കിലേ ജനമനസ്സുകളിൽ ചേക്കേറാനും ആശാവഹമായ പ്രതികര ണങ്ങൾ സൃഷ്ടിക്കാനും സാധിക്കുകയുള്ളൂ. ഇസ്‌ലാമിനെ തെറ്റിദ്ധരിച്ചു കേൾവിക്കാർ പ്രബോധകരോട് മുഖം തിരിഞ്ഞുനിൽക്കുന്ന സാഹചര്യം ഒരിക്കലും സൃഷ്ടിക്കപ്പെട്ടുകൂടാ. വിചിത്രമോ കേട്ടുകേൾവിയോ ഇല്ലാത്ത ആശയങ്ങൾ അവതരിപ്പിക്കുകയോ കർമശാസ്ത്രപരമായ സങ്കീർണ ആശയങ്ങളുടെ തെറ്റായ വ്യാഖ്യാനങ്ങൾ പരിചയപ്പെടുത്തുകയോ ചെ യ്യാൻ പാടില്ല.

### മാന്യമായ സംവാദങ്ങൾ

ആശയസംവാദങ്ങളിൽ മാന്യത പുലർത്തുകയും ഏറ്റവും മികവുറ്റ രീതിയിൽ അവ സംഘടിപ്പിക്കുകയും വേണം. സത്യം കണ്ടെത്താനും മറ്റുള്ളവരെ അതിലേക്കു ക്ഷണിക്കാനുമുള്ള നല്ലൊരു ഉപാധിയാണ് സം വാദങ്ങൾ. നമ്മുടെ ആശയങ്ങൾ ശാന്തതയോടെ വിവേകപൂർവം അവതരി പ്പിക്കുകയും മറ്റുള്ളവരെ അതിനോട് പ്രതികരിക്കാൻ അനുവദിക്കുകയും വിയോജിപ്പുകൾ ഉയർന്നുവരുമ്പോൾ വൈകാരികമായി പ്രതികരിക്കാതെ പക്വത പ്രകടിപ്പിക്കുകയും ചെയ്യുമ്പോഴാണ് സംവാദങ്ങൾ വിജയകരമാ കുന്നത്. “നബിയേ, താങ്കളുടെ നാഥന്റെ മാർഗത്തിലേക്ക് യുക്തിപൂർവമാ യും സദുപദേശത്തിലൂടെയും താങ്കൾ ക്ഷണിക്കുക. ഏറ്റവും നല്ല രീതി യിൽ അവരോട് വാദപ്രതിവാദങ്ങൾ നടത്തുക. താങ്കളുടെ നാഥൻ തന്റെ മാർഗത്തിൽ നിന്നു പിഴച്ചവരെപ്പറ്റി ഏറ്റവും നന്നായി അറിയുന്നവനാണ്. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ ഏറ്റവും നന്നായി അറിയുന്നവ നാണ്” (16:125).

ശരിയായ പ്രബോധനം എങ്ങനെയായിരിക്കണമെന്നു പ്രവാചകനെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറഞ്ഞ വാക്യത്തിൽ നിന്നു വളരെ വ്യക്തമായി ഗ്രഹിക്കാം: "അല്ലാഹുവിൽ നിന്നുള്ള കാരുണ്യം കൊണ്ട് മാത്രമാണ് താങ്കൾ അവരോട് സൗമ്യനായി വർത്തിച്ചത്. താങ്കൾ ഹൃദയകാഠിന്യമുള്ളവനും പരുഷസ്വഭാവിയുമായിരുന്നെങ്കിൽ താങ്കളുടെ ചുറ്റും നിന്ന് അവർ ഒഴിഞ്ഞുപോകുമായിരുന്നു. അതുകൊണ്ട് അവർക്ക് മാപ്പു ചെയ്തുകൊടുക്കുകയും അവരുടെ പാപമോചനത്തിനായി പ്രാർഥിക്കുകയും കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ എല്ലാം അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു" (3:159).

## വ്യക്തവും കൃത്യവുമായ ഭാഷ ഉപയോഗിക്കുക

കൃത്യവും സ്ഫുടവും മൗലികവുമായ സംജ്ഞകളാണ് നാം ഉപയോഗിക്കേണ്ടത്. മതത്തിന്റെ സാങ്കേതിക ഭാഷ ഉപയോഗിക്കുമ്പോൾ രാഷ്ട്രീയ-സാമൂഹിക പ്രവണതകളോട് ഇഴുകിച്ചേർന്ന, പുതിയകാല അഭിരുചികളെ പ്രതിനിധാനം ചെയ്യുന്ന ഭാഷാപ്രയോഗങ്ങളുടെ സ്വാധീനങ്ങളിൽ അകപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തുക കൂടി വേണം. സോഷ്യലിസത്തിന്റെ സ്വാധീനകാലത്ത് ഇസ്ലാം മുന്നോട്ടുവെക്കുന്നത് സോഷ്യലിസമാണെന്നോ, മുതലാളിത്തം മേൽക്കോയ്മ നേടുമ്പോൾ അതിന്റെ ആശയങ്ങൾ ഇസ്ലാം ഉൾക്കൊള്ളുന്നുവെന്നോ, ജനാധിപത്യം പ്രചുരപ്രചാരം നേടുമ്പോൾ ഇസ്ലാമിക ആശയങ്ങൾ ജനാധിപത്യത്തെ പ്രഘോഷിക്കുന്നു എന്നോ വിശദീകരിക്കുന്നത് ദഅ്‌വാ യത്നങ്ങളെ യാതൊരു വിധത്തിലും സഹായിക്കുകയില്ല. ഇത്തരം സാമൂഹിക-രാഷ്ട്രീയ മുന്നേറ്റങ്ങൾക്കപ്പുറം വിശാലവും ഗ്രാഹ്യവുമായ ആശയങ്ങളാണ് ഇസ്ലാമിന്റേത്. ഇസ്ലാമിന്റെ പല തത്വങ്ങളും പല ആദർശസംഹിതകളുമായി ഒത്തുപോകുന്നുണ്ടെന്നത് ഒരു യാഥാർഥ്യം തന്നെ. പക്ഷേ, ഇസ്ലാം തനതാണ്.

മാനസിക വിശാലതയ്ക്കും സന്ദേശങ്ങൾ ജനങ്ങൾ ഗ്രഹിക്കുമാറ് വ്യക്തമായി അവതരിപ്പിക്കാനുള്ള ശേഷിക്കുമായി മൂസാ പ്രവാചകൻ പ്രാർഥിച്ച വചനങ്ങൾ പ്രവർത്തനം തുടങ്ങുന്ന മാത്രയിൽ ഏതൊരു പ്രബോധകനും പലവുരു ഉരുവിടുന്നത് ഏറെ ഗുണകരമാണ്: "അദ്ദേഹം പ്രാർഥിച്ചു: എന്റെ നാഥാ, എനിക്ക് നീ എന്റെ ഹൃദയം വിശാലമാക്കിത്തരേണമേ. എന്റെ കാര്യം എനിക്ക് നീ എളുപ്പമാക്കിത്തരുകയും എന്റെ നാവിൽ നിന്നു നീ കുരുക്കഴിച്ചുതരുകയും ചെയ്യേണമേ. എങ്കിൽ എന്റെ വാക്കുകൾ അവർ ഗ്രഹിക്കും" (20:25-28).

# 3. സർവരെയും ഉൾക്കൊള്ളുന്ന പ്രബോധനം

മറ്റു പ്രബോധന ശ്രമങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ടായിരിക്കണം

പ്രവർത്തനങ്ങൾ മുന്നോട്ടുപോകേണ്ടത്. പ്രബോധന ലക്ഷ്യങ്ങൾ സാധിച്ചെടുക്കുക എന്ന മഹത്തായ ദൗത്യം ആരു നിർവഹിച്ചാലും അതിൽ സന്തോഷം കണ്ടെത്താൻ കഴിയണം. അവരുമായി സാധ്യമായ രീതിയിലൊക്കെ സഹകരിച്ച്, സ്നേഹവും പിന്തുണയും അറിയിച്ച്, ആവശ്യമായ നിർദേശങ്ങൾ നൽകി അവരുടെ നേട്ടങ്ങളെ അനുമോദിച്ച് ലക്ഷ്യസാക്ഷാൽക്കാരത്തിൽ ഒപ്പം നിൽക്കാൻ കഴിയണം.

പ്രബോധന പ്രവർത്തനങ്ങൾക്കിടയിൽ ഏറെ ഉയർത്തിപ്പിടിക്കേണ്ട, സമൂഹത്തെ ബോധ്യപ്പെടുത്തേണ്ട, ഇസ്‌ലാം മുന്നോട്ടുവെക്കുന്ന ചില സുപ്രധാന ആശയങ്ങളുണ്ട്. നാം അനുവർത്തിക്കേണ്ട ചില രീതികളുമുണ്ട്.

## ലോകത്തെ പ്രഥമ മനുഷ്യാവകാശ പ്രഖ്യാപനം

മനുഷ്യാവകാശത്തിന്റെ പ്രഥമ ആഗോള പ്രഖ്യാപനം നടത്തിയ മതമാണ് ഇസ്‌ലാം. മനുഷ്യവർഗത്തിന് അവരുടെ അവകാശങ്ങളത്രയും ഇസ്‌ലാം വകവെച്ചു നൽകുന്നു. അത് വിശ്വാസസ്വാതന്ത്ര്യത്തെ പ്രഘോഷിക്കുകയും ആത്മാഭിമാനബോധത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസം, വിവാഹം, സുരക്ഷ, ജീവസന്ധാരണം, ഉടമാവകാശം, നീതി തുടങ്ങിയവയിൽ ഏതൊരു വ്യക്തിക്കുമുള്ള അവകാശത്തെ ഇസ്‌ലാം എടുത്തുപറയുന്നുണ്ട്. അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ആദരണീയർ മനുഷ്യരാണെന്നു പറയുന്ന ഇസ്‌ലാമിന് അവരുടെ അവകാശങ്ങൾക്കു നേരെ ഒരിക്കലും കണ്ണടയ്ക്കാൻ കഴിയില്ലല്ലോ. “ആദം സന്തതികളെ നാം ആദരിക്കുക തന്നെ ചെയ്തു. കരയിലും കടലിലും നാമവരെ വഹിച്ചുകൊണ്ടുപോവുകയും നല്ല വസ്തുക്കളിൽ നിന്നു നാം അവർക്ക് ഭക്ഷണം കൊടുക്കുകയും നാം സൃഷ്ടിച്ച മിക്ക സൃഷ്ടികളെക്കാളും നാം അവരെ ഉൽകൃഷ്ടരാക്കുകയും ചെയ്തു” (17:70).

ഭൂമിയിലെ സ്രഷ്ടാവിന്റെ പ്രതിനിധിയാണ് മനുഷ്യൻ. അവനു ഗുണകരമായിട്ടാണ് പ്രപഞ്ചത്തെത്തന്നെ സ്രഷ്ടാവ് സംവിധാനിച്ചിരിക്കുന്നത്. മനുഷ്യരുടെ സിദ്ധിവിശേഷങ്ങളിലും വൈഭവങ്ങളിലും ഏറ്റക്കുറച്ചിലുകൾ പ്രകടമാണ്. എന്നാൽത്തന്നെയും സർവരും സമത്വം അർഹിക്കുന്നവരാണെന്നും എല്ലാവർക്കും അവരുടേതായ അന്തസ്സും അഭിമാനബോധവുമുണ്ടെന്നതും തീർച്ചയാണ്. ആയതിനാൽ സാർവത്രിക മുഖമുള്ള ദഅ്‌വഃ മുസ്‌ലിംകൾ എന്ന നിലയിൽ നമ്മിൽ നിന്നുതന്നെ തുടങ്ങി എല്ലാവരിലേക്കും കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്.

## ഇസ്‌ലാമിലെ മാനവ ഐക്യം

മനുഷ്യരത്രയും ഒരു കുടുംബമാണെന്ന് നാം വിശ്വസിക്കുന്നു. അവരുടെ സ്രഷ്ടാവ് ഏകനായ അല്ലാഹുവാണ്. ഒരു മാതാവിന്റെയും പിതാവിന്റെയും സന്താനങ്ങളാണ്. മണ്ണിനാൽ സൃഷ്ടിക്കപ്പെട്ട അവർ മണ്ണിലേക്ക്

മടങ്ങേണ്ടവരുമാണ്.

ആയതിനാൽ പൊതുനന്മയ്ക്കായി മുസ്‌ലിംകളും മുസ്‌ലിമേതരരുമായ സർവരും കൈകോർത്തു മുന്നേറണമെന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. എങ്കിലേ സമാധാനം, സ്വാതന്ത്ര്യം, നീതിനിർവഹണം, കുറ്റകൃത്യങ്ങളുടെ നിർമാർജനം, ജ്ഞാനവ്യാപനം, ശിശുസംരക്ഷണം, വൃദ്ധപരിപാലനം, കരാർ പാലനം തുടങ്ങിയ പൊതുവിഷയങ്ങളുടെ നിർവഹണം സാധ്യമാവുകയുള്ളൂ.

പ്രവാചകൻ മുഹമ്മദ് നബിയുടെ വിടവാങ്ങൽ പ്രഭാഷണത്തിലെ സന്ദേശങ്ങൾ മേൽപറഞ്ഞ മനുഷ്യസാഹോദര്യത്തിന്റെ പ്രാധാന്യത്തെ ബോധ്യപ്പെടുത്തുന്നതും അതിന് ആഹ്വാനം ചെയ്യുന്നതുമായിരുന്നു: “ഓ ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവ്, നിങ്ങളുടെയെല്ലാം പിതാവ് ഏകനാണ്. നിങ്ങളെല്ലാവരും ആദമിൽ നിന്ന്. ആദമാകട്ടെ മണ്ണിൽ നിന്നും. അല്ലാഹുവിന്റെയടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ഭക്തിയുള്ളവരായിരിക്കും. അറബി വംശജന് അറബികളല്ലാത്തവരേക്കാളും ശ്രേഷ്ഠതകളൊന്നുമില്ല. ഭക്തി കൊണ്ടല്ലാതെ ഞാൻ സന്ദേശങ്ങൾ എത്തിച്ചില്ലല്ലോ. അല്ലാഹുവേ, നീ സാക്ഷി” (മുസ്‌ലിം).

## നവമുസ്‌ലിം

സത്യം തിരിച്ചറിഞ്ഞ് ഒരാൾ സ്വമേധയാ ഇസ്‌ലാം സ്വീകരിക്കുന്നു എന്നറിയുന്നത് ആഹ്ലാദകരമാണ്. ദഅ്‌വഃയുടെ മഹത്തായ ഒരു ലക്ഷ്യമാണത്. പക്ഷേ, ഈയൊരു സന്തോഷവും ആഹ്ലാദവും പരിധി ലംഘിച്ചുള്ള ആവേശമാകുമ്പോൾ തെറ്റായ സന്ദേശമാണ് നൽകുക. മതത്തിനും നവമുസ്‌ലിമിനും ലഭിക്കേണ്ട നേട്ടങ്ങൾ ഉറപ്പുവരുത്താൻ പ്രസ്തുത വ്യക്തിയുടെ മതപരിവർത്തനത്തിനു പിന്നിലെ താൽപര്യം എന്തായിരുന്നുവെന്നും അയാളുടെ ഗ്രാഹ്യശക്തിയും ബുദ്ധിവൈഭവവും കാര്യബോധവും എത്രത്തോളമുണ്ടെന്നും വിലയിരുത്തപ്പെടേണ്ടതാണ്.

നവമുസ്‌ലിംകൾക്ക് അമിതപ്രാധാന്യം നൽകി വല്ലാതെയങ്ങ് ആനയിക്കുമ്പോൾ അത് അയാളിൽ ദുരഭിമാനബോധം ഉൽപാദിപ്പിക്കുകയും തന്റെ ബൗദ്ധിക-ആത്മീയ നിലവാരത്തെക്കുറിച്ച് ധിക്കാരപരവും തെറ്റായതുമായ അനുമാനത്തിൽ അയാൾ എത്തിച്ചേരാൻ ഇടയാവുകയും ചെയ്യും. ഇത് മതപാഠങ്ങളെയും ഏറെ വിവരവും അനുഭവജ്ഞാനവും ഉള്ളവരുടെ സ്നേഹബുദ്ധ്യായുള്ള നിർദേശങ്ങളെയും അവഗണിക്കാൻ അയാളെ പ്രേരിപ്പിക്കും. അതുകൊണ്ട് നവമുസ്‌ലിംകൾക്കു മിതമായ രീതിയിലുള്ള പ്രാധാന്യവും സ്വീകരണവും പിന്തുണയും മാത്രമേ നൽകാവൂ. ഒപ്പം നവവ്യക്തിബോധവും ‘തനിച്ചല്ല, ചേർത്തുനിർത്താൻ ഏറെ പേരുണ്ട്’ എന്ന ആത്മവിശ്വാസവും അവരിൽ ഉണ്ടാക്കിയെടുക്കാൻ സാധിക്കുകയും വേണം.

## സന്തുഷ്ട കുടുംബം

ഇസ്‌ലാമിൽ ഒരു പുരുഷനും സ്ത്രീയും തമ്മിൽ കുടുംബമായി ഒത്തു ചേരുക എന്ന കാഴ്ചപ്പാടിൽ ഒന്നിച്ചു ജീവിക്കാനുള്ള നിയമാനുസൃതമായ ഏക മാർഗം വിവാഹം മാത്രമാണ്. ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ഈ കുടുംബത്തിന്റെ അകത്തളമാണ് അവന്റെ പ്രഥമവും പ്രധാനവുമായ പാഠശാലയും ഏറ്റവും ഹൃദ്യമായ അന്തരീക്ഷവും. കുടുംബത്തിന്റെ താളബോധം കാത്തുപോരേണ്ട ഉത്തരവാദിത്വം മാതാവിനും പിതാവിനുമാണ്. ആയതിനാൽ പ്രബോധകർ ശ്രദ്ധിക്കേണ്ട സുപ്രധാന മേഖലയാണ് സന്തുഷ്ട കുടുംബം എന്നത്. ഊഷ്മളവും കെട്ടുറപ്പുള്ളതും സ്നേഹനിബിഡവുമായ കുടുംബാന്തരീക്ഷം ഒരുക്കാൻ ആവശ്യമായ നിർദേശങ്ങൾ നൽകാൻ പ്രബോധകർക്കു സാധിക്കണം.

## മുസ്‌ലിം സ്ത്രീയുടെ പദവി ഊന്നിപ്പറയുന്നു

ചരിത്രത്തിലുടനീളം സ്ത്രീകൾ ഏറെ അനീതി അനുഭവിക്കേണ്ടിവന്നതായി കാണാം. മതേതര തീവ്രത, മതതീവ്രത എന്നീ രണ്ടു നിലപാടുകളിലായി അവൾ ദുരിതം അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. തീവ്രമതേതരത്വം മനുഷ്യരെ അവരുടെ വിശ്വാസത്തിൽ നിന്നും അഭിമാനബോധത്തിൽ നിന്നും എന്നല്ല, സ്വതസിദ്ധ പ്രകൃതിയിൽ നിന്നുപോലും അടർത്തിമാറ്റാൻ ശ്രമിച്ചപ്പോൾ, തീവ്രമതനിലപാടുകൾ സ്ത്രീകളെ വീട്ടിനകത്ത് തളച്ചിടുകയും ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിലെ അവളുടേതായ ധർമം നിർവഹിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്തു.

തീവ്രമതനിലപാടുകൾ വെച്ചുപുലർത്തുന്നവരുടെ ഉദ്ദേശ്യശുദ്ധി ചോദ്യം ചെയ്യപ്പെടാവതല്ലെങ്കിലും അവർ വിമർശനം അർഹിക്കുന്നു. സത്യത്തിൽ, ഇത്തരക്കാരിൽ ചിലർ സ്ത്രീയെ സംശയത്തോടെയാണ് നോക്കിക്കാണുന്നത്. പുച്ഛത്തോടെ അവരോട് പെരുമാറുന്നു. ഖുർആൻ പുരുഷന്മാർക്ക് നൽകിയ ഖവ്വാമ (മേൽക്കൈ) എന്ന പദത്തെ സങ്കുചിതമായി അവർ മനസ്സിലാക്കുന്നു (4:34). സ്ത്രീകൾക്ക് ഇസ്‌ലാം വകവെച്ചു നൽകുന്ന അവകാശങ്ങളെക്കുറിച്ചു വേണ്ടത്ര അറിവില്ലാത്തതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. നൂറ്റാണ്ടുകളായി സമൂഹത്തിൽ സ്വാധീനമുറപ്പിച്ച പുരുഷമേധാവിത്വപരമായ ആചാരങ്ങൾ അവരെ സ്വാധീനിക്കുന്നു. സ്ത്രീകളെ അടിച്ചമർത്താൻ ശ്രമിക്കുന്നവർ തങ്ങൾക്കു മതനിയമങ്ങളുടെ പിന്തുണയുണ്ടെന്നു വാദിക്കാറുണ്ടെങ്കിൽ തന്നെയും കൃത്യമായ തെളിവുകൾ സമർപ്പിക്കാൻ അവർക്കു കഴിയില്ലെന്നതാണ് സത്യം.

സ്ത്രീക്ക് ആവശ്യമായ സ്വാതന്ത്ര്യം വകവെച്ചുനൽകുന്ന മതമാണ് ഇസ്‌ലാം. അവരുടെ അവകാശവും സ്വത്വബോധവും സ്വാതന്ത്ര്യവും കാത്തുപോരുന്ന മതം, സമൂഹത്തിന്റെ അടിസ്ഥാനമായും തലമുറകളെ രൂപപ്പെടുത്തുന്ന ആദരണീയ അധ്യാപകരായും അവരെ പരിഗണിക്കുന്നു.

സ്ത്രീയെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ ശരിയായ കാഴ്ചപ്പാട് പ്രബോധകർ കൃത്യമായി മനസ്സിലാക്കിയിരിക്കൽ അനിവാര്യമാണ്. സ്ത്രീകളെ തുല്യരായി കണക്കാക്കുന്നതുകൊണ്ട് പല മെച്ചങ്ങളുമുണ്ട്: 1. അതിലൂടെ നീതി നിർവ്വഹണം നടക്കുന്നു. 2. പ്രബോധന മേഖലയിൽ അവരുടെ സേവനം ലഭിക്കുന്നു. 3. ഇസ്‌ലാം സ്ത്രീകളെ അടിച്ചമർത്തുന്നുവെന്ന തെറ്റായ ധാരണ ഇല്ലാതാവുന്നു. 4. വ്യക്തികൾക്കോ സംഘടനകൾക്കോ ഇസ്‌ലാമിന്റെ പേരിൽ സ്ത്രീകളെ അടിച്ചമർത്താൻ പറ്റാതെ വരുന്നു.

## വൈഭവമുള്ളവരെ കണ്ടെത്തുക

യുവാക്കൾക്കിടയിൽ വൈഭവവും ധിഷണാശേഷിയും സാമർഥ്യവുമുള്ളവരെ പ്രത്യേകം ലക്ഷ്യം വെച്ചു പ്രവർത്തിക്കണം. കാരണം, വരുംകാല വികാസത്തിന്റെയും നവോത്ഥാനത്തിന്റെയും നായകന്മാരായിരിക്കുമവർ. മാനവസമൂഹത്തിനു ഗുണകരമായ പലതും ഭാവിയിൽ അവർ നടപ്പാക്കേണ്ടതുണ്ട്. അതുകൊണ്ട് പ്രബോധന പ്രവർത്തനത്തിന്റെ ഭാഗമായി യുവാക്കളെ ശാക്തീകരിക്കാനും അവർക്ക് ആത്മധൈര്യം പകരാനും അവരുടെ സിദ്ധിവൈഭവങ്ങളെ പരിപോഷിപ്പിക്കാനും ബോധപൂർവമായ ശ്രമങ്ങൾ ഉണ്ടാകണം.

## അനുവദനീയ ആസ്വാദനാവസരങ്ങൾ ഗുണകരം

ദഅ്‌വഃ പ്രവർത്തനവും സന്ദേശപ്രചാരവും എല്ലാവരിലേക്കും എത്തിക്കുക എന്ന ലക്ഷ്യം നേടുന്നതിനായി അനുയോജ്യവും ഇസ്‌ലാമികമായി അനുവദനീയവുമായ ഉല്ലാസ-ആസ്വാദനവഴികളെ കുറിച്ച് ആലോചിക്കാവുന്നതാണ്. കൂട്ടായ്മകളിലും പ്രസ്ഥാനങ്ങളിലും അംഗങ്ങളായ വ്യക്തികളുടെ ബന്ധത്തെ ശക്തിപ്പെടുത്താൻ ഏറ്റവും ഉപയുക്തമായ മാർഗമാണ് നിയമാനുസൃതമായ ഉല്ലാസപരിപാടികൾ. ഇത്തരം പരിപാടികളിലൂടെ ഏതൊരു പ്രസ്ഥാനത്തിലെയും അംഗങ്ങൾ പ്രസ്ഥാനത്തോട് കൂടുതൽ വിധേയത്വവും കൂറും ഉള്ളവരായിത്തീരും. മാത്രവുമല്ല, പ്രസ്തുത പ്രസ്ഥാനങ്ങൾ മുന്നോട്ടുവെക്കുന്ന ആശയങ്ങൾ ഗഹനമായി പഠിക്കാൻ അവർക്ക് പ്രേരണയാവുകയും ചെയ്യും.

മതപരമായി അനുവദനീയമായ ഉല്ലാസ-ആസ്വാദനരീതികളെ/ പരിപാടികളെ പ്രബോധകർ പിന്തുണയ്ക്കുകയും ഇസ്‌ലാമിക കലാമേള പോലുള്ള പരിപാടികളുടെ ഭാഗമാകാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും വേണം. മതനിയമങ്ങൾക്കകത്തു നിന്നുകൊണ്ടുള്ള ആഘോഷങ്ങൾ, മത്സരങ്ങൾ, കായിക വിനോദങ്ങൾ, നശീദ് പോലത്തെ ധാർമികാടിത്തറയുള്ള സംഗീതവിരുന്നുകൾ തുടങ്ങിയവയെ പിന്തുണയ്ക്കാൻ മടിക്കരുത്. ഇങ്ങനെയാകുമ്പോൾ എല്ലാവിധ ആനന്ദ-ഉല്ലാസപരിപാടികളെയും ഇസ്‌ലാം നിരാകരിക്കുന്നുവെന്ന തെറ്റിദ്ധാരണ തിരുത്താം. മനുഷ്യരെ വഴിതെറ്റിക്കുന്നതും തിന്മയെ പ്രചോദിപ്പിക്കുന്നതുമായ വിനോദങ്ങളെ മാത്രമേ ഇസ്‌ലാം

എതിർക്കുന്നുള്ളൂവെന്നും മൂല്യബോധം സൃഷ്ടിക്കുന്ന നിയമാനുസൃത വിനോദങ്ങളെ ഇസ്‌ലാം അംഗീകരിക്കുന്നുവെന്നും സമൂഹത്തെ ബോധ്യപ്പെടുത്താം.

## 4. ലക്ഷ്യ നിർണയവും മുൻഗണനാ ക്രമവും

യഥാർഥ ലക്ഷ്യമെന്തെന്നും പ്രബോധിതർ ആരെന്നും കൃത്യത വരുത്തിയ ശേഷമാകണം ദഅ്‌വഃ പ്രവർത്തനങ്ങൾ തുടങ്ങേണ്ടത്. പ്രബോധന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താനും പരമാവധി നല്ല ഫലങ്ങൾ സൃഷ്ടിക്കാനും മുൻഗണനാക്രമ തത്ത്വം നിർബന്ധമായി പരിഗണിച്ചിരിക്കണം. ഏറ്റവും പ്രസക്തമായതിൽ ആദ്യം ശ്രദ്ധ കേന്ദ്രീകരിക്കാനും ഘട്ടം ഘട്ടമായി പുതിയ കാര്യങ്ങളിലേക്കു നീങ്ങാനും ഇതുവഴി സാധിക്കും.

### കൃത്യമായ ലക്ഷ്യങ്ങളുണ്ടാവുക

എല്ലാ പ്രബോധന രൂപങ്ങൾക്കും അതിന്റേതായ ലക്ഷ്യങ്ങളുണ്ടാകും. അവ സഫലമാകാൻ കഠിനമായി യത്നിക്കുകയും ചെയ്യും. കൃത്യമായി ലക്ഷ്യങ്ങളുണ്ടാവുക എന്നത് പരമപ്രധാനമാണ്. പ്രബോധകർ തങ്ങളുടെ ലക്ഷ്യങ്ങളെ കൃത്യമായും വ്യക്തമായും മനസ്സിലാക്കിയിരിക്കുകയും വേണം. എങ്കിൽ മാത്രമേ ദഅ്‌വഃ പ്രവർത്തനങ്ങൾ കൊണ്ട് ഉപകാരപ്രദവും പ്രകടവുമായ ഫലങ്ങൾ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ.

യാഥാർഥ്യങ്ങളെ വേണ്ടവിധം ഉൾക്കൊള്ളാതെ ഭാവനയിലുള്ള പ്രതീക്ഷകളുമായി ലക്ഷ്യങ്ങളെ കൂട്ടിക്കുഴക്കുന്ന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും പരാജയസാധ്യത ഏറെയാണ്. ഒരു വ്യക്തിയുടെ അബദ്ധം തന്നെ തകർച്ചയാണ് എന്നിരിക്കെ ഒരു സംഘം ആളുകൾക്ക് അബദ്ധം പിണയുന്നത് വൻ തകർച്ചയായി പരിണമിക്കും.

ഇസ്‌ലാമിക പ്രവർത്തകരെ കുറിച്ചു സാധാരണയായി കേട്ടുവരുന്നൊരു വിമർശനമിതാണ്: “അവർക്ക് എന്തു വേണ്ട എന്നതിനെക്കുറിച്ചു നല്ല ധാരണയുണ്ട്. എന്നാൽ, യഥാർഥത്തിൽ എന്താണ് വേണ്ടത് എന്നതിനെക്കുറിച്ച് ഒരു ധാരണയുമില്ലതാനും. തങ്ങൾ ഭർത്സിക്കുന്നതെന്ത് എന്നത് കൂടുതലായി ചർച്ചയ്ക്കെടുക്കാനാണ് പ്രോത്സാഹിപ്പിക്കുന്ന കാര്യങ്ങളെ ചർച്ചയ്ക്കെടുക്കുന്നതിനേക്കാൾ അവർക്കു പ്രിയങ്കരം.

പ്രബോധകർ തെറ്റായ ലക്ഷ്യങ്ങളെ ഉന്നംവെക്കുമ്പോൾ, അല്ലെങ്കിൽ ശരിയെങ്കിൽ തന്നെയും എത്തിപ്പിടിക്കാൻ സാധ്യമല്ലാത്ത കാര്യങ്ങളെ ലക്ഷ്യമായി പരിഗണിക്കുമ്പോൾ ‘മരീചികക്കു പിന്നാലെ പോകുന്ന’ ഭീമാബദ്ധമാണ് ചെയ്യുന്നത്. അവരുടേത് നല്ല താൽപര്യങ്ങളാണെന്നു പറഞ്ഞു ന്യായീകരിക്കുന്നതൊന്നും ഭൂഷണമല്ല. ശരിയായ കാര്യം തക്ക സമയത്തു ചെയ്യുമ്പോഴാണ് നല്ല കാര്യങ്ങൾ ശ്ലാഘനീയമാകുന്നത്. അഥവാ, കൃത്യസമയത്തു യോഗ്യരായ ആളുകളെ ഉപയോഗിച്ചു ശരിയായ രീതിയിൽ ഏറ്റവും ശരിയായ ലക്ഷ്യങ്ങളെ എത്തിപ്പിടിക്കാനുള്ള ശ്രമങ്ങ

ളാണ് ഉണ്ടാകേണ്ടത്.

തങ്ങൾ ആരെന്നും എന്താണ് നേടാനുള്ളതെന്നും പ്രവർത്തകർക്കു കൃത്യമായ തിരിച്ചറിവുണ്ടാകണം. ഈയൊരു തിരിച്ചറിവിന്റെ അടിസ്ഥാനത്തിലായിരിക്കണം പദ്ധതികളും പരിപാടികളും ക്രമപ്പെടുത്തേണ്ടത്. ഈയൊരു അർഥത്തിൽ അനുവാചകരോടും തങ്ങളോടുതന്നെയും സത്യസന്ധത പുലർത്താൻ പ്രബോധകനു കഴിയണം. അല്ലെങ്കിൽ പരാജയമായിരിക്കും പരിണിത ഫലം.

## പ്രസക്തമായതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക

പൊതുസമൂഹത്തെ അഭിമുഖീകരിക്കുമ്പോൾ അവിതർക്കിതമായ മതകാര്യങ്ങളാണ് അവതരിപ്പിക്കേണ്ടത്. മതത്തിനകത്തെ ശാഖാപരമായ തർക്കവിഷയങ്ങളെ ചർച്ചയ്ക്കെടുക്കരുത്. സാധാരണയായി പറഞ്ഞു കേൾക്കാത്ത വിശദീകരണങ്ങൾ, വലിച്ചുനീട്ടിയുള്ള പ്രതിപാദനം, കേവല അനുമാനങ്ങൾ തുടങ്ങിയവ തീർച്ചയായും ഒഴിവാക്കണം. തർക്കവിഷയങ്ങൾ യഥാർഥത്തിൽ ചർച്ചയ്ക്കെടുക്കേണ്ടത് അത്തരം വിഷയങ്ങളിൽ അവഗാഹം നേടിയവർക്കിടയിൽ, അതുതന്നെ അക്കാദമിക ലക്ഷ്യത്തോടെ മാത്രമായിരിക്കണം. കണിശമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അനിവാര്യ ഘട്ടത്തിൽ അത്തരം വിഷയങ്ങൾ ചർച്ച ചെയ്യാം. പൊതുസമൂഹത്തിനു മുമ്പിൽ പ്രായോഗികവും ഉപകാരപ്രദവും പ്രസക്തവുമായ വിഷയങ്ങൾ മാത്രമേ പ്രതിപാദിക്കാവൂ.

## മുൻഗണനയിലെ യുക്തി

എല്ലാ ഇസ്‌ലാമിക വിഷയങ്ങളും ഒരേ പ്രാധാന്യം അർഹിക്കുന്നതല്ല എന്നതുകൊണ്ടുതന്നെ ചില വിഷയങ്ങൾക്കു മുൻഗണന നൽകൽ അനിവാര്യമാണ്. ഉദാഹരണമായി ഈമാനും തൗഹീദും പരമപ്രധാനവും വഴിയിലെ തടസ്സം നീക്കുക എന്ന സത്കർമത്തേക്കാൾ എത്രയോ പ്രധാനമാണെന്നും സുവിദിതമാണ്. പ്രബോധനം ചെയ്യപ്പെടുന്ന എല്ലാ കാര്യങ്ങളും ഒരുപോലെ പ്രസക്തമാണെന്നു പറയാനാവില്ല. അതുകൊണ്ട് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടവ ഏറെ പരിഗണനയോടെയും പ്രാധാന്യത്തോടെയും അവതരിപ്പിക്കപ്പെടണം. സാഹചര്യങ്ങൾ മാറിവരുന്നതിനനുസരിച്ച് മുൻഗണനാക്രമപ്പട്ടിക ഇടയ്ക്കിടെ പുനഃപരിശോധിക്കപ്പെടണം.

നേരത്തേ ആലോചിച്ചു തയ്യാറാക്കിയ മുൻഗണനാ പട്ടികക്കകത്തു നിന്നുകൊണ്ടുതന്നെ ദഅ്‌വഃ ശ്രമങ്ങൾ നടത്താൻ പ്രബോധകർ തയ്യാറാവണം. മതത്തിന്റെ ലളിതഗ്രാഹ്യപ്രകൃതിക്കു വിരുദ്ധമായവ മുൻഗണനാക്രമപ്പട്ടികയിൽ പ്രഥമ സ്ഥാനങ്ങളിലുണ്ടാവരുത്. ഇങ്ങനെ കാലേക്കൂട്ടി ആലോചിച്ചു പട്ടിക തയ്യാറാക്കി അതു പ്രകാരം കർമരംഗത്തു സജീവമാകുമ്പോൾ ആശാവഹമായ ഫലങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയും.

മുൻഗണനാക്രമം പാലിച്ചതുകൊണ്ടു മാത്രമായില്ല; ശ്രദ്ധയോടെ അവ

ശ്യംഖലട്ടങ്ങളിൽ മൂല്യനിർണയം നടത്തപ്പെടുകയും വേണം. അത്ര ആശാവഹമായ പ്രതികരണങ്ങൾ സൃഷ്ടിക്കാത്ത വിഷയങ്ങൾക്കു പകരം മറ്റു വിഷയങ്ങൾ സസൂക്ഷ്മം വിലയിരുത്തി പ്രയോഗവത്കരിക്കാൻ ശേഷിയുള്ളവർ കൂടിയായിരിക്കണം പ്രബോധകർ.

## സാധ്യമായ വിഷയങ്ങൾ

സാധ്യമായത് എന്നാൽ, നമ്മുടെ ഇടപെടലിലൂടെ നമുക്കും ചുറ്റിലുള്ളവർക്കും ഗുണകരമായി മാറ്റിയെടുക്കാൻ കഴിയുന്ന വിഷയങ്ങൾ എന്നാണ് വിവക്ഷ. ആരോഗ്യം മെച്ചപ്പെടുത്തുക, വരുമാനമാർഗം ഉറപ്പുവരുത്തുക, ബന്ധുക്കളെയും സുഹൃത്തുക്കളെയും സഹായിക്കുക, കൂടെയുള്ളവർക്കു നല്ല മാതൃകയാവുക, ചുറ്റിലുമുള്ളവരെ സത്യത്തിലേക്ക് നയിക്കുക, കഴിവുകളെ പരിപോഷിപ്പിക്കുക, കുടുംബത്തെ പരിചരിക്കുക, തൊഴിൽ, പൗരത്വം സംബന്ധിയായ നിയമങ്ങൾ പഠിക്കുക തുടങ്ങിയവ നമുക്ക് ഇടപെടാൻ കഴിയുന്ന വിഷയങ്ങളാണ്.

നമ്മെ ആശങ്കപ്പെടുത്തുന്ന വിഷയങ്ങൾ എന്നതുകൊണ്ട് ഇവിടെ അർഥമാക്കുന്നത് നമുക്ക് അൽപം പോലും നേരിട്ടു നിയന്ത്രിക്കാൻ കഴിയാത്ത വിഷയങ്ങളാണ്. യുഎസ് ഡോളറിന്റെ മൂല്യം, മറ്റു രാജ്യങ്ങളിലെ തിരഞ്ഞെടുപ്പുകൾ, അന്തരീക്ഷ മലിനീകരണവും നാശങ്ങളും, ലോക ദാരിദ്ര്യം തുടങ്ങിയ പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങൾ ഈ ഗണത്തിൽ പെടുത്താവുന്നതാണ്.

നമ്മുടെ ശ്രദ്ധ എപ്പോഴും വല്ല വിധേനയും സ്വാധീനിക്കാൻ കഴിയുന്ന വിഷയങ്ങളിലാകണം. നമുക്ക് സ്വാധീനിക്കാൻ കഴിയുന്ന ഇടങ്ങളെ വികസിപ്പിക്കുകയാണ് വേണ്ടത്. സമ്മർദം ചെലുത്താൻ കഴിയുന്ന വിഷയങ്ങളിലും ആളുകളിലും ഗുണാത്മകമായ അനന്തര ഫലങ്ങൾ സൃഷ്ടിക്കലാണ് പ്രധാനം. മാത്രമല്ല, ഇതു മതപരമായ ബാധ്യതയാണുതാനും. നമ്മെ ആശങ്കപ്പെടുത്തുന്ന വിഷയങ്ങളെ തീർത്തും അവഗണിക്കണമെന്നല്ല. പകരം അത്തരം വിഷയങ്ങളിൽ ചെലവഴിക്കുന്ന ചിന്തയ്ക്കും സമയത്തിനും പരിധിയുണ്ടായിരിക്കണം. വർത്തമാന സംഭവവികാസങ്ങളെ കുറിച്ച് ബോധ്യമുണ്ടാവുന്നതും അത്തരം വിഷയങ്ങളുമായി ഇടപെടുന്നവരോട് ബന്ധം സ്ഥാപിക്കുന്നതും നല്ലതുതന്നെയാണ്. പക്ഷേ, നമ്മുടെ വിലപ്പെട്ട സമയത്തെ കവർന്നെടുക്കാൻ അവയെ അനുവദിക്കരുതെന്നു മാത്രം.

നമുക്ക് കാര്യമായൊന്നും ചെയ്യാൻ സാധിക്കാത്ത വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നാൽ നമ്മുടെ സമയവും ഊർജവും വെറുതെ നഷ്ടപ്പെടുത്തുകയാണ് എന്നർഥം. മാത്രമല്ല, ഇത്തരം വിഷയങ്ങളെക്കുറിച്ച് ആലോചിച്ച് നമ്മൾ വിഷണ്ണരായിരിക്കുകയും ചെയ്യും. ഇത് ജീവിതത്തെ ഉൽകണ്ഠയും ദുഃഖവും നിറഞ്ഞതാക്കിത്തീർക്കും. ഒരുപക്ഷേ, സ്രഷ്ടാവിന്റെ വിധിന്യായത്തെ പഴിച്ച് സാമൂഹിക സേവനജീവിതത്തിൽ

നിന്നു പിൻവലിയാൻ വരെ ഇത് ഹേതുവായേക്കും.

## കാലക്രമേണയുള്ള പുരോഗതി

പെട്ടെന്നല്ല, കാലാനുഗതമായാണ് പുരോഗതി സാധ്യമാവുക എന്ന യാഥാർഥ്യം ദഅ്‌വഃ പ്രവർത്തകർ ഉൾക്കൊണ്ടിരിക്കണം. ശ്രദ്ധയോടെയുള്ള തന്ത്രപരമായ ആസൂത്രണം, യുക്തിസഹമായ സമീപനം, സൂക്ഷ്മമായ ആലോചന, നിരന്തരവും നിരതവുമായ അധ്വാനം എന്നിവ പ്രബോധകർ കൈമുതലാക്കണം. അവർ ഒരിക്കലും അനിയന്ത്രിതരോ പരിഭ്രാന്തി പ്രകടിപ്പിക്കുന്നവരോ ധൃതികൂട്ടുന്നവരോ ആയിക്കൂടാ. ഇടയ്ക്കിടെ നിന്നുപോകുന്ന/ തടസ്സപ്പെടുന്ന പ്രവർത്തനരീതിയുമാകരുത്. പ്രവാചകൻ പറഞ്ഞു: "അല്ലാഹുവിന് ഏറ്റവും പ്രിയങ്കരം പതിവായി ചെയ്യുന്ന സത്കർമമാണ്. അവ വളരെ കുറച്ചാണെങ്കിൽ തന്നെയും" (ബുഖാരി: 3: 31).

ഇസ്‌ലാമിക സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിൽ അർപ്പിക്കുന്ന ശ്രമങ്ങളുടെ (അതെത്ര ചെറുതാണെങ്കിൽ തന്നെയും) പ്രാധാന്യത്തെ പ്രവാചകൻ ഊന്നിപ്പറഞ്ഞിട്ടുണ്ട്. തിരുനബി പറഞ്ഞു: "എന്നിൽ നിന്ന് അറിഞ്ഞ കാര്യങ്ങളത്രയും നിങ്ങൾ മറ്റുള്ളവർക്കു കൈമാറുക. അതൊരു വചനം മാത്രമാണെങ്കിൽ പോലും" (ബുഖാരി 34: 61).

## പടിപടിയായി മുന്നേറുക

പദ്ധതികളെ വ്യത്യസ്ത ഘട്ടങ്ങളായി, ഒന്നിനു മേൽ മറ്റൊന്നെന്ന രീതിയിൽ തരം തിരിക്കണം. ലക്ഷ്യങ്ങളത്രയും പൂർത്തീകരിക്കത്തക്ക വിധത്തിൽ പദ്ധതികളെ വർഗീകരിച്ചു വേണം പ്രവർത്തിക്കാൻ. ഇവ്വിധം ഘട്ടംഘട്ടമായുള്ള ലക്ഷ്യസാക്ഷാൽക്കാരങ്ങൾ അന്തിമവിജയം നേടിത്തരുമെന്നത് തീർച്ചയാണ്. പ്രഥമഘട്ട പൂർത്തീകരണം അടുത്ത ഘട്ടത്തിനുള്ള വഴിയും പിന്നീട് ഓരോ ഘട്ടവും അടുത്ത ഘട്ടത്തിനുള്ള അടിത്തറയുമാകുമ്പോൾ പരമലക്ഷ്യം അസാധ്യമാവില്ല. പക്ഷേ, നിലവിലെ പരിതഃസ്ഥിതികളെ മനസ്സിലാക്കി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്ന, യാഥാർഥ്യങ്ങളുമായി ഒത്തുപോകുന്ന കാര്യങ്ങൾ മാത്രമേ ലക്ഷ്യങ്ങളായി നിജപ്പെടുത്താവൂ എന്നുകൂടി ചേർത്തുപറയണം.

## ഭാവിക്കു വേണ്ടിയുള്ള ആസൂത്രണം

വർത്തമാനകാലമെന്നത് കഴിഞ്ഞ കാലത്തിന്റെ സന്തതിയും ഭാവിയുടെ മാതാവുമാണ്. കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്നു പാഠം ഉൾക്കൊണ്ട് വർത്തമാനകാലത്തു കർമോത്സുകതയോടെ സജീവമായി നാളേക്കു വേണ്ടി നല്ല ഒരുക്കങ്ങൾ നടത്തുകയും സ്വപ്നങ്ങൾ താലോലിക്കുകയും ചെയ്യുന്നവനാകണം ഓരോ പ്രവർത്തകനും. അല്ലാഹുവിൽ പൂർണാർഥത്തിൽ വിശ്വാസമർപ്പിച്ച് ചുറ്റുപാടുകളെയും സാഹചര്യങ്ങളെയും തിരുത്തുന്നതിനു കഴിവിന്റെ പരമാവധി യത്നിക്കാൻ പ്രവർത്തകർ സന്നദ്ധ

രായിരിക്കണം.

ദഅ്‌വഃ പ്രവർത്തകർ ദീർഘദൃഷ്ടിയോടെ ആസൂത്രണം ചെയ്തു വേണം വിജയത്തിലേക്കു മുന്നേറാൻ. ആസൂത്രണമില്ലെങ്കിൽ പരാജയത്തിൽ ആപതിച്ചേക്കും. പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്യും. ഭാവിക്കു വേണ്ടി കാത്തുവെക്കുന്നതിനെ ഇസ്‌ലാം ഏറെ പ്രാധാന്യത്തോടെയാണ് കാണുന്നത്. അല്ലാഹുവിന്റെ അതൃപ്തിയെ ഭയന്ന് വിധിന്യായത്തിന്റെ ദിനത്തിനായി ഒരുങ്ങാൻ ഇസ്‌ലാം ആഹ്വാനം ചെയ്യുന്നു. അതുതന്നെയാണല്ലോ നമ്മുടെ അനശ്വര ഭാവിയും.

ഏറ്റവും നല്ല ഫലം ഉറപ്പുവരുത്താൻ ആസൂത്രണങ്ങളിൽ പ്രവാചകന്മാർ കൂടുതൽ ശ്രദ്ധിച്ചതായി കാണാം. ഉദാഹരണമായി, ഈജിപ്തിനെ ദുരിതത്തിലേക്ക് തള്ളുമായിരുന്ന വരൾച്ചയുടെ ഏഴു വർഷങ്ങൾക്കു വേണ്ടി ധാന്യങ്ങൾ സ്വരുക്കൂട്ടാനും വിവേകത്തോടെ ഉപയോഗിക്കാനും നിർദേശം നൽകി ആസൂത്രണത്തോടെ പ്രവർത്തിച്ച് രാജ്യത്തെ രക്ഷിച്ച യൂസുഫ് നബിയുടെ ചരിത്രം സുവിദിതമാണ്. ഭാവിയാസൂത്രണങ്ങൾക്ക് പ്രവാചകൻ മുഹമ്മദ് നബിയും ഏറെ പ്രാധാന്യം കൽപിച്ചിട്ടുണ്ട്. അബിസീനിയയിലേക്കുള്ള അനുചരന്മാരുടെ പലായനം, പ്രവാചകനും അനുയായികളും മദീനയിലേക്കു നടത്തിയ ഹിജ്റ, മദീനയിലെ ജൂതന്മാരുമായി സന്ധിയിലേർപ്പെട്ടു സൗഹൃദവും സമാധാനവും ഉറപ്പുവരുത്തിയത് തുടങ്ങിയവയിൽ പ്രവാചകന്റെ ആസൂത്രണ മികവ് കാണാവുന്നതാണ്. സമാധാനത്തിന്റെ വഴിയിലൂടെ ഇസ്‌ലാമിക വ്യാപനം ഉറപ്പുവരുത്താനും പ്രവാചകൻ ഏറെ ആസൂത്രണം ചെയ്തിരുന്നു. പ്രബോധനത്തിന്റെ ഭാഗമായി നിരവധി ഭരണാധികാരികൾക്കു പ്രവാചകൻ കത്തെഴുതുകയുണ്ടായി. അതിലൂടെ ചർച്ചയുടെ വാതിലുകൾ തുറക്കപ്പെടുകയും ഇസ്‌ലാമിക നാഗരികത രൂപപ്പെടുത്തുന്നതിൽ നിർണായക വഴിത്തിരിവുകൾ ഉണ്ടാവുകയും ചെയ്തു. പ്രവാചകന്റെ ഇത്തരം ആസൂത്രിത നീക്കങ്ങൾ ഭാവി ഇസ്‌ലാമിനു ശോഭനവഴികൾ തുറന്നുനൽകുകയുണ്ടായി.

## ഇസ്‌ലാം വിമർശത്തോട് നയപരമായി പ്രതികരിക്കുക

ചരിത്രത്തിലുടനീളം മുസ്‌ലിം സമൂഹം നിരവധി പ്രശ്നങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കുകയും പലപ്പോഴും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവാചകൻ മുഹമ്മദ് നബിയെയും ഭാര്യമാരെയും അപകീർത്തിപ്പെടുത്തുക, മുസ്‌ലിം കേന്ദ്രങ്ങൾ ആക്രമിക്കുക, പവിത്ര ഇടങ്ങളിൽ കൈയേറ്റം നടത്തുക, ഇസ്‌ലാമിക ഗ്രന്ഥങ്ങളെ പരിഹസിക്കുക എന്നിങ്ങനെ പല രീതികളിൽ ഇസ്‌ലാമിനെതിരായുള്ള ആക്രമണങ്ങൾ നടക്കാറുണ്ട്. വിദ്വേഷം, അജ്ഞത, പ്രശസ്തിക്കു വേണ്ടിയുള്ള ത്വര തുടങ്ങിയ പലവിധ പ്രേരകങ്ങളാണ് ഇതിനു പിന്നിൽ. ഇസ്‌ലാമിനെതിരെയുള്ള ആക്രമണങ്ങൾ പെരുകുമ്പോൾ ആത്മാർഥരായ മുസ്‌ലിം

പ്രവർത്തകരുടെ യത്നങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോവുകയും അനിവാര്യ പ്രവർത്തനമേഖലയിൽ നിന്ന് അവരുടെ ശ്രദ്ധ തിരിയാൻ നിമിത്തമാവുകയും ചെയ്യുന്നു. അതിനാൽ ഇത്തരം ഇസ്‌ലാം വിമർശനത്തിനു പിന്നിലെ ചേതോവികാരം തിരിച്ചറിഞ്ഞ് അവധാനപൂർവം അവയെ അഭിമുഖീകരിക്കാൻ ഇസ്‌ലാമിക പ്രവർത്തകർക്കാകണം. തെറ്റായ ആരോപണങ്ങളെ അഭിമുഖീകരിക്കുമ്പോൾ തികഞ്ഞ ജാഗ്രതയും സൂക്ഷ്മ നിരീക്ഷണവും വേണം. അങ്ങനെയല്ലെങ്കിൽ പ്രവർത്തകരുടെ ശ്രദ്ധ തെറ്റിച്ച് തങ്ങൾ ആസൂത്രിതമായി ഒരുക്കിയ അജണ്ടയിൽ അവരെ തളച്ചിടാൻ സമർഥരായ ഇസ്‌ലാം വിരോധികൾക്കു കഴിയും. അവർ നിരന്തരം ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കും. ജാഗ്രത്തായില്ലെങ്കിൽ ഇസ്‌ലാമിക പ്രവർത്തകരുടെ ഊർജവും സമയവും ശ്രമങ്ങളുമെല്ലാം ഇത്തരം ആരോപണങ്ങൾക്കു മറുപടി പറയുന്നതിൽ മാത്രമായി വിനിയോഗിക്കപ്പെട്ടുകൊണ്ടിരിക്കും.

### കർമനിരതമാവുക

ഇസ്‌ലാം അതിന്റെ അനുയായികളെ കർമനിരതരാവാനും നിർമാണാത്മക സേവനങ്ങളിൽ ഏർപ്പെടാനും നിരന്തരം പ്രചോദിപ്പിക്കുന്നുണ്ട്. നാഗരികത രൂപപ്പെടുത്തുന്നതിനും കർമോത്സുകത അനിവാര്യമാണല്ലോ. ഗുണകരമായ ചർച്ചകളെയും സംവാദങ്ങളെയും ഇസ്‌ലാം പ്രചോദിപ്പിക്കുന്നു. എന്നാൽ, നിഷ്ക്രിയമായിരിക്കുന്നതിനെ, അനാവശ്യ ചർച്ചകളെ ഇസ്‌ലാം തീർത്തും നിരാകരിക്കുകയും ചെയ്യുന്നു. നിർമാണാത്മകമായ വല്ലതും ചെയ്യാനോ ഗുണകരമായ വല്ല ചർച്ചയും നടത്താനോ വേണ്ടിയൊന്നുമല്ലാതെ വെറുതെ സമയം കളയാൻ ചില പ്രവർത്തകർ ഒത്തുകൂടാറുണ്ട്. അപ്പോൾ കേവലമായ ഉപയോഗമില്ലാത്ത പ്രഭാഷണങ്ങൾക്കും കൊച്ചുവർത്തമാനങ്ങൾക്കും സമയം ചെലവഴിച്ച ശേഷം അവർ ദൈവത്തോടുള്ള ബാധ്യത പൂർത്തിയാക്കി എന്ന ധാരണയിൽ വീടുപൂകുന്നു. പലപ്പോഴും ഇത്തരം ചറപറ സംഭാഷണങ്ങൾക്കും അർഥശൂന്യമായ അവകാശവാദങ്ങൾക്കപ്പുറം ഉപകാരപ്രദമായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അവർക്കു കഴിയാതെ പോവുന്നു.

## 5. സഹകരണം

ഏതൊരു സംഘടിത ശ്രമവും വിജയത്തിലെത്തണമെങ്കിൽ പരസ്പര സഹകരണവും കൂടിയേ തീരൂ. പ്രബോധന യത്നങ്ങൾ മുസ്‌ലിം സമുദായത്തിന്റെ പൊതുവായ ഉത്തരവാദിത്വമാണെന്നിരിക്കെ പ്രബോധകർ പരസ്പരവും മറ്റു ഗ്രൂപ്പുകളുമായും സഹകരിക്കുന്ന നിലപാട് ഉണ്ടായിരിക്കണം. എങ്കിൽ വിജയം സുനിശ്ചിതമാണ്. പരമാവധി ഗുണഫലം ഉണ്ടാക്കിയെടുക്കാൻ കഴിയുകയും ചെയ്യും. താഴേത്തട്ടിലുള്ള ദഅ്‌വഃ സംഘങ്ങളും സംഘടനകളും ടീം സ്പിരിറ്റ് ഉണ്ടാക്കിയെടുക്കാനുതകുന്ന

നയങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇസ്‌ലാമിക കാഴ്ചപ്പാടിൽ പരസ്പര സഹകരണം നന്മയിലും മാനവസമൂഹത്തിനു ഗുണകരമായതിലും മാത്രമേ ഉണ്ടാവാൻ പാടുള്ളൂ. നിയമവിരുദ്ധമായ ഒരു കാര്യത്തിലും സഹകരണം പാടില്ല. അല്ലാഹു ഖുർആനിൽ പറഞ്ഞു: "...സൽപ്രവർത്തനങ്ങളിലും തഖ്‌വയിലും നിങ്ങൾ അന്യോന്യം സഹായിക്കുവിൻ. പാപത്തിലും അക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്..." (5: 2).

## പ്രബോധനം പൊതു ഉത്തരവാദിത്വം

മറ്റുള്ളവരെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുക എന്നത് പൊതു ഉത്തരവാദിത്വമാണ്. ഇസ്‌ലാമിക പഠനം നടത്തുന്നവരുടെ മാത്രം ബാധ്യതയല്ല അത് (ഇവർക്കു കുറച്ചുകൂടി ഉത്തരവാദിത്വമുണ്ടെങ്കിൽ തന്നെയും). ഭീരു, ധീരൻ, പിശുക്കൻ, ഉദാരമതി, ഭിന്നശേഷിയുള്ളവർ, അതിബുദ്ധിശാലികൾ തുടങ്ങി എല്ലാവരുടെയും പുരോഗതിയാണ് ഇസ്‌ലാം ലക്ഷ്യമാക്കുന്നത്. പക്ഷേ, പ്രബോധനത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുമ്പോൾ സമൂഹത്തിൽ ഉന്നത ധാർമിക അംഗീകാരവും സ്വീകാര്യതയുമുള്ളവരെ (ഉദാ: ബഹുമതി, ധീരത, ക്ഷമ, ഉറച്ച നിലപാട്, നന്മ, നിസ്വാർഥത തുടങ്ങിയ ഗുണങ്ങൾ ഉള്ളവർ) കൂടുതൽ നോട്ടമിടേണ്ടതാണ്. ഉയർന്ന പ്രതിഭാശേഷിയുള്ളവരെ കണ്ടെത്താൻ കഴിയണം. വിജയകരമായ ദഅ്‌വഃ പ്രവർത്തനങ്ങൾക്കു വഴിതെളിയിക്കാൻ അവർക്ക് എളുപ്പം സാധിക്കും. വ്യക്തിതാൽപര്യത്തേക്കാൾ പൊതുതാൽപര്യത്തിനു പ്രാധാന്യം കൊടുക്കുന്ന, ബാഹ്യപ്രകടനങ്ങൾക്കപ്പുറം ആന്തരിക സവിശേഷതകളുള്ള ഉയർന്ന ശേഷിയുള്ളവർക്കു ദഅ്‌വഃ രംഗത്ത് ഏറെ സേവനങ്ങൾ ചെയ്യാൻ സാധിക്കും. ഏതു പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായാലും തങ്ങളുടെ നൈതികതയ്ക്കനുസരിച്ച് ജീവിക്കാൻ അവർക്കു മനക്കരുത്തുണ്ടാകും. ഏതു വിധത്തിലുള്ള അപകടങ്ങളെയും തൃണവത്ഗണിച്ചു മരിക്കുവോളം തങ്ങളുടെ ആശയങ്ങളെ മുറുകെപ്പിടിക്കുന്ന നിശ്ചയദാർഢ്യം അവർ കൈമുതലാക്കിയിരിക്കും. ഉയർന്ന ധാർമിക ബോധവും ശേഷിയും സ്വീകാര്യതയുമുള്ള ആളുകൾ പ്രബോധനത്തിൽ ഏർപ്പെടുമ്പോൾ പ്രസ്തുത പ്രവർത്തനങ്ങൾ ഏറെ വിജയകരമായിരിക്കും.

## മുസ്‌ലിംകൾ ഒറ്റ സംഘമാണ്

ഇസ്‌ലാമിക ഗ്രൂപ്പുകൾ, പാർട്ടികൾ, ദഅ്‌വഃ സംഘങ്ങൾ എല്ലാം ഒരുപറ്റം മുസ്‌ലിംകളുടെ ഗ്രൂപ്പുകൾ മാത്രമാണ്. മുസ്‌ലിം സമൂഹം എന്ന ഏകതയെ അവ മൊത്തമായി പ്രതിനിധാനം ചെയ്യുന്നില്ല. വ്യത്യസ്ത ഗ്രൂപ്പുകളുടെ പ്രസക്തി, അവ ഉയർത്തിപ്പിടിക്കുന്ന ആശയത്തിലും അവരുടെ നേട്ടങ്ങളെ ആസ്പദിച്ചുമാണ്. ഇത്തരം പല വിഭാഗങ്ങളിൽ ഏതെങ്കിലുമൊരു സംഘം തങ്ങൾ മാത്രമാണ് 'തിരഞ്ഞെടുക്കപ്പെട്ടവർ' എന്നു സമർഥിക്കാൻ ശ്രമിക്കുന്നത് അപകടം ക്ഷണിച്ചുവരുത്തും. പകരം ഇസ്‌ലാമിക

ദഅ്‌വഃ രംഗത്ത് ആശയാടിത്തറയിൽ സന്ധിക്കുന്നവർ പരസ്പരം സഹകരിക്കുന്ന സംസ്കാരമായാണ് വളർന്നുവരേണ്ടത്.

## ഏറ്റവും നല്ലതും ഏറ്റവും മികച്ചതും

സാഹചര്യങ്ങൾക്കും വിദ്യാഭ്യാസ നിലവാരത്തിനും മനസ്സിലാക്കി വെച്ചതിനും അനുസൃതമായി വ്യത്യസ്തങ്ങളായ ദഅ്‌വഃ രീതികളാണ് മുസ്‌ലിംകൾ അവലംബിച്ചുപോരുന്നത്. ഒരാളുടെ അഭിപ്രായമോ കണ്ടെത്തലോ (അതാണ് ഏറ്റവും നല്ലതും ശരിയായതും എന്ന ധാരണയോടെയാണെങ്കിൽ പോലും) മറ്റൊരാളുടെ മേൽ അടിച്ചേൽപിക്കൽ ഒരിക്കലും ഉചിതമല്ല. ഗുണകരമായതിനെ, കണ്ടെത്തിയതിനെ അംഗീകരിക്കലാണ് ഏറ്റവും നല്ലതിനെ കണ്ടെത്തിയില്ലെന്നു പറഞ്ഞ് ആക്ഷേപിക്കുന്നതിലും ഉപകാരപ്രദം. നല്ലതു തിരഞ്ഞെടുത്തു എന്ന കാരണത്താൽ പ്രസ്തുത വ്യക്തിയോട് സഹകരണത്തിലാകുന്നതാണ് നിരന്തര വാഗ്വാദത്തിൽ ഏർപ്പെടുന്നതിലും ഉചിതം.

## സഹപ്രവർത്തകരെന്ന ഗാഢബന്ധം

സ്നേഹസൗഹൃദ വഴിയിൽ ഇസ്‌ലാം മുന്നോട്ടുവെക്കുന്ന അടിസ്ഥാന ആശയമാണ് സാഹോദര്യബന്ധം. പ്രബോധനവഴിയിൽ ഐക്യബോധത്തെ പ്രകാശിപ്പിക്കാൻ ഈ അടിസ്ഥാന തത്വമാണ് ഉയർത്തിക്കാണിക്കപ്പെടേണ്ടത്. സഹപ്രവർത്തകരെന്ന ഗാഢബന്ധം അല്ലാഹുവിന് ഏറെ പ്രിയങ്കരവും വിജയലക്ഷ്യ സാക്ഷാത്കാരത്തിന് എളുപ്പത്തിൽ വഴിതുറക്കുന്നതുമാണ്. അതേസമയം, ഈയൊരു ബന്ധത്തെ അവഗണിക്കുന്നത് അല്ലാഹുവിന്റെ അതൃപ്തിക്കു ഹേതുവാണെന്നു മാത്രമല്ല, അനൈക്യവും വിഭാഗീയതയും ഉടലെടുക്കുകയും ഒറ്റ സമുദായമെന്ന ചിന്തയെ ഇല്ലാതാക്കുകയും ചെയ്യും.

ദഅ്‌വഃ പ്രവർത്തകർ ഇസ്‌ലാം മുന്നോട്ടുവെക്കുന്ന സാഹോദര്യബന്ധം പ്രായോഗിക തലത്തിൽ അനുവർത്തിക്കേണ്ടതാണ്. അതിനു തടസ്സം നിൽക്കുന്ന കാര്യങ്ങൾ ഒഴിവാക്കുകയും വേണം. പരസ്പരം ഊഷ്മള ബന്ധം പുലർത്തിപ്പോരുക വഴി മുസ്‌ലിംകൾക്കിടയിൽ സ്നേഹവും ആത്മബന്ധവും ശക്തിപ്പെടുകയും വിജയം വരിക്കാൻ സഹായകവുമായിത്തീരുകയും ചെയ്യും. ഗാഢബന്ധം ഇല്ലാതെവന്നാൽ അനൈക്യം ഉടലെടുക്കുകയും എളുപ്പം കീഴ്പ്പെടുത്തപ്പെടുന്നവരായി സമുദായം ദുർബലമാവുകയും ചെയ്യും. സാഹോദര്യബന്ധത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിക്കൊണ്ട് ഖുർആൻ ഇങ്ങനെ പറഞ്ഞു: "സത്യവിശ്വാസികൾ സഹോദരന്മാർ തന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ടു സഹോദരന്മാർക്കിടയിൽ യോജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ; നിങ്ങൾ അനുഗ്രഹിക്കപ്പെടാൻ വേണ്ടി" (49:10).

### സംഘബോധം

പ്രബോധകർക്കിടയിൽ സംഘബോധം രൂഢമൂലമാവുകയും കൂട്ടായ ശ്രമങ്ങളിൽ അവർ ഏർപ്പെടുകയും വേണം. ഇതിനു തലമുതിർന്നവരുടെ ശ്രമങ്ങളെയും നേട്ടങ്ങളെയും അഭിനന്ദിക്കുകയും തലമുറകൾക്കിടയിൽ നല്ല രീതിയിൽ ആശയവിനിമയം നടക്കുകയും വേണം. ഇങ്ങനെയാകുമ്പോൾ മുതിർന്നവരുടെ ബുദ്ധിയും അനുഭവപാഠങ്ങളും യുവതയുടെ ആവേശവും ഊർജസ്വലതയും ഒരേസമയം പ്രയോജനപ്പെടുത്താൻ കഴിയും. സംഘബോധം ഉരുത്തിരിയുമ്പോൾ വ്യക്തിതാൽപര്യങ്ങൾ അവഗണിച്ചു പൊതുതാൽപര്യത്തിനൊപ്പം നിൽക്കാൻ ഏതൊരാളും പാകപ്പെടും. പ്രശ്നങ്ങളും ഭിന്നതകളും ഉടലെടുക്കുന്നതിനു മുമ്പേ അവയ്ക്കെതിരെ നിലവാരമുള്ള പ്രതിരോധം തീർക്കാൻ സംഘബോധം സഹായിക്കും. മാത്രവുമല്ല, പ്രശ്നങ്ങൾ ഉയർന്നുവന്നാൽ അവയ്ക്കുള്ള ഏറ്റവും നല്ല പരിഹാരമാർഗം അവലംബിക്കാനും ഇതുവഴി കഴിയും.

## 6. സുതാര്യത, ആത്മവിശകലനം

അല്ലാഹു ഏകനാണെന്നും പ്രവാചകൻ മുഹമ്മദ് നബി അവന്റെ ദൂതനാണെന്നുമുള്ള പ്രഖ്യാപനത്തോടെയാണ് (ശഹാദഃ) ഇസ്‌ലാമിക ജീവിതം പ്രാരംഭം കുറിക്കുന്നത്. സുതാര്യതക്കും തുറന്ന സമീപനങ്ങൾക്കും ഇസ്‌ലാം പ്രാധാന്യം കൽപിക്കുന്നുണ്ട്. പ്രബോധന പ്രവർത്തനങ്ങൾ പൊതുസ്വഭാവമുള്ളതും തുറന്ന സമീപനം പുലർത്തുന്നതുമാകണം. ഇസ്‌ലാമിക പ്രവർത്തനത്തിൽ നിഗൂഢത പുലർത്തുന്നത് ശക്തമായി എതിർക്കപ്പെടേണ്ടതാണ്. സമഗ്രവും പകൽവെളിച്ചം പോലെ വ്യക്തതയുള്ളതുമായ മതമാണ് ഇസ്‌ലാം. അതിന്റെ തത്വങ്ങളും ആശയങ്ങളും നിഗൂഢതയേതുമില്ലാത്ത ഒരു തുറന്ന പുസ്തകമാണ്. തങ്ങൾ ആത്മാഭിമാനം കൊള്ളുന്ന വിശ്വാസത്തെ പൊതുസമൂഹത്തിനു മുമ്പിൽ പ്രഖ്യാപിക്കാൻ താൽപര്യമുള്ളവരാണ് എല്ലാവരും. അതു പ്രഖ്യാപിക്കുക വഴി അവരുടെ വിശ്വാസം കൂടുതൽ കരുത്തുറ്റതാകും. മാത്രവുമല്ല, സുതാര്യവും പ്രചാരം ലഭിച്ചതും യുക്തിഭദ്രവുമായ ആശയങ്ങളോട് പൊതുസമൂഹത്തിന് ഏറെ മതിപ്പുണ്ടാവും. അതേസമയം നിഗൂഢതയുള്ള, നശിച്ചുകൊണ്ടിരിക്കുന്ന, വഴിപിഴച്ചുപോയ ആശയങ്ങളോട് ജനങ്ങൾക്കു വെറുപ്പും പുച്ഛവുമാണുണ്ടാവുക.

കൂടാതെ നിഗൂഢത പുലർത്തുന്നവ സംശയിക്കപ്പെടുകയും അവിശ്വസിക്കപ്പെടുകയും ചെയ്യും. രഹസ്യപ്രവർത്തനത്തിൽ അബദ്ധങ്ങൾ പിണയുന്നത് അതിന്റെ ആളുകൾക്കു തന്നെ ഏറെ ദോഷം ചെയ്യും. അബദ്ധങ്ങൾ മറച്ചുവെക്കാൻ ശ്രമിക്കുന്നത് പ്രസ്തുത അബദ്ധങ്ങളെ ശക്തിപ്പെടുത്തും. ഇരുളിന്റെ മറവിൽ ആർക്കും കാണാനൊക്കാത്തവിധം ചെയ്യുന്ന അബദ്ധങ്ങൾ പൊതുസമൂഹം അറിഞ്ഞുകൊണ്ടു ചെയ്യു

ന്നവയേക്കാൾ വേഗത്തിൽ തിരുത്താൻ പറ്റാത്തവിധം ഭീമാബദ്ധങ്ങളായി വളരും. അതേസമയം, പൊതുസമൂഹത്തിന് എത്തിനോക്കാൻ കഴിയുന്ന അബദ്ധങ്ങളാവുമ്പോൾ ചുറ്റിലുമുള്ളവർ തെറ്റു ബോധ്യപ്പെടുത്തുകയും തിരുത്തിത്തരുകയും ചെയ്യും. എന്നാൽ, സ്വേച്ഛാധിപതികളായ ഭരണകർത്താക്കളുള്ള രാജ്യങ്ങളിൽ അവരുടെ ക്രൂരതകൾ ഭയന്ന് രഹസ്യ സ്വഭാവം പുലർത്തി പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നവരുണ്ടെന്ന സത്യത്തെ വിസ്മരിക്കാനാകില്ല. അത് അവരുടെ സാഹചര്യം അങ്ങനെയായതുകൊണ്ടു മാത്രമാണ്.

## ഉത്തരം പറയേണ്ട ബാധ്യത

എല്ലാ തരത്തിലുമുള്ള കണക്കു ബോധിപ്പിക്കുക എന്നത് ഇസ്‌ലാം മുന്നോട്ടുവെക്കുന്ന അടിസ്ഥാന ആശയങ്ങളിൽ പെട്ടതാണ്. നാഗരിക സമൂഹത്തിന്റെ രീതി കൂടിയാണത്. സംഘടിത ദൗത്യമായ പ്രബോധന യത്നങ്ങളിൽ ഇടയ്ക്കിടെ സ്വയം വിചാരണ നടത്തി തെറ്റുകൾ തിരുത്തുന്ന രീതി നിർബന്ധമായും ഉണ്ടാകേണ്ടതാണ്. കാപട്യമില്ലായ്മ, നിർമാണാത്മകമായ ആത്മവിമർശനം, സുതാര്യത, നിരന്തര മൂല്യനിർണയം, നവീകരണം, തിരുത്തലുകൾ തുടങ്ങിയ ഗുണങ്ങൾ കാത്തുപോരുന്നവരാവണം പ്രബോധകർ. ഇങ്ങനെയാകുമ്പോൾ നമ്മുടെ പ്രവർത്തനങ്ങളുടെ നേട്ടങ്ങളെ തിരിച്ചറിയാനും അവയെ നിലനിർത്താനും വർധിപ്പിക്കാനും കഴിയും. മാത്രമല്ല, ഇടപഴകലുകളിലെ പിഴവുകളേതെന്നു തിരിച്ചറിയാനും ആവർത്തിക്കാതിരിക്കാനും കഴിയും. മനുഷ്യപരിശ്രമങ്ങളത്രയും പിഴക്കാനും ശരിയാവാനും സാധ്യതയുള്ളവയാണ്. എന്നാൽ, ഇടയ്ക്കിടെ ആത്മനിരൂപണം നടത്തുന്നത് തെറ്റുകൾ കുറയ്ക്കാനും നല്ല ഫലങ്ങൾ സൃഷ്ടിക്കാനും ഏറെ സഹായിക്കുന്നതാണ്.

ചില ഇസ്‌ലാമിക പ്രവർത്തകർ തങ്ങളുടെ പരാജയങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഒരുക്കമല്ല. മൂല്യനിർണയവും ആത്മനിരൂപണവും നടത്തുന്നതിന്റെ പ്രാധാന്യത്തെ അവർ അവഗണിച്ചുതള്ളുന്നു. സ്വയം വിശകലനം നടത്തി തെറ്റുകൾ തിരുത്തുന്ന രീതിയില്ലെങ്കിൽ അനീതിയാണ് നടമാടുക. കാരണം, ഗുണാത്മകമായ വ്യതിരിക്തത പുലർത്തി പ്രവർത്തിക്കുന്നവരും പ്രശ്നക്കാരും ഒരേപോലെ ആണെന്നു കരുതരുത്.

ആത്മാർഥത (ഇഖ്‌ലാസ്)യുടെ മാനദണ്ഡങ്ങൾ പാലിച്ചു ലക്ഷ്യാധിഷ്ഠിതമായി ശരിയായ രീതിയിൽ പ്രവർത്തിക്കുന്നവരാവണം പ്രബോധകർ. അവർ അംഗീകരിക്കപ്പെടുമെന്നു മാത്രമല്ല, അവരുടെ അബദ്ധങ്ങൾക്കു സമൂഹം മാപ്പു നൽകുകയും ചെയ്യും.

സുതാര്യതയും കണക്കെടുപ്പും പ്രബോധകരുടെയും അവർ പ്രചരിപ്പിക്കുന്ന സന്ദേശത്തിന്റെയും വിശ്വാസ്യതയെ ഉയർത്തിപ്പിടിക്കുന്നു. മുസ്‌ലിം-മുസ്‌ലിമേതര രാജ്യങ്ങളിൽ, സുതാര്യ സമീപനങ്ങൾക്കൊപ്പം

ആത്മനിരൂപണവും മൂല്യനിർണയവും കൂടിയാകുമ്പോൾ വിശ്വാസ്യത ഏറ്റുവാങ്ങാനും ഇസ്‌ലാമിനെതിരെയുള്ള അക്രമങ്ങൾക്ക് മറുപടിയാകാനും പ്രബോധകർക്കു കഴിയുമെന്നു മാത്രമല്ല, പ്രബോധകർക്കിടയിലും അവർ നേരിട്ട് ഇടപഴകുന്ന പൊതുസമൂഹവുമായുമുള്ള ആത്മബന്ധവും ഊഷ്മള അന്തരീക്ഷവും ഒന്നുകൂടി ശക്തിപ്പെടുത്താനും കഴിയും. പ്രാസ്ഥാനികവും സംഘടിതവുമായ പ്രവർത്തനങ്ങളിലെല്ലാം ഇവ രണ്ടും ഉണ്ടാക്കിത്തരുന്ന നേട്ടങ്ങൾ നിസ്സാരമല്ലെന്നു മാത്രമല്ല, പരാജയങ്ങളും അപൂർണതകളും പരമാവധി ഒഴിവാക്കാൻ ഇവ ഏറെ സഹായിക്കുകയും ചെയ്യും.

## 7. സുസ്ഥാപിതമായ പ്രവർത്തനം

ഏറെ ബൃഹത്തായതാണ് ദഅ്‌വഃ പ്രവർത്തനം. ഇസ്‌ലാമിക സന്ദേശം മുസ്‌ലിംകളല്ലാത്തവർക്ക് എത്തിച്ചുനൽകലും ധാരണപ്പിശകുകൾ തിരുത്തിക്കൊടുക്കലും മുസ്‌ലിംകൾക്കിടയിൽ ശരിയായ രീതിയിൽ മതത്തെ ജീവിപ്പിക്കലും മുസ്‌ലിംകളുടെ ബാധ്യതയാണ്. കുറഞ്ഞ വ്യക്തികൾക്കു മാത്രം ഏറ്റെടുത്തു പൂർത്തീകരിക്കാവുന്നതല്ല ഈ യജ്ഞം. പ്രബോധനമെന്നത് പൊതു ഉത്തരവാദിത്തമാണെന്നിരിക്കെ, സുസ്ഥാപിത രീതിയിൽ സംഘടനാ സ്വഭാവത്തോടെ പ്രസ്തുത ദൗത്യം നിർവഹിക്കുന്നത് പരമാവധി ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സഹായകമായിത്തീരും. പക്ഷേ, തങ്ങളുടെ പ്രവർത്തനങ്ങൾ ഇസ്‌ലാമിക ചട്ടക്കൂടുകൾക്കുള്ളിൽ ഒതുങ്ങിയും ഖുർആനിനും സുന്നത്തിനും അനുസൃതമായിട്ടാണെന്നും ദഅ്‌വഃ സംഘടനകൾ ഉറപ്പുവരുത്തേണ്ടതാണ്.

### ഔദ്യോഗികവും ജനകീയവുമായ പ്രബോധനങ്ങൾ

ഔദ്യോഗിക പ്രബോധനം കൊണ്ടു വിവക്ഷിക്കുന്നത് ഗവൺമെന്റ് സ്ഥാപനങ്ങൾ നടത്തുന്ന ദഅ്‌വഃയാണ്. ജനകീയ ദഅ്‌വഃ ഗവൺമെന്റിതര ഗ്രൂപ്പുകൾ നടത്തുന്നതാണ്. ഈ രണ്ടു ഗ്രൂപ്പുകൾക്കിടയിൽ പലപ്പോഴും വെറുപ്പും വിശ്വാസമില്ലായ്മയും സംശയവും നിലനിൽക്കുന്നുവെന്നത് ഏറെ ഖേദകരമാണ്. പ്രധാനപ്പെട്ട രണ്ടു കാര്യങ്ങൾ എപ്പോഴും ഓർമയിലുണ്ടായിരിക്കണം:

1. ഇരുകൂട്ടരും പൂർണമായും ശരിയാണെന്നോ തീർത്തും തെറ്റാണെന്നോ പറയാവതല്ല. എല്ലാവരിലും നിശ്ചിത തെറ്റും ശരിയും ഉണ്ടാകും.
2. ഈ വിഭാഗങ്ങളുടെ സ്ഥാനമാനങ്ങൾ പലപ്പോഴും മാറിയേക്കാം. ജനകീയ സംഘങ്ങൾ ഔദ്യോഗികവും നേരെ തിരിച്ചും സംഭവിക്കാവുന്നതാണ്.

അപ്പോൾ വേണ്ടത്, പരസ്പരം വിശ്വസിച്ചു മനസ്സിലാക്കി സഹകരിച്ചു മുന്നേറാൻ ആവശ്യമായ ബന്ധം സ്ഥാപിക്കാൻ ആത്മാർഥമായ ശ്രമം ഇരുപക്ഷത്തു നിന്നുമുണ്ടാവുക എന്നതാണ്. കാരണം പ്രബോധനമെന്ന

ത് ഏതെങ്കിലുമൊരു വിഭാഗത്തിന്റെ മാത്രം ബാധ്യതയല്ലല്ലോ.

ഇതു സാധ്യമായാൽ ഇരുവിഭാഗങ്ങൾക്കും ഏറെ നേട്ടമായിരിക്കും. ഇല്ലെങ്കിൽ പ്രശ്നങ്ങളും നാശങ്ങളും മാത്രമായിരിക്കും ഫലം. ഈ പാരസ്പര്യം ലളിതമല്ലെങ്കിലും അസാധ്യമായ കാര്യമൊന്നുമല്ല. പ്രാധാന്യം പരിഗണിക്കുമ്പോൾ അതിനായി കഠിനാധ്വാനം നടത്തേണ്ടതുണ്ട്.

## മറ്റുള്ളവർ അവസാനിപ്പിച്ചിടത്തുനിന്നു തുടങ്ങുക

സ്ഥാപനവൽകൃത പ്രവർത്തനങ്ങൾ വ്യവസ്ഥാപിതവും യുക്തിപൂർവവും ആയിരിക്കുമ്പോഴാണ് ഗുണഫലങ്ങൾ സൃഷ്ടിക്കുന്നത്. മറ്റുള്ളവർ അവസാനിപ്പിച്ചേടത്ത് അവരുടെ അനുഭവങ്ങളുടെ മേൽ ആസ്പദിച്ചു വേണം നമ്മുടെ പ്രവർത്തനങ്ങൾ. മുൻകഴിഞ്ഞവരുടെ അനുഭവങ്ങളെ അവഗണിച്ചു മുമ്പോട്ടുപോകാൻ ഒരു പ്രസ്ഥാനത്തിനോ സ്ഥാപനത്തിനോ സാധ്യമല്ല തന്നെ. മുൻകാല അനുഭവങ്ങൾ തരുന്ന പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളിലൂടെയാകുമ്പോഴാണ് ഏതൊരു പദ്ധതിയും കാര്യക്ഷമമായി പ്രതിഫലനങ്ങൾ സൃഷ്ടിക്കും വിധത്തിൽ നടപ്പാക്കാൻ കഴിയുക. മാത്രവുമല്ല, ഇങ്ങനെയാവുമ്പോൾ സമയ-വിഭവ ലാഭം ഉണ്ടാവുകയും ചെയ്യും. അല്ലാഹുവിന്റെ മതത്തിന്റെ പ്രഥമ സേവകരല്ലെന്നപോലെ അവസാനത്തേതുമല്ല സമകാലിക പ്രബോധകർ. ആയതിനാൽ മുൻഗാമികളെയും അവരുടെ അനുഭവങ്ങളെയും അവഗണിച്ചു മുമ്പോട്ടുപോകാമെന്നു വിചാരിക്കുന്നത് മൗഢ്യമാണ്.

## ഇസ്‌ലാമിക ഗവേഷണ ദഅ്‌വ സ്ഥാപനങ്ങൾ

ഇസ്‌ലാം എക്കാലത്തും എല്ലായിടത്തും പ്രസക്തമാണ്. പുതിയ രീതിയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ അത് നമ്മെ സഹായിക്കുന്നു. അതുകൊണ്ട് ആധുനികമായ വിഷയങ്ങൾ വരുമ്പോൾ അവയെ പഠനവിധേയമാക്കി ഇസ്‌ലാമിക ജ്ഞാന-നിയമമീമാംസകളിൽ ഗവേഷണങ്ങൾ നടത്തി പ്രസക്തമായ പ്രശ്നങ്ങൾക്കു പരിഹാരം നിർദേശിക്കേണ്ടവരാണ് മുസ്‌ലിം പണ്ഡിതരും നിയമവിദഗ്ധരും. ലോകത്തു പലയിടത്തുമുള്ള പ്രസിദ്ധമായ നിരവധി ഇസ്‌ലാമിക ഗവേഷണ കേന്ദ്രങ്ങൾ ദഅ്‌വഃ രംഗത്തു സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിക്കുന്നുണ്ടെന്നു മാത്രമല്ല, കാലികമായി ഉയർന്നുവരുന്ന പലവിധ ചോദ്യങ്ങൾക്കും പ്രസ്തുത കേന്ദ്രങ്ങൾ ഉത്തരം നൽകാറുമുണ്ട്. കർമശാസ്ത്ര അക്കാദമിക വിദഗ്ധർ, നിയമ വിദഗ്ധർ, കൗൺസിലുകൾ, മുസ്‌ലിം ഏകോപന സമിതികൾ തുടങ്ങി നിരവധി സംവിധാനങ്ങൾ ഈ രംഗത്തു സജീവമാണ്.

ഇത്തരം ഗവേഷണകേന്ദ്രങ്ങൾ സ്ഥാപിക്കുന്നത് പരമ പ്രധാനമാണ്. ഇവ പരസ്പരം സഹകരിച്ചുകൊണ്ടാണ് ദൗത്യങ്ങൾ നിർവഹിക്കേണ്ടത്. വ്യത്യസ്ത ശാസ്ത്ര-വൈജ്ഞാനിക ശാഖകളിലെ നിപുണരെ ഉപയോഗപ്പെടുത്തി വേണം ഇത്തരം കേന്ദ്രങ്ങൾ തങ്ങളുടെ ദൗത്യങ്ങളിൽ ഏർപ്പെ

ടാൻ. കർമശാസ്ത്രം, ഭരണവിഷയങ്ങൾ, വിശ്വാസകാര്യങ്ങൾ, നിയമവിഷയങ്ങൾ തുടങ്ങിയവയിൽ മേൽ കേന്ദ്രങ്ങളോടും ദഅ്വഃ പ്രവർത്തകർ വിശദീകരണം ആരായേണ്ടതാണ്.

## പ്രത്യേക വൈദഗ്ധ്യത്തെ ആദരിക്കുക

ഏതൊരു വിഷയത്തിലും തദ്വിഷയകമായി നൈപുണി നേടിയവരുടെ അഭിപ്രായമാണ് ആരായേണ്ടത്. മതവിഷയത്തിലും തഥൈവ. പ്രബോധ നരംഗത്ത് അദ്ഭുതങ്ങൾ സൃഷ്ടിക്കുമാറ് കർമനിരതരായ ചിലർ വൈദ്യശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, സാങ്കേതിക വിദ്യ തുടങ്ങിയവയിലേതിലെങ്കിലും നിപുണരോ മതവിഷയത്തിൽ ഒരു തീരുമാനമോ നിയമമോ പറയാൻ മാത്രം മതജ്ഞാനം നേടിയവരോ ആയിക്കൊള്ളണമെന്നില്ല. എന്നിരുന്നാലും നൈപുണി നേടിയവരുടെ അഭിപ്രായം ആരായുകയും അവരുടെ നിർദേശങ്ങൾ പാലിക്കുകയും ചെയ്യേണ്ടതാണ്. തൊഴിൽ വിഭജനവും വിശേഷ പഠനവും കൊണ്ട് പ്രബോധന പ്രവർത്തനം കൂടുതൽ ഉൽപാദനക്ഷമമാവും.

## ഇസ്ലാമിക സംഘടനകൾക്കിടയിലെ ബന്ധം

ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പരസ്പരം അഭിനന്ദിക്കുകയും നേട്ടങ്ങളിൽ സന്തോഷിക്കുകയും ചെയ്യുംവിധത്തിലുള്ള ഊഷ്മള ബന്ധമാണ് പുലർത്തിപ്പോരേണ്ടത്. ഇതു സാധ്യമല്ലെങ്കിൽ പ്രവർത്തനങ്ങളിൽ പരസ്പരം സഹകരിച്ച്, അല്ലെങ്കിൽ സഹകരിക്കണമെന്ന ലക്ഷ്യത്തോടെ വർത്തിക്കണം. അതിനും പറ്റില്ലെങ്കിൽ പരസ്പരം ബഹുമാനിക്കാനെങ്കിലും തയ്യാറാവണം. ഇല്ലെങ്കിൽ നഷ്ടം ഇരുവർക്കുമായിരിക്കും. ഇതിനൊന്നും കഴിയില്ലെങ്കിൽ ഏറ്റവും കുറഞ്ഞത് പരസ്പരം ഏറ്റുമുട്ടുന്നത് എങ്ങനെയെങ്കിലും ഒഴിവാക്കി അവരുടേതായ അജണ്ടകളുമായി മുന്നോട്ടുപോകാൻ തയ്യാറാകണം.

## കൂടിയാലോചന

ഇസ്‌ലാം പ്രാധാന്യത്തോടെ കാണുന്ന കൂടിയാലോചനാ രീതി അനുവർത്തിക്കേണ്ടവരാണ് മുസ്‌ലിംകൾ. വിമർശനാത്മക ചിന്തയും പുതിയ കണ്ടെത്തലുകളും രൂപപ്പെടുമെന്നു മാത്രമല്ല, തങ്ങളോട് യോജിക്കാനും വിയോജിക്കാനുമുള്ള അവകാശത്തെ ബഹുമാനിക്കാനും കൂടിയാലോചനയ്ക്ക് അവസരമൊരുക്കുക വഴി സാധ്യമാകും. ചിന്തിക്കാനും അഭിപ്രായ പ്രകടനം നടത്താനും ഏതൊരു വ്യക്തിക്കും സ്വാതന്ത്ര്യമുണ്ടെന്നു തിരിച്ചറിയണം. വിശ്വാസ്യത നേടിയ കക്ഷികൾ എടുത്തിരിക്കുന്ന തീരുമാനങ്ങളെ (അവ ഇസ്‌ലാമിക നിയമങ്ങൾ ലംഘിക്കുന്നില്ലെങ്കിൽ) അടുത്തറിയുകയും അവയെ മാനിക്കുകയും ചെയ്യണം.

ഒരു തീരുമാനം ശരിയാവണമെങ്കിൽ പ്രഥമമായി, തീരുമാനമെടുക്കുന്ന

വർ അതിനു യോഗ്യരായ ഉത്തരവാദപ്പെട്ടവരാകണം. തദ്സംബന്ധമായ എല്ലാ വിവരങ്ങളും വസ്തുതകളും ലഭ്യമാക്കണം. തീരുമാനങ്ങൾ എടുക്കാൻ വേണ്ടി നടക്കുന്ന ചർച്ചകൾ സത്യസന്ധവും ലക്ഷ്യാധിഷ്ഠിതവും വിശ്വാസയോഗ്യവുമായിരിക്കണം. കൂടിയാലോചന ഒരു സംഘടിത ശ്രമമാണ്. സഹനത്തോടെയും വ്യത്യസ്ത അഭിപ്രായങ്ങളെ ബഹുമാനിച്ചുമാണത് നടക്കേണ്ടത്. കൂടിയാലോചനക്ക് ഇസ്‌ലാം ഏറെ പ്രാധാന്യം കൽപിക്കുന്നു. പരസ്പരം അഭിപ്രായം ആരായാൻ ആഹ്വാനം ചെയ്തുകൊണ്ട് ഖുർആൻ ഇങ്ങനെ പറഞ്ഞു: "തങ്ങളുടെ നാഥന് ഉത്തരം നൽകുകയും നമസ്കാരം നിർവഹിക്കുകയും തങ്ങളുടെ കാര്യം പരസ്പരം കൂടിയാലോചിച്ച് തീരുമാനിക്കുകയും നാം നൽകിയതിൽ നിന്ന് (അല്ലാഹുവിന്റെ മാർഗത്തിൽ) ചെലവഴിക്കുകയും ചെയ്യുന്നവർക്ക്" (42:38). സമൂഹത്തോട് ഇടപെടുമ്പോൾ കരുണയും സംസാരത്തിൽ മൃദുത്വവും ഉണ്ടാവണമെന്ന് തിരുനബിയോട് നിർദേശിക്കുന്ന വാക്യത്തിൽ അഭിപ്രായം ആരായുന്നതിന്റെ പ്രാധാന്യത്തെ ഖുർആൻ ഊന്നിപ്പറയുന്നതായി കാണാം: "അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ട് മാത്രമാണ് താങ്കൾ അവരോട് സൗമ്യനായി വർത്തിച്ചത്. താങ്കൾ ഹൃദയകാഠിന്യമുള്ളവനും പരുഷസ്വഭാവിയുമായിരുന്നെങ്കിൽ താങ്കളുടെ ചുറ്റുംനിന്ന് അവർ ഒഴിഞ്ഞുപോകുമായിരുന്നു. അതുകൊണ്ട് അവർക്ക് മാപ്പു കൊടുക്കുകയും അവരുടെ പാപമോചനത്തിനായി പ്രാർഥിക്കുകയും കാര്യങ്ങളിൽ അവരുമായി കൂടിയാലോചന നടത്തുകയും ചെയ്യുക" (3:150).

വിദഗ്ധാഭിപ്രായം ആരായുന്ന, കൂടിയാലോചന നടത്തുന്ന സ്വഭാവം പൊതുവായും ഉണ്ടാവണം. സ്ഥാപനവൽകൃത രീതിയിൽ കാര്യങ്ങൾ വിശാലമായി മനസ്സിലാക്കണം. സംഘബോധവും താൽപര്യവും അരക്കിട്ടുറപ്പിക്കാനും ആശയ-ചിന്താ ഐക്യത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്താനും കൂടിയാലോചനകൾ സഹായിക്കും. വിദഗ്ധാഭിപ്രായങ്ങൾക്കും കൂടിയാലോചനകൾക്കും ശേഷം എത്തിച്ചേരുന്ന തീരുമാനങ്ങൾ ശക്തവും ഏറെ കൃത്യവുമായിരിക്കും.

## രണ്ട് അധികാര കേന്ദ്രങ്ങൾ അരുത്

ദഅ്‌വഃ പ്രവർത്തനങ്ങൾക്ക് രണ്ട് അധികാരസ്ഥാനം ഉണ്ടാകാതിരിക്കാനുള്ള എല്ലാവിധ മുൻകരുതലുകളും എടുത്തിരിക്കണം. പലപ്പോഴും പ്രത്യക്ഷവും ഗോപ്യവുമായ രണ്ട് നേതൃത്വങ്ങൾ കാണാം. പ്രത്യക്ഷത്തിൽ അവതരിപ്പിക്കപ്പെടുന്ന നേതാവാണ് ഒന്നാമത്തേത്. (ഇദ്ദേഹത്തിന്റേതു കേവല വ്യാജ നായകത്വമായിരിക്കാം). ഒളിഞ്ഞിരിക്കുന്ന നേതാവാണ് രണ്ടാമത്തേത്. (തിരശ്ശീലക്കു പിന്നിലിരുന്ന് കാര്യങ്ങൾ നിയന്ത്രിക്കുന്ന ഇദ്ദേഹത്തിന്റെ കൈകളിലായിരിക്കും യഥാർഥ കടിഞ്ഞാൺ). ഇവ്വിധം രണ്ട് അധികാര കേന്ദ്രങ്ങൾ ഉണ്ടാകുമ്പോൾ, തിരശ്ശീലക്കു പിന്നിലെ അധി

കാര കേന്ദ്രങ്ങൾ തീരുമാനങ്ങൾ എടുക്കുകയും പ്രത്യക്ഷത്തിലെ നേതൃത്വത്തിനു മേൽ അത് അടിച്ചേൽപിക്കുകയും ചെയ്യും. അല്ലെങ്കിൽ തങ്ങളുടെ ഇംഗിതത്തിനനുസരിച്ച് പ്രവർത്തിക്കാൻ പ്രത്യക്ഷ അധികാരികളെ നിർബന്ധിക്കുന്ന സാഹചര്യം സൃഷ്ടിച്ചുകൊണ്ട് തിരശ്ശീലക്കു പിന്നിലെ അധികാരകേന്ദ്രം ആസൂത്രിതമായി പ്രവർത്തിക്കും. പ്രബോധന സങ്കൽപത്തിന് എതിരാണിത്. തെറ്റായ തീരുമാനങ്ങൾക്ക് അപ്പോൾ നിയമസാധുത ലഭിക്കുന്നു. ഈയൊരു പ്രവണത ഉണ്ടായിക്കൂടാ. കാരണം, ഇതൊരുതരം സ്വേച്ഛാധിപത്യത്തെയാണല്ലോ ആവിഷ്കരിക്കുന്നത്.

രാഷ്ട്രീയ-ഭൗതികരംഗത്തെ സ്വേച്ഛാധിപത്യത്തേക്കാളും മ്ലേച്ഛമാണ് മതവിശ്വാസങ്ങളിലെ സ്വേച്ഛാധിപത്യം. കാരണം, അവരുടെ ചെയ്തികൾക്ക് മതപരമായ മുഖവും മേൽവിലാസവും എളുപ്പം നൽകപ്പെടും. മാത്രവുമല്ല, മറ്റുള്ളവരോട് ധിക്കാരത്തോടെയും പുച്ഛത്തോടെയും പെരുമാറാനുള്ള സാഹചര്യവും രഹസ്യ അധികാരികൾക്കു മുമ്പിൽ സൃഷ്ടിക്കപ്പെടും. ഇത് രണ്ട് അധികാര കേന്ദ്രങ്ങൾക്കുമിടയിൽ ശത്രുത വളർത്തുകയും ഓരോന്നും അപരനെ കീഴ്പ്പെടുത്താൻ വേണ്ട തന്ത്രങ്ങളെക്കുറിച്ച് ആലോചിക്കുകയും ചെയ്യും. ഈ വക കാര്യങ്ങളൊന്നും ദഅ്വഃ പ്രവർത്തകർക്ക് ഒരിക്കലും ഭൂഷണമല്ല.

## സമാധാനപരമായ നേതൃമാറ്റം

പുതിയ നേതാക്കളെ നിയോഗിക്കുന്നതിനും പഴയവരെ തൽസ്ഥാനത്തു നിന്നു നീക്കുന്നതിനും കൃത്യമായ രീതി ദഅ്വഃ പ്രവർത്തകർ ആവിഷ്കരിക്കുകയും നടപ്പിൽ വരുത്തുകയും വേണം. സ്ഥാപനവൽകൃത രീതിയാകുമ്പോൾ വിശേഷിച്ചും. നേതൃമാറ്റം വ്യവസ്ഥാപിതമായിരിക്കണമെന്നു മാത്രമല്ല, അത് സ്നേഹവും സംതൃപ്തിയും നിലനിർത്തിക്കൊണ്ടും ക്രമം പാലിച്ചുകൊണ്ടുമായിരിക്കണം. ഇത് ശത്രുതാമനോഭാവത്തെയും വിഘടനവാദത്തെയും റദ്ദാക്കുമെന്നു മാത്രമല്ല, അടങ്ങിയിരിക്കുന്ന സ്വഭാവം ഇല്ലാതാക്കുകയും നവീകരണങ്ങൾക്കും ആവിഷ്കാരങ്ങൾക്കുമുള്ള അവസരങ്ങൾ തുറക്കുകയും തലമുറകൾക്കിടയിലുള്ള ആശയവിനിമയം സാധ്യമാക്കുകയും ചെയ്യും. കൃത്യമായ കാലക്രമവും മാനദണ്ഡങ്ങളും പാലിച്ചു നേതൃമാറ്റം നടക്കുമ്പോൾ കൂടുതൽ ആളുകൾക്ക് നേതൃപാടവം വികസിപ്പിക്കാനുള്ള അവസരമൊരുങ്ങുന്നുവെന്നു മാത്രമല്ല, അവരുടെ സേവനങ്ങൾ സമൂഹത്തിനു ലഭ്യമാവുകയും ചെയ്യും.

## സാമ്പത്തിക സ്വയംപര്യാപ്തത

സാധ്യമാംവിധം സാമ്പത്തിക സ്വയംപര്യാപ്തത നേടിയിരിക്കണം. കാരണം, സംഭാവനകൾ ഒരിക്കലും സ്ഥിരസ്വഭാവമുള്ള വരുമാനവഴിയല്ല. ഏറ്റവും നല്ല വഴി നിലവിലെ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടും ലഭ്യമായ വിഭവങ്ങളെ ആശ്രയിച്ചും വഖ്ഫ് സ്വത്തുക്കൾ സ്ഥാപിച്ചെടു

ക്കാനുള്ള ശ്രമം നടത്തുക എന്നതാണ്. സാമ്പത്തിക സ്വയംപര്യാപ്തത ഉണ്ടാകുമ്പോള്‍ സംഘടന/ സ്ഥാപനം നിരവധി ലക്ഷ്യങ്ങള്‍ മുന്നില്‍ ക്കണ്ട് പ്രവര്‍ത്തനങ്ങള്‍ കൂടുതല്‍ കാര്യക്ഷമമാക്കും. മാത്രമല്ല, അതിന് സാമ്പത്തിക സഹായം നല്‍കുന്നവരുടെ സ്വാധീനവലയത്തില്‍ നിന്നു പുറത്തുകടക്കാനാവും. സാമ്പത്തിക സ്വയംപര്യാപ്തതയുണ്ടാകുമ്പോള്‍ ദഅ്‌വഃയുടെ യഥാര്‍ഥ ലക്ഷ്യങ്ങളില്‍ ശ്രദ്ധ കേന്ദ്രീകരിച്ചു മുന്നേറാന്‍ പ്രബോധകര്‍ക്കു സാധിക്കും.

ആറ്

# ഉപസംഹാരം

**മാ**നവികതയെ രക്ഷിക്കാൻ ഇസ്‌ലാമിക പ്രവർത്തകരേക്കാളും ശേഷിയുള്ള മറ്റൊരു സംഘവുമില്ല. ആയതിനാൽ, നിങ്ങളുടെ ഇസ്‌ലാമികാശയങ്ങളുടെ ഔന്നത്യത്തിലേക്കുയരുക. അങ്ങിനെ സേവനത്തിലൂടെ മാനവികതയുടെ നേതൃത്വം സ്വീകരിക്കാനുള്ള ശേഷി നാം കൈവരിച്ചിരിക്കണം.

പ്രബോധകന്റെ ഉത്തരവാദിത്വം ഏറെ വലുതാണ്. നമ്മൾ പ്രതിനിധാനം ചെയ്യുന്ന മതം പ്രഘോഷിക്കുന്നത് കാരുണ്യവും നീതിയും സമാധാനവുമാണ്. സമൂഹത്തെ പ്രബോധകർ ക്ഷണിക്കുന്നത് എല്ലാവിധ ബന്ധങ്ങളിൽ നിന്നും കാഠിന്യങ്ങളിൽ നിന്നും മുക്തമായൊരു ജീവിത ശൈലിയിലേക്കാണ്. എല്ലാ വിഭാഗം ജനങ്ങളോടും ആദരവോടെയും ദയയോടെയും മഹത്വത്തോടെയും പെരുമാറണമെന്നാണ് ഇസ്‌ലാം നമ്മോട് കൽപിക്കുന്നത്.

അതുകൊണ്ട്, എന്താണ് താങ്കളുടെ ദൗത്യമെന്ന് ശരിയായി മനസ്സിലാക്കുക. സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നവരാണെന്ന്, വിഘടനമല്ല സാമൂഹിക ഉത്ഥാനമാണ് ലക്ഷ്യമെന്ന്, നിർമാണമാണ് സംഹാരമല്ല തന്റെ വഴിയെന്ന്, വിദ്വേഷ പ്രചാരണമല്ല കാരുണ്യത്തിന്റെ പ്രവാഹമാകലാണ് ജീവിതസാക്ഷാത്കാരമെന്ന് ഓരോ പ്രബോധകനും സ്വയം തിരിച്ചറിയണം. വൈദ്യൻ രോഗികളെ ശുശ്രൂഷിക്കുന്നതുപോലെ, പിതാവ് മക്കളെ സ്നേഹവായ്പോടെ പരിലാളിക്കുന്നതുപോലെ ജനങ്ങളോട് കാരുണ്യത്തോടെയും ക്ഷമയോടെയും സ്നേഹത്തോടെയുമായിരിക്കണം പ്രബോധകർ വർത്തിക്കേണ്ടത്.

ഖുർആനും സുന്നത്തും വരച്ചുകാട്ടുന്ന മേൽശൈലികൾ അനുധാവനം

ചെയ്യുമ്പോൾ ജനതയ്ക്ക്, ചുറ്റുവട്ടങ്ങളിലുള്ളവർക്ക്, മുസ്‌ലിം ഉമ്മഃക്ക് എന്നല്ല, മാനവകുലത്തിനുതന്നെയും നാം ഉപകാരപ്പെട്ടവരാകും. തന്റെ സൃഷ്ടികൾക്ക് ഏറ്റവും ഉപകാരപ്രദമായവരാരോ അവരാണല്ലോ അല്ലാഹുവിന് പ്രിയങ്കരർ. അപ്പോൾ നന്മയിലേക്കും വെളിച്ചത്തിലേക്കും സമാധാനത്തിലേക്കും വഴിനടത്തുന്നവരാണ് പ്രബോധകർ എന്നു മനസ്സിലാക്കി ജനങ്ങൾ അവരോടൊപ്പം സ്വമേധയാ ചേർന്നുനിൽക്കും. ജനസേവകരാണല്ലോ ജനനായകർ.

ശരിയും തെറ്റും സൂക്ഷ്മമായി മനസ്സിലാക്കാനുള്ള ഏറ്റവും നല്ല മാർഗമാണ് തുറന്ന മനസ്സോടെ ആശയസംവാദങ്ങൾ നടത്തുക എന്നത്. അതുകൊണ്ടാണ് ആത്മാർഥമായി ദഅ്‌വഃ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സഹോദരങ്ങൾക്കു മുമ്പിൽ ഈ വിഷയങ്ങൾ അവതരിപ്പിക്കുന്നത്. അവരുടെ അഭിപ്രായങ്ങൾ കൂടി നമുക്ക് ഉപകാരപ്പെടുമല്ലോ.

തങ്ങളുടെ പ്രത്യേക ചുറ്റുപാടുകൾക്ക് യോജിച്ച ശൈലിയും തത്വങ്ങളും ഏതെന്നു തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്താനും അവയ്ക്ക് ആവശ്യമായ നവീകരണം വരുത്താനുമുള്ള അവകാശം ദഅ്‌വാ പ്രവർത്തകർക്കുണ്ട്. വ്യക്തിപരമായും പൊതുവിലും ഉണ്ടായ ചില അനുഭവങ്ങളുടെ വെളിച്ചത്തിൽ രൂപപ്പെട്ട തത്വങ്ങളും ആശയങ്ങളുമാണ് ഈ പുസ്തകത്തിൽ പങ്കുവെച്ചത്. യോജിച്ച സാഹചര്യങ്ങളിലും പരിതഃസ്ഥിതിയിലും അവ ഉപയോഗപ്പെടുത്താൻ അല്ലാഹുവിന്റെ സഹായമുണ്ടായാൽ ഞാൻ ഏറെ കൃതാർഥനായിരിക്കും.

അവസാനമായി പറയാനുള്ളത് ഇതാണ്: ദഅ്‌വയുടെ യഥാർഥ ലക്ഷ്യത്തെക്കുറിച്ച് പ്രബോധകർ എപ്പോഴും ഓർമയുള്ളവരായിരിക്കണം. ഇസ്‌ലാമിക അടിസ്ഥാന തത്വങ്ങൾക്കും ആശയങ്ങൾക്കും മൂല്യങ്ങൾക്കും അനുസൃതമായി കഴിവിന്റെ പരമാവധി അല്ലാഹുവിനും അവന്റെ മതത്തിനും സൃഷ്ടികൾക്കും മുഴുക്കെയും സേവനം ചെയ്യുക എന്നതാണ് അത്. ആത്യന്തികമായി തൗഹീദ് എന്ന ഏകത്വത്തിൽ നിന്നാണ് നമ്മുടെ കരുത്തും ഐക്യവും പിറവികൊള്ളുന്നത്. ആയതിനാൽ അഖീദയിലുള്ള ശരിയായ വിശ്വാസത്തെ പ്രകടിപ്പിക്കുന്നതും ആവിഷ്കരിക്കുന്നതുമായിരിക്കണം നമ്മുടെ മുഴുവൻ പ്രവർത്തനങ്ങളും ശ്രമങ്ങളും.

ശരിയായ മാർഗദർശനം നൽകണമെന്നു സർവശക്തനായ അല്ലാഹുവിനോട് പ്രാർഥിക്കുന്നു. എല്ലാവിധ സഹായങ്ങളും നൽകണമെന്നും അവനു തൃപ്തികരമായ കാര്യങ്ങളെല്ലാം ചെയ്യാൻ സഹായിക്കണമെന്നും അവനു സേവനങ്ങൾ അർപ്പിക്കാനുള്ള അവസരങ്ങൾ തുറന്നുതരാൻ കരുണയുണ്ടാകണമെന്നും പ്രാർഥിക്കുന്നു. നിശ്ചയം, കരുണാവാരിധിയായ നാഥൻ എല്ലാറ്റിനും കഴിവുള്ളവനാണല്ലോ.

ശുഭം.

# ഇസ്‌ലാമിക പ്രബോധനം

## തത്വങ്ങൾ, നൈതികത, രീതിശാസ്ത്രം

## ഹിശാമുത്വാലിബ്

### വിവ: റശീദ്

ഡോ. അഹ്മദ് തൂതുൻജി, ഹിശാമുത്വാലിബ്, ജമാൽ ബർസൻജി, അബ്ദുൽ ഹമീദ് അബൂസുലൈമാൻ തുടങ്ങിയ ബുദ്ധിജീവികളും സംഘാടകരുമാണ് 1970–90 കാലഘട്ടത്തിൽ കണ്ട ഇസ്‌ലാമിക യുവജാഗരണത്തിനു മാർഗദർശനവും പരിശീലനവും നൽകിയവരിൽ പ്രമുഖർ. ഡോ. ഹിശാമുത്വാലിബ് പരിശീലനമേഖലയിലായിരുന്നു കൂടുതൽ ശ്രദ്ധകൊടുത്തിരുന്നത്. 1940ൽ ഇറാഖിലെ മൗസിലിൽ ജനിച്ച ത്വാലിബ് തന്റെ സതീർഥ്യനായ തൂതുൻജിയോടൊപ്പം ഇംഗ്ലണ്ടിലും അമേരിക്കയിലുമാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. എഞ്ചിനീയറിംഗിലാണ് ഡോക്ടറേറ്റ്. തുടർന്ന് പരിശീലനമേഖലയിൽ ശ്രദ്ധയൂന്നുകയും ഇസ്‌ലാമിക് സൊസൈറ്റി ഓഫ് അമേരിക്കയുടെ ആദ്യരൂപമായ മുസ്‌ലിം സ്റ്റുഡന്റ്സ് അസോസിയേഷൻ സ്ഥാപിക്കുകയും ചെയ്തു.

ഇസ്‌ലാമിക പ്രബോധനരംഗത്ത് മുസ്‌ലിംകൾ പാലിക്കേണ്ട മര്യാദകളും രീതികളുമാണ് ഈ കൃതിയിൽ വിശദീകരിക്കുന്നത്. ഹിശാമുത്വാലിബിന്റെ ആദ്യ കൃതിയായ ഇസ്‌ലാമിക പ്രവർത്തകർക്കൊരു പരിശീലനസഹായി മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശിശുപരിപാലനത്തെക്കുറിച്ച ബ്രഹദ്കൃതി ഉടൻ തന്നെ പുറത്തിറങ്ങുന്നു.

₹ 90.00

GENUINE PUBLICATIONS & MEDIA PVT. LTD.
B-35 (LGF), Nizamuddin West, New Delhi-110 013
Phone :+ 91-11-2435 2732, 4182 7475 Fax :+ 91-11-2435 2048
E-mail : info@genuinepublications.com
www.genuinepublications.com